# പതിനഞ്ചാം കേരള നിയമസഭ

# ഏഴാം സമ്മേളനം

2022 ഡിസംബർ 8, വ്യാഴം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--466]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി | : 1276 മുതൽ 1439 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 1440 മുതൽ 1577 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 1578 മുതൽ 1683 വരെ |
| മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി | : 1684 മുതൽ 1741 വരെ |

**<u>അക്രെഡിറ്റഡ് ഏജൻസികൾ</u>**

1276 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏറ്റവും കൂടുതൽ പൊതുമരാമത്ത് ജോലികൾ ഏൽപ്പിച്ചു നൽകിയിട്ടുള്ള രണ്ട് അക്രെഡിറ്റഡ് ഏജൻസികൾ ഏതാണ്; എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നാളിതുവരെ പ്രസ്തുത ഏജൻസികൾക്ക് ഏൽപ്പിച്ചു നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിൽ ടെൻഡർ നടപടിക്രമം ഒഴിവാക്കി നൽകിയിട്ടുള്ള പ്രവൃത്തികൾ എത്ര കോടി രൂപയുടെതാണ് എന്ന് വ്യക്തമാക്കുമോ?

**<u>വർക്കല മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികൾ</u>**

1277 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് പുരോഗമിച്ച് വരുന്നത് ; അവയുടെ ഇപ്പോഴത്തെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ ടെണ്ടർ നടപടികൾ സംബന്ധിച്ച പുരോഗതിയും വിശദമാക്കുമോ?

**<u>പൊതുമരാമത്ത് വകുപ്പിന്റെ പുതിയ സെക്ഷൻ ഓഫീസ്</u>**

1278 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ വേങ്ങര കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ?

## <u>ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിട നിർമ്മാണം</u>

1279 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ ഗവൺമെന്റ് പോളിടെക്നിക്ക് കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

## <u>പി.ഡബ്ല്യു.ഡി. വകുപ്പ് പ്രവൃത്തികൾ</u>

1280 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി.വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തികളിൽ കോൺട്രാക്ടർമാർ ടെൻഡർ നടപടികളിൽ പങ്കെടുക്കുവാൻ തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.ഡബ്ല്യു.ഡി. വകുപ്പിന്റെ എത്ര പ്രവൃത്തികൾക്കാണ് ടെൻഡർ നടപടികളിൽ മതിയായ പ്രാതിനിധ്യം ഇല്ലാത്തതിനാൽ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കേണ്ടി വന്നിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## <u>വേങ്ങര മണ്ഡലത്തിലെ ഫയർ സ്റ്റേഷൻ</u>

1281 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങര മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കൊളപ്പുറം - തിരുരങ്ങാടി റോഡിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള 40 സെന്റ് സ്ഥലം ഫയർ ഫോഴ്സ് വകുപ്പിന് വിട്ടു നൽകുന്നതിനോ എൻ.ഒ.സി. നൽകുന്നതിനോ വേണ്ടി സ്കെച്ചും അനുബന്ധ രേഖകളും ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാലതാമസം കൂടാതെ പ്രസ്തുത സ്ഥലം വിട്ടു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>

1282 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി 2016 മുതൽ അനുവദിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; വിശദാംശം നൽകാമോ?

**ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം**

1283 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര ഗവ. യു.പി.എസ്., തൃക്കുന്നപ്പുഴ ഗവ. എൽ.പി.എസ്., തൃക്കുന്നപ്പുഴ ആത്മവിദ്യാലയം സ്കൂൾ, ആയാപറമ്പ് എച്ച്എസ്എസ് എന്നിവയിലെ നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിർവ്വഹണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ചിറയിൻകീഴ് മണ്ഡലത്തിലെ പ്രവൃത്തികൾക്ക് നബാർഡ് ധനസഹായം**

1284 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിൽ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനു നബാർഡ് ധനസഹായം ലഭ്യമാക്കുന്നതിനായി സമർപ്പിച്ച പുതിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ധനസഹായം ലഭ്യമാക്കിയ പ്രവൃത്തികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

**ചാരുമ്മൂട് സിവിൽ സ്റ്റേഷൻ**

1285 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബജറ്റിൽ ചാരുമ്മൂട് സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ (ക്രമ നമ്പർ 1059 പേജ് 62); വിവരം നൽകുമോ ;

(ബി) പ്രസ്തുത നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**കൊല്ലം മണ്ഡലത്തിൽ വർക്കിംഗ് വിമൺസ് ഹോസ്റ്റൽ**

1286 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ ആശ്രാമത്ത് നിർമ്മിച്ചിട്ടുള്ള വർക്കിംഗ് വിമൺസ് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; നിർമ്മാണം പൂർത്തീകരിച്ചിട്ടും ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത ഹോസ്റ്റലിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പത്തോളജി ലാബ് നിർമ്മാണം</u>**

1287 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് പത്തോളജി ലാബ് നിർമ്മിക്കുന്നതിനായി GO Rt No. 4064/2013/H&FWD Dated: 6/12/2013 പ്രകാരം ആരോഗ്യ വകപ്പ് 150 ലക്ഷം രൂപ പി .ഡബ്ല്യു .ഡി ബിൽഡിംഗ് വിഭാഗത്തിന അഡ്വാൻസ് നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ; എങ്കിൽ അഡ്വാൻസ് ഏത വർഷത്തിൽ ആണ് നൽകിയതെന്ന് വിശദമാക്കുമോ?

**<u>ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

1288 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്; ഓരോന്നിന്റേയും നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതും എന്നാൽ ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണം</u>**

1289 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് , ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് പറയാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) കിഫ്ബി അംഗീകാരത്തിന് സമർപ്പിച്ച കാഞ്ഞങ്ങാട് ഫ്ളൈ ഓവർ, പടന്നക്കാട് മേൽപ്പാലം,വെള്ളരിക്കുണ്ട് റോഡ്, മേക്കാട്ട്-എരിക്കുളം റോഡ് എന്നിവക്ക് ധനകാര്യ അംഗീകാരം നൽകിയോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ എപ്പോൾ ധനകാര്യ അംഗീകാരം നൽകുമെന്ന് പറയാമോ ?

## കഴക്കൂട്ടം മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

1290 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കഴക്കൂട്ടം മണ്ഡലത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) നബാർഡ് ഫണ്ട് ഉപയോഗിച്ച് ഉത്തരവായതും പൂർത്തീകരിച്ചതുമായ ഗ്രാമീണ റോഡുകളുടെ പട്ടിക ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാനിൽ അവശേഷിക്കുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിന് ശ്രമിക്കുമോ; വിശദമാക്കുമോ;

(ഡി) തിരുവനന്തപുരം നഗര പരിധിയിലെ പ്രധാന റോഡുകൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി ആലോചനയിലുണ്ടോ എന്ന് വിശദമാക്കുമോ;

(ഇ) റോഡുകൾ ബി.എം.& ബി.സി നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന് അനുബന്ധമായി കുടിവെള്ള വിതരണ ലൈനുകൾ റോഡിനിരുവശത്തുമായി സ്ഥാപിക്കുന്നതിന് കൂടി പരിഗണന നൽകുമോ എന്ന് വിശദമാക്കുമോ;

(എഫ്) സി.എം.ഡി.ആർ.എഫ്. ഉപയോഗിച്ച് നടത്തുന്ന റോഡ് നവീകരണം പൊതുമരാമത്ത് വകുപ്പ് വഴി നിർവ്വഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ;

(ജി) ദേശീയ ഗെയിംസിനോട് അനുബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് നവീകരിച്ച നഗരസഭ റോഡുകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ; സാധനങ്ങളുടെ വിലയിലുണ്ടായ അമിത വർദ്ധനവ് നിമിത്തം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും, മുടങ്ങിക്കിടക്കുന്നതുമായ കരാറുകൾക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

## കെ. കേളപ്പൻ സ്മാരക നിർമ്മാണം

1291 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗാന്ധി കെ. കേളപ്പന് സ്മാരകം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

## പ്രതിമ നിർമ്മാണം

1292 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്ന ജോസഫ് കനകമൊട്ടയ്ക്കുള്ള ആദരമായി ഹൊസ്ദുർഗ്-പാണത്തൂർ റോഡിൽ പതിനെട്ടാം

മൈയിലിൽ പൊതുമരാമത്ത് പുറമ്പോക്ക് ഭൂമിയിൽ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രതിമ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ?

## കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട നിർമ്മാണ പ്രവൃത്തികൾ

1293 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ നടക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയെന്നും അതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കുമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

1294 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

## ഷൊർണ്ണൂർ മണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾ

1295 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തോ ഈ സർക്കാരിന്റെ കാലത്തോ ഭരണാനുമതി ലഭിച്ചതും എന്നാൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ എതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പാക്കേണ്ട പൊതുമരാമത്ത് പ്രവൃത്തികൾ എതൊക്കെയാണെന്ന് വിശദമാക്കുമോ?

## പാറശ്ശാല മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1296 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള വഴി നടപ്പിലാക്കുന്ന കരമന-വെള്ളറട റോഡിന്റെ പൂർത്തീകരണത്തിനുള്ള സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതി പൂർത്തീകരിയ്ക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ ;ആയതിന്റെ നിലവിലെ സ്ഥിതിയും തുടർനടപടിയും വിശദമാക്കുമോ;

(ബി) പാറശ്ശാല മണ്ഡലത്തിൽ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തതും പൂർത്തിയാക്കാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ; മേൽപ്പറഞ്ഞ

ഓരോ പ്രവൃത്തിയും നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് ബിൽഡിംഗ്സ് വിഭാഗത്തിന് കീഴിൽ എത്ര കെട്ടിടങ്ങളും അനുബന്ധ റോഡുകളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന് കീഴിൽ എത്ര പാലങ്ങളും അനുബന്ധ റോഡുകളും ഉണ്ടെന്ന് വ്യക്തമാക്കുമോ?

**<u>നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താൻ കോഴിക്കോട് നിന്ന് നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ</u>**

1297 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഏതെല്ലാം പദ്ധതികളാണ് കോഴിക്കോട് ജില്ലയിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

**<u>കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് സബ്ഡിവിഷനുകൾ</u>**

1298 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം താലൂക്കിൽ പൊതുമരാമത്ത് റോഡ്സ്, കെട്ടിട വിഭാഗങ്ങളുടെ സബ്ഡിവിഷനുകൾ ആരംഭിക്കുന്നതിന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>പിണർമുണ്ട ജംഗ്ഷനിലെ സംരക്ഷണഭിത്തി നിർമ്മാണം</u>**

1299 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മനയ്ക്കക്കടവ്-ബ്രഹ്മപുരം റോഡിൽ പിണർമുണ്ട ജംഗ്ഷനിൽ റോഡിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞതിനാൽ റോഡ് തകരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം (ഫയൽ നമ്പർ ജി2/322/2022-പി.ഡബ്ല്യു.ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നിൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>പൊന്നറ ശ്രീധർ സ്മാരക ടൗൺ ഹാൾ നിർമ്മാണം</u>**

1300 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ പൊന്നറ ശ്രീധർ സ്മാരക ടൗൺ ഹാൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയ്ക്ക് വേണ്ടി സ്വീകരിച്ച നടപടികൾ എന്തായെന്ന്

വിശദമാക്കുമോ;

(ബി) ഠൗൺ ഹാൾ നിർമ്മിക്കുന്നതിനുള്ള തുടർനടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## പാലാ മിനി സിവിൽ സ്റ്റേഷൻ പൂർത്തീകരണം

1301 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ മിനി സിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മിനി സിവിൽ സ്റ്റേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ

1302 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത തീയതി, അനുവദിച്ച തുക , ഇപ്പോഴത്തെ അവസ്ഥ ഇവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല തിരിച്ച് അറിയിക്കുമോ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷം ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ഉടൻ നൽകേണ്ട ശോചനീയാവസ്ഥയിലുള്ള എത്ര റോഡുകൾ ഉണ്ടെന്ന് അവയുടെ പേര് വിവരം സഹിതം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## പി.ഡബ്ല്യൂ.ഡി. -4 ആപ്പിന്റെ നിർമ്മാണം

1303 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'PWD-4 U' ആപ്പിന്റെ നിർമ്മാണ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ആപ്പിന്റെ നിർമ്മാണത്തിനായുള്ള കരാർ കമ്പനിയെ ടെൻഡർ നടപടികളിലൂടെയാണോ തെരെഞ്ഞെടുത്തത് എന്ന് വ്യക്തമാക്കാമോ; അല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ആണെങ്കിൽ ടെൻഡറിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശവും അവ ക്വോട്ട് ചെയ്ത തുക എത്രയാണെന്ന വിവരവും ലഭ്യമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

1304 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെ ഊരാളുങ്കൽ സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ എത്ര പദ്ധതികൾ നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും ഇതിൽ ടെൻഡർ നടപടികൾ പാലിക്കാതെ നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും വ്യക്തമാക്കാമോ ?

## പനയപ്പിള്ളി ഗവ: ഹൈസ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണം

1305 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പനയപ്പിള്ളി ഗവ: ഹൈസ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി, എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് (കെട്ടിട വിഭാഗം) കത്ത് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

## കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക വിതരണം ചെയ്യാൻ നടപടി

1306 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക ഇനത്തിൽ എത്ര തുക വിതരണം ചെയ്യുവാനുണ്ടെന്നത്, പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം കോൺട്രാക്ടർമാർക്ക് തുക മാറി നൽകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; ഇത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾ

1307 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഏറ്റെടുത്ത് നടത്തുന്ന ഓരോ പ്രവൃത്തികളുടേയും നിലവിലുള്ള പുരോഗതി വിശദമാക്കുമോ?

## കുറ്റ്യാടി ടൗൺ നവീകരണം, കക്കട്ടിൽ ടൗൺ നവീകരണം

1308 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി, കക്കട്ടിൽ എന്നീ ടൗണുകളുടെ നവീകരണ പ്രവൃത്തികളുടെ കരാറിലേർപ്പെട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ പ്രവൃത്തികൾ പാതിവഴിയിൽ ഉപേക്ഷിക്കുന്ന കരാറുകാർ വീണ്ടും പുതിയ പ്രവൃത്തികളുടെ ടെണ്ടറിൽ പങ്കെടുക്കുന്ന സഹചര്യം ഒഴിവാക്കാൻ സാധിക്കുമോ; വിശദമാക്കുമോ;

(സി) സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തിയാക്കുന്ന കരാറുകാരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) കാവിൽ തീക്കുനി കുറ്റ്യാടി റോഡ് പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടി</u>**

1309 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>കോഴിക്കോട് ജില്ലയിലെ വടക്കുമ്പാട് വഞ്ചിപ്പാറ റോഡ് നിർമ്മാണം</u>**

1310 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വടക്കുമ്പാട് വഞ്ചിപ്പാറ റോഡ് നിർമ്മാണ പ്രവൃത്തി കരാറുകാരന്റെ അനാസ്ഥ കാരണം മുടങ്ങിക്കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് നിർമ്മാണ പ്രവൃത്തി ബോധപൂർവ്വം തടസ്സപ്പെടുത്തുന്ന കരാറുകാരുടെ പേരിൽ എന്ത് നടപടിയാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഒന്നിലധികം തവണ ടെൻഡർ ചെയ്തിട്ടും പ്രവൃത്തി നടത്താൻ കഴിയാത്ത വടക്കുമ്പാട് വഞ്ചിപ്പാറ റോഡിന്റെ പ്രവൃത്തി ഏതെങ്കിലും അക്രഡിറ്റഡ് ഏജൻസിക്ക് നൽകി പൂർത്തിയാക്കാൻ നടപടി കൈക്കൊള്ളുമോ?

**<u>എടപ്പറമ്പ-കോളിച്ചാൽ ഹിൽ ഹൈവേ</u>**

1311 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എടപ്പറമ്പ-കോളിച്ചാൽ ഹിൽ ഹൈവേ റീച്ചിൽ എത്ര പാലങ്ങൾ നിർമ്മിക്കാനുണ്ട് ; വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

**<u>തീരദേശമേഖലയിലെ മാടക്കാൽ, പടന്നക്കടപ്പുറം റോഡ് പാലങ്ങളുടെ നിർമ്മാണം</u>**

1312 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-

വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമേഖലയിൽ മാടക്കാൽ, പടന്നക്കടപ്പുറം എന്നീ റോഡ് പാലങ്ങൾക്ക് കിഫ്ബി വഴി അനുമതി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും കേരള റോഡ് ഫണ്ട് ബോർഡ് വഴി ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## മങ്കട നിയോജകമണ്ഡലത്തിലെ തകർന്ന റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നടപടി

1313 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ വളാഞ്ചേരി-അങ്ങാടിപ്പുറം-വണ്ടൂർ-വടപുരം റോഡ് തകർന്നതു മൂലം ഇത് വഴിയുള്ള യാത്ര വളരെ ദുഷ്കരമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ ;

(ബി) പ്രസ്തുത റോഡ് അവസാനമായി എന്നാണ് ബി.എം.& ബി.സി. ചെയ്തതെന്ന് അറിയിക്കുമോ; നിലവിൽ ഇത് ഗതാഗതയോഗ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി പൂർണ്ണമായും നടപ്പിലാക്കുന്നതിന് എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; തയ്യാറാക്കിയ എസ്റ്റിമേറ്റ് ഇപ്പോൾ ആരുടെ പരിഗണനയിലാണ് വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിലവിലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും മണ്ഡലത്തിൽ മുൻഗണനാക്രമത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതുമായ ഈ പ്രവൃത്തിയ്ക്ക് ആവശ്യമായ തുക അനുവദിച്ച് ഇത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

## ആലത്തൂർ മണ്ഡലത്തിൽ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയ റോഡുകൾ

1314 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ബി.എം. ആന്റ് ബി.സി. നിലവാരത്തിൽ പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പരിപാലന കാലാവധി എന്ന് വരെയാണ് നിർമ്മാണ കമ്പനികൾക്ക് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## കമ്പംമെട്ട്-വണ്ണപ്പുറം റോഡ്

1315 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കമ്പംമെട്ട്-വണ്ണപ്പുറം റോഡിന്റെ ആദ്യ റീച്ച് ടെൻഡർ കഴിഞ്ഞ് 10 മാസത്തോളം പിന്നിട്ടിട്ടും നിർമ്മാണം നടത്താൻ കഴിയാത്ത

സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ്; വിശദാംശം നൽകുമോ;

(സി) നിലവിൽ പ്രസ്തുത ഭാഗം തകർന്ന് കിടക്കുന്നതിനാൽ അടിയന്തരമായി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

**<u>കണ്ണൂർ പയ്യാമ്പലത്ത് നടപ്പിലാക്കുന്ന ബീച്ച് വാക്‌വേ - ഘട്ടം II ന്റെ നിലവിലെ സ്ഥിതി</u>**

1316 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലത്ത് നടപ്പിലാക്കുന്ന ബീച്ച് വാക്‌വേ-ഘട്ടം II എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

**<u>മൂടിയില്ലാത്ത കാനകൾ മൂടാൻ നടപടി</u>**

1317 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളോട് ചേർന്നുള്ള കാനകളിൽ നിർബന്ധമായും മൂടി വേണമെന്നത് കാൽനടക്കാരുടെ അവകാശമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മൂടിയില്ലാത്ത കാനകളും പൊട്ടിത്തകർന്ന മൂടികളും അപകടങ്ങൾ വരുത്തി വെയ്ക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; അറിയിക്കുമോ;

(സി) പൊതുനിരത്തുകൾ അപകടരഹിതവും ജനസൗഹൃദവുമായി മാറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>അപ്രോച്ച് റോഡ് ടു പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ പ്രവൃത്തി</u>**

1318 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ അപ്രോച്ച് റോഡ് ടു പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പുതുക്കിയ ഭരണാനുമതിക്കായി എസ്റ്റിമേറ്റ് എപ്പോഴാണ് സമർപ്പിച്ചതെന്ന് അറിയിക്കാമോ;

(സി) ആദ്യം ഭരണാനുമതി നൽകിയ അതേ തുകയ്ക്ക് തന്നെ പുതുക്കിയ

ഭരണാനുമതിക്കായി ആവശ്യപ്പെട്ടിട്ടും പുതുക്കിയ ഭരണാനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് അടിയന്തരമായി ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## തരൂർ മണ്ഡലം കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡ് നിർമ്മാണം

1319 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാരപ്പൊറ്റ-പുളിക്കപ്പറമ്പ് റോഡ് നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം നൽകുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നത് ത്വരിതപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഒരോടംപാലം-മാനത്ത് മംഗലം ബൈപ്പാസ് നിർമ്മാണം

1320 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഒരോടംപാലം-മാനത്ത്മംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) സതേൺ റെയിൽവേയിൽ നിന്ന് ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് (ജി.എ.ഡി) ലഭിയ്ക്കുന്നതിന് വേണ്ടി പി. ആന്റ് ഇ. ചാർജ്ജ് ഒടുക്കിയശേഷം റയിൽവേയിൽ നിന്നും ജി.എ.ഡി. ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജി.എ.ഡി ലഭിയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പദ്ധതി സമയപരിധി നിശ്ചയിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പുലാമന്തോൾ-മേലാറ്റൂർ റോഡ് നവീകരണം

1321 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ പുലാമന്തോൾ-മേലാറ്റൂർ റോഡ് (പട്ടാമ്പി റോഡ്) നവീകരണ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതിനു കരാറിൽ പറയുന്ന കാലാവധി എത്രയാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിലെ റോഡ് വികസനം

1322 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയത്താംപൊയിൽ കോയിപ്ര - ചെക്കിത്തോട് റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ റോഡ് നിർമ്മാണം

1323 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഔട്ട്പുട്ട് ആൻഡ് പെർഫോമൻസ് ബേസ്ഡ് റോഡ് കോൺട്രാക്ടിൽ ഏതൊക്കെ റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; അറിയിക്കാമോ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദാംശം അറിയിക്കാമോ;

(സി) പുതുക്കിയ ഭരണാനുമതി നൽകി മാസങ്ങൾ കഴിഞ്ഞിട്ടും കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്ട് പ്രസ്തുത റോഡുകൾ ഇതുവരെ ടെൻണ്ടർ ചെയ്യാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പ്രവൃത്തികൾ എന്ന് ടെൻണ്ടർ ചെയ്യാനാവും എന്ന് അറിയിക്കാമോ?

## പൊതുമരാമത്ത് റോഡുകളിലെ തുടർപരിപാലന കരാറുകൾ

1324 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിലെ തുടർപരിപാലന കരാറുകൾ പരിശോധിക്കാൻ നിലവിൽ സംവിധാനമുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത പരിശോധനകൾക്കായി സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നാളിതുവരെ എത്ര റോഡുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്; ക്രമക്കേട് നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

## മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ നിർമ്മാണം

1325 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡിന്റെ നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ വിശദാംശം ലഭ്യമാക്കുമോ?

## കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം

1326 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം സംബന്ധിച്ച് പുതുക്കിയ ഭരണാനുമതിയ്ക്കായി സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട യൂട്ടിലിറ്റി ഷിഫ്റ്റിംഗ് മാറ്റുന്നതിനായി സമർപ്പിച്ച ഒരു കോടി 93 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിലുള്ള പി.ഡബ്ല്യൂ.ഡി.–ജി3/91/2022-പി.ഡബ്ല്യൂ.ഡി. നമ്പർ ഫയലിൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് അടിയന്തരമായി പൂർത്തികരിച്ച് ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പുത്തൂർ-ചെനക്കൽ ബൈപ്പാസ് നിർമ്മാണം

1327 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് (മൂന്നാം ഘട്ടം) റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ മൂന്നാം ഘട്ടത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ സമയപരിധി അവസാനിക്കാറായി എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയപരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നഷ്ടപരിഹാര തുക ഉൾപ്പെടെ റോഡിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് ആവശ്യമായി വരുന്ന പുതുക്കിയ ഭരണാനുമതിയ്ക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ചങ്കുവെട്ടി ജംഗ്ഷൻ നവീകരണം

1328 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ചങ്കുവെട്ടി ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഗതാഗതകുരുക്കുള്ള ജംഗ്ഷനുകൾ നവീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്കുവെട്ടി ജംഗ്ഷനെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## ആലുവ-മൂന്നാർ റോഡ് (രാജപാത) പുനർ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കൽ

1329 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴയ ആലുവ-മൂന്നാർ റോഡ് (രാജപാത) പുനർ നിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ആവശ്യത്തിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ എത്ര കിലോമീറ്റർ ദൂരമാണ് വകുപ്പിന്റെ കീഴിലുള്ളത്;

(സി) വനം വകുപ്പിന്റെ അധീനതയിൽ എത്ര കിലോമീറ്റർ ദൂരമാണുള്ളത്; ഇത് പൊതുമരാമത്ത് വകുപ്പിന് റോഡ് നിർമ്മാണത്തിനായി വിട്ടുകിട്ടുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഭാഗത്ത് ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വനംവകുപ്പിന്റെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ടോ; പ്രസ്തുത എൻ.ഒ.സി. ലഭ്യമാകുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) 1924-ലെ വെള്ളപ്പൊക്കത്തിൽ സഞ്ചാരയോഗ്യമല്ലാതായി തീർന്ന പ്രസ്തുത റോഡ് നാളിതുവരെ പുനർ നിർമ്മിക്കാത്ത സാഹചര്യത്തിൽ വനം വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമാക്കി അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പാലോട്ട്പള്ളി-പരിയാരം-വെമ്പടി-കോളാരി-നെടിയാഞ്ഞിരം റോഡ് നിർമ്മാണം

1330 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംസ്ഥാന ബജറ്റിൽ ഫണ്ട് അനുവദിച്ച മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പാലോട്ട്പള്ളി-പരിയാരം-വെമ്പടി-കോളാരി-നെടിയാഞ്ഞിരം റോഡിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഡി.പി.ആർ. ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കാനുള്ള തടസ്സം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

## ജലജീവൻ പദ്ധതി മൂലം തകരാറിലാവുന്ന റോഡുകൾ നന്നാക്കാൻ നടപടി

1331 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ പദ്ധതി പ്രാവർത്തികമാകുമ്പോൾ തകരാറിലാവുന്ന പി.ഡബ്ള്യൂ.ഡി. റോഡുകൾ നന്നാക്കുന്നതിന് ജലവിഭവ വകുപ്പിന്റെയും പൊതുമരാമത്തു വകുപ്പിന്റെയും യോജിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഇരു വകുപ്പുകളെയും യോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പൊതുനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## മലയോര ഹൈവേ

1332 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് മലയോര ഹൈവേ കടന്നുപോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മലയോര ഹൈവേ പ്രസ്തുത മണ്ഡലത്തിൽ എവിടെ നിന്നും ആരംഭിച്ച് എവിടെ അവസാനിക്കുന്നുവെന്ന് അറിയിക്കുമോ;

(സി) കോതമംഗലം മണ്ഡലത്തിലെ മലയോര ഹൈവേയുടെ നിർമ്മാണത്തിൽ 12 മീറ്റർ വീതി ലഭിക്കാത്തത് മൂലം മുന്നോട്ട്കൊണ്ടുപോകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 12 മീറ്റർ വീതി ലഭിക്കാത്ത സാഹചര്യത്തിൽ റോഡ് നിലവിലുള്ള വീതിയിൽ തന്നെ റീ-ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## മുട്ടുങ്കൽ പക്രന്തലം റോഡ് നിർമ്മാണം

1333 **ശ്രീമതി കെ.കെ.രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലൂടെ കടന്നുപോകുന്ന മുട്ടുങ്കൽ പക്രന്തലം റോഡിന്റെ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും ഉദ്ഘാടനം നിർവ്വഹിച്ചത് എന്നായിരുന്നുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പദ്ധതിയുടെ പ്രഥമ എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകിയപ്പോൾ എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നതെന്ന് വിശദമാക്കുമോ;

(സി) റോഡ് കടന്നുപോകുന്ന പ്രധാന കവലകളിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഫുട്പാത്തിൽ ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും പ്രഥമ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ് പ്രസ്തുത പ്രവൃത്തികൾ പദ്ധതിയുടെ ഭാഗമാക്കാൻ തീരുമാനിച്ചത്; വ്യക്തമാക്കുമോ;

(ഡി) പുതുതായി പ്രസ്തുത പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും എസ്റ്റിമേറ്റ്

അംഗീകാരത്തിനായി സമർപ്പിച്ച തീയതിയും അംഗീകാരം ലഭിച്ച തീയതിയും അറിയിക്കുമോ;

(ഇ) പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി ലഭിക്കുകയുണ്ടായോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ചതെന്നും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി പൂർണ്ണമായും നടപ്പാക്കാൻ കഴിയില്ലെന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സർവീസ് സൊസൈറ്റി അറിയിക്കുകയുണ്ടായോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(ജി) പദ്ധതിയിൽ ഹാൻഡ് റെയിൽ സ്ഥാപിക്കുന്ന പ്രവൃത്തിയും ഇന്റർലോക്ക് നിരത്തുന്ന പ്രവൃത്തിയും ഉൾപ്പെടുത്തി പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വല്ലാർപാടം-പനമ്പുകാട് റിങ്റോഡ് നിർമ്മാണം

1334 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി (10.7.2017-ലെ 942/2017 നമ്പർ ഉത്തരവ് പ്രകാരം) നൽകിയ വല്ലാർപാടം-പനമ്പുകാട് കായലോര റിങ്റോഡിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## അരുവിക്കര മണ്ഡലത്തിലെ റോഡ് നവീകരണ പ്രവർത്തനങ്ങൾ

1335 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകളിൽ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുള്ള റോഡുകളെയും ഇപ്പോൾ നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതുമായ റോഡുകളെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിൽ ഇനി നവീകരിക്കപ്പെടേണ്ട റോഡുകളുടെ ദൂരമുൾപ്പെടെയുള്ള വിവരങ്ങളും അതിനായി വേണ്ടി വരുന്ന ഉദ്ദേശ തുക എത്രയാണെന്നും വിശദമാക്കുമോ?

## പി.യു.കെ.സി റോഡ് നിർമ്മാണം

1336 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.യു.കെ.സി. റോഡിന്റെ ഉള്ളിയേരി മുതൽ കുറ്റ്യാടി വരെയുള്ള രണ്ടാമത്തെ

റീച്ചിന്റെ എസ്റ്റിമേറ്റ് സാമ്പത്തിക അനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ രണ്ടാമത്തെ റീച്ചിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതി</u>

1337 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുകയുടെ 30 ശതമാനവും കണ്ടിജൻസി ചാർജ്ജും അനുവദിച്ചെങ്കിൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിക്കാൻ കഴിയുകയുള്ളു എന്നതിനാൽ ഇക്കാര്യത്തിൽ അനുകൂലമായ തുടർ നടപടി സ്വീകരിക്കുമോ; വിശദ വിവരം ലഭ്യമാക്കുമോ?

## <u>ഉഴവൂർ ബൈപ്പാസ് നിർമ്മാണം</u>

1338 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 15 കോടി രൂപയുടെ ഉഴവൂർ ബൈപ്പാസ് റോഡിന്റെ നിർമ്മാണത്തിന് ട്രാഫിക് സർവെ നടത്തി യഥാർത്ഥ സ്ഥിതിവിവരങ്ങൾ മനസ്സിലാക്കാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന് കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പഠനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഒരു പദ്ധതി പ്രൊപ്പോസ് ചെയ്ത് അഞ്ച് വർഷം കഴിഞ്ഞിട്ടും ശാസ്ത്രീയ പഠനത്തിന് ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യ ഫീസിബിലിറ്റി പഠനം നടത്തിയത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ; ഉഴവൂർ പോലുള്ള വളരെ ട്രാഫിക് ഉള്ള ജംഗ്ഷനിൽ വേണ്ടത്ര ജാഗ്രതയോടെ പഠനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) വീണ്ടും പദ്ധതിയെക്കുറിച്ച് പഠനം നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ; ആയതിന്റെ നടപടികൾ ആരംഭിച്ചോ എന്നറിയിക്കാമോ?

## <u>വൈപ്പിൻ മണ്ഡലത്തിലൂടെയുള്ള തീരദേശ ഹൈവേ</u>

1339 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള, വൈപ്പിൻ മണ്ഡലത്തിലൂടെയുള്ള തീരദേശ

ഹൈവേയുടെ ഭാഗത്തിന്റെ വിശദ പഠന റിപ്പോർട്ടും അന്തിമ അലൈൻമെന്റും തയ്യാറായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അലൈൻമെന്റിന്റെ പകർപ്പും വിശദാംശം ലഭ്യമാക്കാമോ;

(സി) ഡി.പി.ആറും അലൈൻമെന്റും തയ്യാറായിട്ടില്ലെങ്കിൽ പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്നും ഡി.പി.ആറും അലൈൻമെന്റും എന്നത്തേക്ക് തയ്യാറാകുമെന്നും വ്യക്തമാക്കാമോ;

(ഡി) വീടും സ്ഥലവും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ?

## റീബിൽഡ് കേരള പദ്ധതി പ്രകാരം നവീകരിക്കുന്ന റോഡുകൾ

1340 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതി പ്രകാരം നവീകരിക്കുന്ന മാനന്തവാടി-വിമലനഗർ-കുളത്താട്-വാളാട് ഹൈസ്കൂൾ വേരിയ റോഡിന്റെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; അറിയിക്കാമോ;

(സി) ഇപ്രകാരം റോഡ് പുനരുദ്ധാരണം നടപ്പാക്കുന്നതു വഴി പൊതുമരാമത്ത് വകുപ്പ് ലക്ഷ്യം വെക്കുന്നത് എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് റീബിൽഡ് കേരള പദ്ധതി പ്രകാരം നവീകരിക്കുന്ന മറ്റ് പൊതുമരാമത്ത് വകുപ്പ് റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

## എം.സി. റോഡിനെ നാല് വരിപ്പാതയാക്കി ഉയർത്താൻ നടപടി

1341 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേശവദാസപുരത്ത് നിന്ന് ആരംഭിച്ച് അങ്കമാലിയിൽ അവസാനിക്കുന്ന സംസ്ഥാന പാതയായ എം.സി. റോഡിനെ നാല് വരിപ്പാതയാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ എത്ര കോടി രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി മാറ്റി വച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിൽ ബി.എം. ആന്റ് ബി.സി. ചെയ്യാൻ ബാക്കിയുള്ള പൊതുമരാമത്ത് റോഡുകൾ

1342 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട പൊതുമരാമത്ത് റോഡുകളും അവയുടെ ദൈർഘ്യവും വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ബി.എം. ആന്റ് ബി.സി. ചെയ്യാൻ ബാക്കിയുള്ള പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

**കാസർകോഡ് ജില്ലയിലെ തീരദേശ ഹൈവേ**

1343 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയിൽ കാസർഗോഡ് ജില്ലയുടെ തെക്കൻ അതിർത്തിയായ രാമന്തളി - പാണ്ഡ്യാലക്കടവ് റോഡ് പാലം പണിയും വലിയപറമ്പ് പഞ്ചായത്തിലെ തീരദേശ റോഡിന്റെ പണിയും എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ ചുമതലയിൽ ഉള്ള ഈ പ്രവൃത്തികൾ ആരംഭിക്കാൻ എത്ര കാലതാമസം ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

**ദേശീയപാത 744 -ന്റെ വികസനം**

1344 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 744 -ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ നാലുവരിപാതയാക്കുന്നതിനുള്ള കിഫ്ബി പദ്ധതി 2022 ബഡ്ജറ്റ് പ്രഖ്യാപിച്ച കൊല്ലം - ചെങ്കോട്ട പാതയുടെ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി പദ്ധതിയുടെ പശ്ചാത്തലത്തിൽ ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം - ചെങ്കോട്ട പാതയുടെ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി പദ്ധതിയുടെ പദ്ധതി രൂപീകരണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**റോഡ് വികസനവുമായി ബന്ധപ്പെട്ടുള്ള കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ**

1345 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് വികസനവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കൽ, അനധികൃത കൈയേറ്റങ്ങൾ കണ്ടെത്തൽ, ഒഴിപ്പിക്കൽ തുടങ്ങിയ വിഷയങ്ങളിന്മേൽ നിലനിൽക്കുന്ന കോടതി വ്യവഹാരങ്ങൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ ഇത്തരത്തിൽ ഉള്ള വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വ്യവഹാരങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

**പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാര പരിശോധന**

1346 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-

വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റോഡ് നിർമ്മാണഘട്ടത്തിൽ ഏതെല്ലാം തരത്തിലുള്ള ഗുണനിലവാര പരിശോധനകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കുമോ?

## ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണം

1347 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈരാറ്റുപേട്ടയിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രസ്തുത ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വേഗത്തിലാക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

1348 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ മോറക്കാല-താളിക്കല്ല് റോഡ്, മംഗലത്തുനട-പ്ലാവിൻചുവട് റോഡ് എന്നിവ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വട്ടുതല പുനരധിവാസ ഭൂമിയിലെ റോഡ് നിർമ്മാണം

1349 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചേരാനല്ലൂർ വില്ലേജിലെ വടുതല പുനരധിവാസ ഭൂമിയിലെ റോഡ് നിർമ്മാണവും വെള്ളക്കെട്ട് ഒഴിവാക്കാൻ ഡ്രെയിനേജ് നിർമ്മിക്കലും കളിസ്ഥലത്തിന്റെ പുനരുദ്ധാരണവും എന്ന് തുടങ്ങുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

## കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക-ചെർക്കള റോഡിന്റെ ടെണ്ടർ നടപടികൾ

1350 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-

വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക - ചെർക്കള റോഡ് പ്രവൃത്തി ടെണ്ടർ ചെയ്ത തീയതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ ഒപ്പുവച്ചത് എന്നാണെന്നും കരാർ കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) കരാർ തുക എത്രയാണെന്നും ഇതുവരെ ചെയ്ത പ്രവൃത്തി എത്ര രൂപയുടേതാണെന്നും പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകൾ കരാറുകാരന് മാറി നൽകിയോ എന്നും അറിയിക്കുമോ;

(ഡി) റോഡിന്റെ എത്ര ശതമാനം പ്രവൃത്തികളാണ് പൂർത്തിയായതെന്നും ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) ഈ റോഡിന്റെ സെക്കന്റ് ലെയർ ചെയ്തിട്ടുണ്ടോ; ഫസ്റ്റ് ലെയർ ചെയ്തതിനു ശേഷം സെക്കന്റ് ലെയർ ചെയ്യാനുള്ള സമയപരിധി എത്രയാണെന്ന് വിശദമാക്കുമോ;

(എഫ്) ഫസ്റ്റ് ലെയർ ചെയ്തതിനുശേഷം റോഡിൽ കുണ്ടും കുഴിയും പ്രത്യക്ഷപ്പെട്ട് തുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഇപ്പോഴത്തെ കരാറുകാരൻ പ്രവൃത്തി തുടരാൻ തയ്യാറല്ലാത്ത സാഹചര്യത്തിലും രണ്ടാമത്തെ ലെയർ ഉടൻ ചെയ്തില്ലെങ്കിൽ ആദ്യ ലെയർ പൊട്ടിപ്പൊളിഞ്ഞു നാശമാകാൻ സാധ്യതയുള്ളതിനാലും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

## കുണ്ടറ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

1351 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ് വിഭാഗത്തിന്റെ കീഴിൽ നടന്നു വരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും അതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

## ദേശീയ പാത വികസനം

1352 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ദേശീയ പാത വികസനത്തിന് നൽകിയ പ്രത്യേക പരിഗണന വഴി കൈവരിക്കാനായ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ബി) ദേശീയപാത 66-ന് വേണ്ട ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ; എത്ര റീച്ചുകളായാണ് പ്രവൃത്തി പുരോഗമിക്കുന്നത്; അവയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കാസർഗോഡ് പെരിയയിൽ നിർമ്മാണത്തിലിരുന്ന പാലം തകർന്നുവീണ

സംഭവത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണത്തിലെ ഗുണനിലവാരം ഉറപ്പാക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

## പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡിന്റെ പരിപാലനം

1353 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാത , സംസ്ഥാന പാത വിഭാഗങ്ങളിൽ നിലവിൽ എത്ര കിലോമീറ്റർ വീതമാണ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളത് എന്നും ഇതിൽ എത്ര കിലോമീറ്റർ റോഡുകൾ ബി.എം. & ബി.സി. ചെയ്തിട്ടുണ്ട് എന്നും വ്യക്തമാകുമോ;

(ബി) ദേശീയപാത അതോറിട്ടിയുടെ റോഡുകളിൽ ഏതെങ്കിലും റോഡുകളുടെ പരിപാലന ചുമതല പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാകുമോ;

(സി) നിശ്ചിത യോഗ്യതയുള്ള ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ;

(ഡി) കൊണ്ടോട്ടി മണ്ഡലത്തിലെ കൊണ്ടോട്ടി മേലങ്ങാടി - എയർപോർട്ട് റോഡ്, കോട്ടമ്മൽ - മാങ്കടവ് - ചുങ്കം റോഡ്, തുറക്കൽ - ചമ്മല പറമ്പ റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന നഗരസഭയുടെയും പഞ്ചായത്തിന്റെയും നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുമോ;

(ഇ) പ്രധാന ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഒരു നിശ്ചിത കാലത്തേക്ക് പരിപാലിക്കുന്നതിന് പദ്ധതി രൂപീകരിക്കുമോ?

## പാലക്കാട് ജില്ലയിലെ റോഡുകൾ

1354 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരസഭയുടെ അധീനതയിലുള്ള കെ.എസ്.ആർ.ടി.സി. വെണ്ണക്കര - തിരുനെല്ലലായ് റോഡ്, ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ആർ.ടി.സി. ഡിപ്പോ ലിങ്ക് റോഡ്- കെ.എസ്ആ.ർ.ടി.സി . വിത്തുണ്ണി റോഡ് എന്നീ രണ്ട് പ്രധാന റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കാമോ;

(ബി) ഈ റോഡിന്റെ നവീകരണത്തിന് പൊതുമരാമത്ത് വകുപ്പ് ഒറ്റ തവണ ഫണ്ട് അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റോഡിന്റെ നവീകരണ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## നെന്മാറ മണ്ഡലത്തിലെ റോഡുകളുടെ പ്രവൃത്തികൾ

1355 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്കാണ് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ റോഡുകളുടെയും പ്രവൃത്തികൾ സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പാലാഴി കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തി

1356 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന അനുവദിച്ച പാലാഴി കുറ്റിക്കാട്ടൂർ റോഡ് പ്രവൃത്തി ഇതുവരെയും ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തി നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പദ്ധതി

1357 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡുകളിൽ കുഴി എടുത്തത് ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പും വാട്ടർ അതോറിറ്റിയും വ്യത്യസ്ത നിരക്കുകൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

## റോഡുകളുടെയും പാലങ്ങളുടെയും നിലവാരം ഉറപ്പ് വരുത്താൻ നടപടി

1358 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത അതോറിറ്റിയുടെ റോഡ് നിർമ്മാണത്തിനിടെ പാലം തകർന്നു വീണ സംഭവത്തിന്റെ കൂടി പശ്ചാത്തലത്തിൽ സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിൽ നിശ്ചിത നിലവാരം കർശനമായി പുലർത്തുന്നുവെന്നുറപ്പ് വരുത്താൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ടോ;

(ബി) മന്ത്രിയുടെ നേതൃത്വത്തിൽ സാങ്കേതിക വിദഗ്ധർ നടത്തിയ പരിശോധനയിൽ റോഡ് നിർമ്മാണത്തിലെ പോരായ്മകൾ കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ;

(സി) നിർമ്മാണം പൂർത്തിയാക്കി ഏറെ താമസിയാതെ റോഡ് തകരുന്ന സാഹചര്യത്തിൽ കരാറുകാരെയും പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാരെയും പ്രതികളാക്കി കേസെടുക്കാൻ ഉത്തരവിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഗുരുവായൂർ ആൽത്തറ പൊന്നാനി റോഡിന്റെ ബി.സി. ഓവർലേ പ്രവൃത്തി

1359 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ആൽത്തറ പൊന്നാനി റോഡ് (സ്റ്റേറ്റ് ഹൈവേ) ബി.സി. ഓവർലേ

പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിൽ ബി.എം. പ്രവൃത്തി പൂർത്തീകരിച്ച് 2 വർഷമായിട്ടും ബി.സി. ഓവർലേ പ്രവൃത്തി ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

**ചാവക്കാട്-വടക്കാഞ്ചേരി റോഡ് വീതി കൂട്ടുന്നത് സംബന്ധിച്ച്**

1360 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലൂടെ കടന്ന് പോകുന്ന ചാവക്കാട്-വടക്കാഞ്ചേരി റോഡിൽ ചാവക്കാട് മുതൽ പാട്ടുകുളം വരെയുള്ള ഭാഗം വീതി കൂട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കഴിഞ്ഞ രണ്ട് ബജറ്റുകളിലും ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക നടപടികൾ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ചാവക്കാട്-വടക്കാഞ്ചേരി റോഡിൽ വീതി കൂട്ടാത്തത് പ്രസ്തുത പ്രദേശം മാത്രമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**ദേശീയപാത 544-ൽ മണ്ണുത്തി - ഇടപ്പള്ളി റോഡ് നിർമ്മാണം**

1361 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 544-ൽ മണ്ണുത്തി - ഇടപ്പള്ളി റോഡിൽ ദേശീയപാതാ അതോറിറ്റിയും കരാർ കമ്പനിയും തമ്മിൽ ഉണ്ടാക്കിയ എല്ലാ പ്രവൃത്തികളും ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കരാറിൽ പറയുന്ന എല്ലാ പ്രവൃത്തികളും ചെയ്തു തീർത്തു എന്ന് ഉറപ്പുവരുത്തുന്നതിനും, ബാക്കിയുള്ള പ്രവൃത്തികൾ കൂടി ചെയ്ത് തീർപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) നേരത്തെയുള്ള കരാറിൽ ഉൾപ്പെടാത്തതും എന്നാൽ സുഗമമായ ഗതാഗതത്തിനും, സുരക്ഷിതത്ത്വത്തിനും അത്യന്താപേക്ഷിതമാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുമായ പ്രവൃത്തികൾ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**പന്തീർപാടം തേവർകണ്ടി റോഡ് നിർമ്മാണം**

1362 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡിവിഷന് കീഴിലുള്ള പന്തീർപാടം തേവർകണ്ടി റോഡിൻറെ പ്രവൃത്തി കരാറുകാരൻ ഉപേക്ഷിച്ച് പോയതുകാരണം മുടങ്ങിക്കിടക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് റീ ടാറിംഗ് ചെയ്യാൻ നടപടി**

1363 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് റീ ടാറിംഗ് പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി അവസാനിക്കുന്നത് എന്നാണ് എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## <u>കറുകമാട് പാലം പുനർനിർമ്മാണം</u>

1364 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ കറുകമാട് പാലം ഗതാഗതയോഗ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതിയ പാലം നിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ മാർക്കറ്റ് പാലം</u>

1365 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ നെട്ടൂർ മാർക്കറ്റ് പാലം പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചതിനാൽ പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പാലത്തിന്റെ പുനർനിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എത്ര കാലത്തിനകം പണി പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

## <u>മൂദിയം പാലം നിർമ്മാണം</u>

1366 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മൂദിയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയ ഉപരിതലഗതാഗത പരിപാലന അതോറിറ്റി (എൻ.എച്ച്.എ.ഐ.), സംസ്ഥാന പൊതുമരാമത്ത് വകുപ്പ് എന്നിവർ നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച് രണ്ട് സാമ്പത്തിക വർഷം പിന്നിട്ടിട്ടും പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസത്തിനുള്ള കാരണം

വിശദമാക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രാഥമിക നടപടിക്രമങ്ങളുടെ പുരോഗതി, നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റ് വിശദാംശങ്ങൾ എന്നിവ അറിയുന്നതിനടക്കം ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ടെലിഫോൺ നമ്പർ, മൊബൈൽ നമ്പർ എന്നിവ ലഭ്യമാക്കുമോ?

## പാലാ നിയോജക മണ്ഡലത്തിലെ കടവ് പുഴ പാലം

1367 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ കടവ് പുഴ പാലം കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ തകർന്നുപോയതും ഇതുമൂലം വർഷങ്ങളായി ജനങ്ങൾ യാത്രാ ദുരിതം അനുഭവിക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാലവുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്റെ (നമ്പർ. E 6453186/2022/Min. (PWD)) നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലം പുനർനിർമ്മിക്കുവാൻ അടിയന്തര പ്രാധാന്യം നൽകി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മാക്കേകടവ്-നേരെ കടവ് പാലത്തിന്റെ നിർമ്മാണം

1368 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ മാക്കേകടവ്-നേരെ കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് റേറ്റ് റിവിഷൻ വേണമെന്നുള്ള കോൺട്രാക്ടറുടെ അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## അയനിക്കാട് കൊയമ്പ്രത്ത് കണ്ടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കൽ

1369 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉള്ളിയേരി, നടുവണ്ണൂർ ഗ്രാമ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന അയനിക്കാട്-കൊയമ്പ്രത്ത് കണ്ടി പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

## പള്ളിക്കമണ്ണടി-കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം

1370 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പള്ളിക്കമണ്ണടി, കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

## തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലം നിർമ്മാണം

1371 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ പത്തനാപുരം പാലത്തിന്റെ പുതുക്കിയ ജി.എസ്.റ്റി. നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ (പാലങ്ങൾ) കാര്യാലയത്തിൽ നിന്നും സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## ഞാവലിൻകടവ് പാലം നിർമ്മാണം

1372 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ-ഒറ്റപ്പാലം മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഞാവലിൻകടവ് പാലത്തിന് ലക്കിടി പേരൂർ പ്രദേശത്ത് പൊതുമരാമത്ത് വകുപ്പ് നിർദ്ദേശിച്ച എലിവേറ്റഡ് സ്ട്രക്ച്ചർ പ്ലാൻ അനുസരിച്ച് എത്ര സ്ഥലം വേണ്ടി വരുമെന്നത് സംബന്ധിച്ച് കൃഷി വകുപ്പ് നൽകിയ കത്തിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നുള്ള മറുപടി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

1373 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസഹായത്തോടെ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള മുഖേന നിർമ്മാണം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്ദിക്കര റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം ഇനിയും ആരംഭിക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽവേയുടെ എൻ.ഒ.സി.യും അനുമതിയും ലഭിക്കുന്നതിന് കാലതാമസം വരുന്നത് ഒഴിവാക്കുന്നതിനും, മറ്റ് യാതൊരു തടസ്സങ്ങളും ഇല്ലാത്ത മേൽപ്പാലങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം

1374 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നീണ്ട് പോകുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ ചെലവിനായി സംസ്ഥാന സർക്കാർ വിഹിതം

നൽകാത്തതാണ് കാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ലെവൽ ക്രോസ് രഹിത കേരളം പദ്ധതിയ്ക്കായി നബാർഡിൽ നിന്നും തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക കെ-റെയിലിന് കൈമാറിയിട്ടുണ്ടോ?

## വണ്ടൂർ നിയോജക മണ്ഡലത്തിലെ വാണിയമ്പലം ടൗണിൽ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മാണം

1375 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജക മണ്ഡലത്തിൽപ്പെട്ട മഞ്ചേരി – വണ്ടൂർ - കാളികാവ് റോഡിലെ വാണിയമ്പലം ടൗണിലെ റെയിൽവെ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് തുടർ നടപടികൾ സ്വീകരിക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## കൊട്ടുന്താർമേൽപ്പാടം പാലം നിർമ്മാണം

1376 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ കൊട്ടുന്താർ മേൽപ്പാടം പാലത്തിന്റെ നിർവ്വഹണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ എത്ര മീറ്റിംഗുകളാണ് നാളിതുവരെ നടത്തിയിട്ടുള്ളതെന്നും ഇതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അറിയിക്കാമോ;

(സി) പ്രസ്തുത യോഗതീരുമാനങ്ങൾക്ക് അനുസൃതമായി ഈ പാലത്തിന്റെ ഭരണാനുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളും, തുടർ നടപടികളും പുരോഗമിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്ത് അപാകതകളാണ് ഇതിൽ സംഭവിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) പി.ഡബ്ല്യു.ഡി. യുമായി ബന്ധപ്പെട്ട് നടക്കുന്ന റിവ്യൂമീറ്റിംഗിൽ എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന്ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ പ്രസ്തുത പാലത്തിന്റെ നിർവ്വഹണം ഉറപ്പാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

## തവനൂർ മണ്ഡലത്തിലെ കുണ്ടയാർ പാലം നിർമ്മാണം

1377 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ കുണ്ടയാർ പാലം പ്രവൃത്തി ഏതുവരെയായി എന്ന

വിശദീകരിക്കാമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി പൂർത്തിയാക്കുന്നതിൽ തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കണ്ണനിക്കടവ് പാലം നിർമ്മാണം

1378 **ശ്രീ. കെ. ബാബു (നെന്മാറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കണ്ണനിക്കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തികൾ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## വർക്കല മണ്ഡലത്തിലെ പാലം നിർമ്മാണം

1379 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പാലങ്ങൾ നിർമ്മിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## കൊടുവള്ളി മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ

1380 **ഡോ. എം.കെ . മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ പടനിലം പാലം, നടമേൽ കടവ് പാലം എന്നിവയുടെ നിർമ്മാണം സംബന്ധിച്ചുള്ള നടപടികളുടെ വിവരം ലഭ്യമാക്കുമോ;

(ബി) നരിക്കുനി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## പൊൻമുണ്ടം റെയിൽവേ ഓവർബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

1381 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ-പൊൻമുണ്ടം റെയിൽവേ ഓവർബ്രിഡ്ജിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ട് എത്ര വർഷമായി എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അപ്രോച്ച് റോഡിന്റെ പ്രവൃത്തിക്കായി നാളിതുവരെ ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് അടിയന്തരമായി ഭരണാനുമതി നൽകുന്നത് പരിഗണിക്കുമോ?

**കാസർകോഡ് ജില്ലയിൽ അനുവദിച്ച റെയിൽ ഓവർ ബ്രിഡ്ജുകൾ**

1382 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി കാസർകോഡ് ജില്ലയിൽ അനുവദിച്ച റെയിൽ ഓവർ ബ്രിഡ്ജുകളുടെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ബീരിച്ചേരി, ഉദിനൂർ (നടക്കാവ്), പൊള്ളാപ്പ് റെയിൽ ഓവർ ബ്രിഡ്ജുകൾ എന്ന് ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള വഴി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**തൃക്കാക്കരയിലെ അത്താണി പാലം**

1383 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ തൃക്കാക്കരയിലുള്ള അത്താണി പാലം ശോചനീയ അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ ശോചനീയാവസ്ഥ സംബന്ധിച്ച് തൃക്കാക്കര എം.എൽ.എ. നൽകിയ കത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലം പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**പടനിലം പാലത്തിന്റെ നിർമ്മാണം**

1384 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം, മടവൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പടനിലം പാലത്തിന്റെ അപകടാവസ്ഥ വാഹനഗതാഗതത്തിന് പ്രയാസമുണ്ടാക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പാലം പുതുക്കിപ്പണിയുന്നതിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമകൾക്ക് വില നൽകുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ;

(സി) ഭരണാനുമതിയുള്ള പ്രവൃത്തി ആരംഭിക്കുന്നതിലുണ്ടായ കാലതാമസം സർക്കാരിന്റെ ബാധ്യത വർദ്ധിക്കുന്നതിനും പൊതുജന പ്രതിഷേധത്തിനും ഇടയാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ ; പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

**തട്ടാശ്ശേരി പാലം**

1385 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-

വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ തട്ടാശ്ശേരി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാര തുക വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## എറണാകുളം ജില്ലയിലെ ബ്രിഡ്ജുകളുടെ നിർമ്മാണ പുരോഗതി

1386 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ റോഡ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള നിർവഹണ ഏജൻസിയായ വടുതല, അറ്റ്ലാന്റിസ്, വാതുരുത്തി എന്നീ റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ പുരോഗതി എന്തെന്ന് വിശദമാക്കുമോ;

(ബി) കേരള റോഡ് ഫണ്ട് ബോർഡ് നിർവഹണ ഏജൻസി ആയിട്ടുള്ള എറണാകുളം ജില്ലയിലെ കൊറങ്കോട്ട വടുതല പാലത്തിന്റെ നിർമ്മാണ പുരോഗതി എന്തായി എന്ന് വിശദമാക്കുമോ ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണം

1387 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ഇരുമ്പോത്തിങ്ങൾ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി നിലവിൽ ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ധനകാര്യ വകുപ്പിലെ ടെക്നിക്കൽ ഇൻസ്പെക്ഷൻ അടക്കമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടും പ്രസ്തുത പാലത്തിന് ബജറ്റിൽ ടോക്കൺ പ്രോവിഷൻ മാത്രം അനുവദിച്ചിട്ടുള്ളൂ എന്ന കാരണത്താൽ അനുമതി നിഷേധിക്കുമോ; വ്യക്തമാക്കാമോ;

(സി) ബജറ്റിൽ ടോക്കൺ പ്രോവിഷൻ മാത്രം അനുവദിച്ചിട്ടുള്ള എത്ര പാലങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രവൃത്തിയുടെ പേരും, അനുവദിച്ച തുക, മണ്ഡലം, ഭരണാനുമതിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ?

## തൊണ്ടിലകടവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ

1388 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടിലകടവ് പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിവരം നൽകുമോ ;

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭ്യമാക്കാമോ?

## ഏലൂർ-ചൗക്ക, വടുതല-പേരണ്ടൂർ പാലങ്ങളുടെ നിർമ്മാണ പുരോഗതി

1389 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഏലൂർ-ചൗക്ക, വടുതല-പേരണ്ടൂർ എന്നീ പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ബ്രിഡ്ജുകളുടെ നിർമ്മാണം

1390 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കേളിത്തോട് ബ്രിഡ്ജ്, മുപ്ലിയം ബ്രിഡ്ജ്, ഉഴിഞ്ഞാൽപ്പാടം ബ്രിഡ്ജ്, കച്ചേരിക്കടവ് ബ്രിഡ്ജും അപ്രോച്ച് റോഡും, ചക്കാലക്കടവ് ബ്രിഡ്ജ്, നെല്ലായി ഇറിഗേഷൻ കടവ് ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിലെ നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും, നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## എറണാകുളം ജില്ലയിലെ ഇരുമ്പു പാലം പുനർ നിർമ്മാണം

1391 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീമതി.ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ - തൃക്കാക്കര മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം പുനർ നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും എത്ര കാലത്തിനകം പണി പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## തുതിയൂർ-ഏരൂർ പാലം പുതുക്കി പണിയുന്നതിനുള്ള പ്രൊപ്പോസൽ

1392 **ശ്രീമതി.ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര-തൃപ്പൂണിത്തുറ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തുതിയൂർ-ഏരൂർ പാലം പുതുക്കി പണിയുന്നതിന് പ്രൊപ്പോസൽ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പൊതുമരാമത്ത് വകുപ്പിലുള്ള എഞ്ചിനീയർമാർ

1393 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു

പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലും പൊതുമരാമത്ത് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും വർക്കിംഗ് അറേഞ്ച്മെന്റിലുമായി എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ചീഫ് എഞ്ചിനീയർമാർ എന്നിവർ ജോലി ചെയ്തുവരുന്നുണ്ടെന്നുള്ള കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ കെ.ആർ.എഫ്.ബി.യിൽ നടന്നുവരുന്ന പ്രവൃത്തികൾക്ക് ആനുപാതികമായി ഉദ്യോഗസ്ഥരെ ക്രമീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

## പൊതുമരാമത്ത് റോഡുകളുടെ റണ്ണിംഗ് കോൺട്രാക്റ്റ് പ്രകാരമുള്ള പരിശോധന

1394 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റണ്ണിംഗ് കോൺട്രാക്റ്റ് പ്രകാരമുള്ള റോഡുകളുടെ പരിശോധന നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരിശോധനയിൽ നിർമ്മാണത്തിലും കരാർ പ്രകാരമുള്ള പരിപാലനത്തിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരം വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

1395 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ സാങ്കേതിക തടസ്സവും മറ്റും മൂലം കിഫ്ബിയിൽ ഉൾപ്പെട്ട പല പി.ഡബ്ല്യു.ഡി. റോഡുകളും പണിപൂർത്തിയാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016-ന് ശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടും പണി പൂർത്തിയാകാത്ത റോഡുകളുടെ മണ്ഡലം തിരിച്ചുള്ള വിവരം നൽകുമോ;

(സി) മണ്ണാർക്കാട് മണ്ഡലത്തിലെ മണ്ണാർക്കാട്-ചിന്നത്തടാകം റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## ദേശീയപാത വികസനം

1396 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനും റോഡ്

നിർമ്മിക്കുന്നതിനും എത്ര ശതമാനം തുകയാണ് സർക്കാർ നൽകുന്നതെന്ന് വിശദമാക്കുമോ ;

(ബി) ദേശീയപാത വികസനത്തിനായി 2016 മുതൽ എത്ര തുകയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ ?

## ദേശീയ പാത 66 ന്റെ വികസനം

1397 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 66 വികസനത്തിന്റെ ഭാഗമായി പ്രവൃത്തി തുടങ്ങിയപ്പോൾ നിലവിലെ സർവീസ് റോഡുകളിൽ നിന്നുള്ള കണക്റ്റിവിറ്റി, ഡ്രെയിനേജ് പ്രശ്നം ,പ്രധാന വിദ്യാലയങ്ങൾ, ആരാധനാലയം എന്നിവിടങ്ങളിലേക്ക് എതിർവശത്ത് നിന്ന് പ്രവേശിക്കാൻ അണ്ടർ പാസ് തുടങ്ങി ഉയർന്ന് വന്ന പ്രശ്നങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിവരം നൽകുമോ; വിശദാംശം ;

(ബി) പ്രവൃത്തി കരാർ ഏറ്റെടുത്ത കമ്പനി താത്കാലികമായി എടുത്ത സ്ഥലങ്ങളിൽ തദ്ദേശ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ കെട്ടിട നിർമ്മാണം നടത്തുക, ജനവാസ കേന്ദ്രങ്ങളിൽ സാധന സാമഗ്രികളുടെ നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുക തുടങ്ങിയ പരാതികൾ പരിഹരിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിക്ക് ജനപ്രതിനിധികളുമായി ചർച്ച നടത്തി രമ്യമായി പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദാംശം നൽകുമോ?

## പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മലയോര ഹൈവേയുടെ നിർമ്മാണം

1398 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയിൽ പേരാമ്പ്ര നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ അലൈൻമെന്റിന് അവസാന രൂപമായോ; അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാനാവുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

## ദേശീയപാത വികസനം

1399 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദേശീയപാതയാണ് നിലവിലുള്ളത്; അതിന്റെ പരിപാലന ചുമതല ആർക്കെല്ലാമാണെന്നും എത്ര കിലോമീറ്റർ വീതമാണെന്നും അറിയിക്കുമോ;

(ബി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ അതിന്റെ 25 ശതമാനം ചെലവ് സംസ്ഥാന സർക്കാരാണോ വഹിക്കുന്നത്; രാജ്യത്ത് മറ്റേതെങ്കിലും

സംസ്ഥാനം ഇത്തരത്തിൽ തുക നൽകുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാത 66 ന്റെ വികസനത്തിനായി എത്ര കിലോമീറ്റർ സ്ഥലമാണ് ഏറ്റെടുക്കാൻ സാധിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

## തൈക്കാട് ഗവ: റസ്റ്റ് ഹൗസിലെ കുക്ക് നിയമനം

1400 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൈക്കാട് ഗവ: റസ്റ്റ് ഹൗസിലെ ഏതെല്ലാം തസ്തികകളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം നടത്തുന്നതിനായി നീക്കി വെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കുക്ക് തസ്തിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനം നടത്തുന്ന തസ്തികയാണോ; ടി തസ്തികയിൽ അവസാനമായി സ്ഥിരനിയമനം ലഭിച്ചത് ആർക്കാണെന്നും ഏതു വർഷമാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത തസ്തികയിലേക്ക് സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം 28.09.19-ലെ ഒ.ജി.എം.3/19884/2015 തീയതിയിലെ പൊതുമരാമത്ത് ഭരണവിഭാഗം ചീഫ് എൻജിനീയറുടെ ഉത്തരവ് പ്രകാരം കുക്ക് തസ്തികയിൽ ശ്രീമതി നിഷ പി. കെ. പുതുവൽ മോടിയിൽ, നൂറ്റവൽപാറ, ചെങ്ങന്നൂർ എന്നയാളെ താൽക്കാലികമായി നിയമിക്കുകയും 179 ദിവസത്തിനുശേഷം പിരിച്ചു വിടുകയും ചെയ്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയമനത്തിൽ പിഴവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് ടിയാൾക്ക് സ്ഥിരം നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സ്ഥിരം നിയമനം എന്ന രീതിയിൽ ഫയൽ രേഖപ്പെടുത്തൽ നടത്തിയതിനാൽ ജോലി ലഭിച്ച വിവരം റിപ്പോർട്ട് ചെയ്തയുടൻ തന്നെ ശ്രീമതി നിഷ പി. കെ യുടെ എംപ്ലോയ്മെന്റ് കാർഡ് റദ്ദ് ചെയ്യപ്പെടുകയും തുടരവസരങ്ങൾ ഇല്ലാതാകുകയും ചെയ്തതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## പുതിയ റസ്റ്റ് ഹൗസുകൾ

1401 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകൾ നവീകരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് അതിഥികളെ സ്വീകരിക്കുന്ന കാര്യങ്ങളിലടക്കം മികച്ച പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) റസ്റ്റ്ഹൗസുകളിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായും കാലോചിതമായും പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) റസ്റ്റ് ഹൗസുകൾ നിലവിലുള്ള മണ്ഡലങ്ങൾക്ക് പുറമെ മറ്റ് മണ്ഡലങ്ങളിലും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**2021-22 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികൾ**

1402 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ 2021-22 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്; അവയിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ ഏറ്റെടുത്ത പ്രവൃത്തികൾ എത്ര കോടിയുടേതാണ്; വ്യക്തമാക്കുമോ;

(ബി) സർക്കാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ ക്ലാസിഫിക്കേഷൻ അനുസരിച്ച് ലേബർ സൊസൈറ്റികൾക്ക് സഹകരണ വകുപ്പ് നൽകുന്ന അനുമതി തദ്ദേശ സ്വയംഭരണ വകുപ്പ് അംഗീകരിച്ച് നടപ്പാക്കുന്നുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

**താൽക്കാലിക/കരാർ നിയമനങ്ങൾ**

1403 **ശ്രീമതി.ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താല്ക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം നൽകാമോ?

**പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

1404 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ഗവേണൻസ് കാര്യക്ഷമമാക്കുന്നതിന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പദ്ധതികളുമായി ബന്ധപ്പെട്ട് ഫയൽ നീക്കങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**കൊയിലാണ്ടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

1405 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കുളം-മുചുകുന്ന് റെയിൽവേ മേൽപ്പാലം, കൊല്ലം-നല്യാടി റെയിൽവേ മേൽപ്പാലം പയ്യോളി രണ്ടാം ഗേറ്റ് റെയിൽവേ മേൽപ്പാലം എന്നീ പദ്ധതികൾക്ക് ഭരണാനുമതിയും കിഫ്ബിയുടെ അന്തിമ അനുമതിയും ലഭിച്ചിട്ടും പദ്ധതി ആരംഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

## ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്

1406 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ടുളള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## കായൽ ടൂറിസം

1407 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ മേഖലയിലെ കായൽ ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) കായൽ ടൂറിസം നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയിലെ വികസനത്തിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ?

## ചാമ്പ്യൻസ് ബോട്ട് ലീഗ്

1408 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാമ്പ്യൻസ് ബോട്ട് ലീഗ് നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പ് നാളിതുവരെ എത്ര തുക ചെലവിട്ടു; ഏതെല്ലാം ഇനത്തിലാണ് ചെലവ് നടത്തിയത്; ബോട്ട് ക്ലബ്ബ്കൾക്ക് സഹായമായി എത്ര തുക നൽകി; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ വർഷത്തെ ചാമ്പ്യൻസ് ബോട്ട് ലീഗ് ജേതാക്കൾ ആരാണ്; ചാമ്പ്യൻസ് ബോട്ട് ലീഗ് മുഖേന സർക്കാരിന് എന്ത് വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ?

## കാരവൻ ടൂറിസം

1409 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരവൻ ടൂറിസം പദ്ധതി വിശദമാക്കാമോ;

(ബി) കാരവനും, കാരവൻ പാർക്കുകളും പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാനത്ത് എത്ര പേർക്ക് അംഗീകാരം നല്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

## ഗുരുവായൂർ പൈതൃക ടൂറിസം പദ്ധതി

1410 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) 2022-23 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ഗുരുവായൂർ പൈതൃക ടൂറിസം പദ്ധതി, ബ്ലാങ്ങാട് ബീച്ച് ടൂറിസം രണ്ടാംഘട്ട പദ്ധതി എന്നിവയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## കായംകുളം കായലോര ടൂറിസം പദ്ധതി

1411 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട കായംകുളം കായലോര ടൂറിസം പദ്ധതിയ്ക്ക് ആകെ അനുവദിച്ച തുക എത്രയെന്നും ഇതിൽ ഓരോ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുള്ള തുക എത്രവീതം ആണ് എന്നും വിശദമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടും പ്രസ്തുത പദ്ധതി ടൂറിസം വകുപ്പ് ഏറ്റെടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംരക്ഷിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി ടൂറിസം വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1412 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോംസ്റ്റേകൾ പ്രവർത്തിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഹോംസ്റ്റേകൾ ആരംഭിക്കുന്നതിന് ടൂറിസം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; അവയുടെ രജിസ്ട്രേഷന് ഏതൊക്കെ വകുപ്പുകളുടെ അനുമതിയാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഡെസ്റ്റിനേഷൻ ടൂറിസത്തിന് സഹായകരമായ ഹോംസ്റ്റേകൾ ആരംഭിക്കുന്നതിനും കുറ്റമറ്റരീതിയിൽ പ്രവർത്തിക്കുന്നതിനും സഹായകരമാകുന്ന വിധത്തിൽ ടൂറിസം വകുപ്പിന്റെ ഏകജാലക സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

## വളാഞ്ചേരി കമ്മ്യൂണിറ്റി പാർക്കിനെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

1413 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരിയിൽ കരിങ്കല്ലത്താണി പ്രദേശത്ത് നിർമ്മിക്കുന്ന കമ്മ്യൂണിറ്റി പാർക്കിനെ ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഒരു പഞ്ചായത്തിൽ ഒരു വിനോദസഞ്ചാര കേന്ദ്രം പദ്ധതിയിൽ വളാഞ്ചേരി കമ്മ്യൂണിറ്റി പാർക്കിനെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പായിക്കട - വലിയകട പൈതൃക വ്യാപാരകേന്ദ്രം

1414 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക സംരക്ഷണത്തിലൂടെ ടൂറിസം വികസനം എന്ന ടൂറിസം നയത്തിന്റെ ഭാഗമായി കൊല്ലത്തെ പുകയിലപണ്ടകശാലയും അനുബന്ധ പായിക്കട - വലിയകട വ്യാപാര മേഖലയും ഉൾപ്പെടുത്തി പൈതൃക വ്യാപാര കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വിനോദ സഞ്ചാര മേഖലയിലേക്ക് നിക്ഷേപകരെ ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

1415 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ദെലീമ**
**ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി സ്വീകരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര മേഖലയിൽ എത്തിയിട്ടുള്ള നിക്ഷേപം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിനോദസഞ്ചാര മേഖലയിലേക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും ടൂറിസം മേഖലയെ അന്താരാഷ്ട്രതലത്തിൽ അടയാളപ്പെടുത്തുന്ന തരത്തിലുള്ള ഹോട്ടൽ ശൃംഖലകളെ ആകർഷിക്കുന്നതിനും ആവശ്യമായ നയസമീപനം സ്വീകരിക്കുമോ; വിശദമാക്കുമോ?

## വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനം

1416 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. യു.എ.ലത്തീഫ്**

**ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം പ്രതിസന്ധിയിലായിരുന്ന വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിനോദസഞ്ചാര മേഖലയ്ക്ക് സമ്പൂർണ്ണ വ്യവസായ പദവി നൽകണമെന്ന നിർദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതുമൂലം വിനോദസഞ്ചാര മേഖലയ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായുള്ള ടൂറിസം പദ്ധതികൾ

1417 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പാർവ്വതി പുത്തനാർ ഉൾപ്പെടുന്ന ദേശീയ ജലപാത ഉപയോഗപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതികൾ വിശദമാക്കാമോ;

(സി) ഉത്തരവാദിത്ത ടൂറിസം മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കുമോ;

(ഡി) പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ഇ) കോവിഡിന്റെ ഭീഷണി ഒഴിയുന്ന സാഹചര്യത്തിൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

## പള്ളിക്കത്തോട് അരുവിക്കുഴി ഡെസ്റ്റിനേഷൻ ടൂറിസം പദ്ധതി

1418 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെസ്റ്റിനേഷൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് അരുവിക്കുഴി ടൂറിസം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ ഇനി ആവശ്യമായ നടപടികൾ എന്തെല്ലാം; ഇതിനായി തദ്ദേശസ്ഥാപനങ്ങൾ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നുള്ളതിന്റെ വിശദാംശം അറിയിക്കാമോ;

(സി) ഡെസ്റ്റിനേഷൻ പദ്ധതിയുടെ വരവ്, ചെലവ് എന്നിവ പങ്കിടുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ ബാവിക്കര ടൂറിസം പദ്ധതി

1419 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബാവിക്കര ടൂറിസം പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) അതിൻ പ്രകാരം എത്ര രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ ഡി.പി.ആർ. നാളിതുവരെയും ഭരണാനുമതിക്കായി സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകുമെന്ന് അറിയിക്കുമോ?

## ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം

1420 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഘടന, പ്രവർത്തനം എന്നിവ വിശദമാക്കുമോ;

(സി) അവയുടെ പ്രധാന വരുമാന സ്രോതസ്സുകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

## പൊന്നാനി മണ്ഡലത്തിലെ വിവിധ പദ്ധതികൾ

1421 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിൽ 2017-18-ൽ ആരംഭിച്ച നിള സംഗ്രഹാലയം പദ്ധതി നാളിതുവരെ പൂർത്തീകരിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എന്തെല്ലാം സാങ്കേതിക കാരണങ്ങളാലാണ് പ്രസ്തുത പ്രൊജക്റ്റ് വൈകുന്നത്; ഈ പദ്ധതി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിർമ്മാണം തുടങ്ങിയ മറൈൻ മ്യൂസിയം നാളിതുവരെ പ്രവർത്തനസജ്ജമായിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ടി പദ്ധതി പൂർത്തീകരിക്കുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

## ആലുവ ഗവ.ഗസ്റ്റ് ഹൗസ് ഹെറിറ്റേജ് ബ്ലോക്കിന്റെ നവീകരണം

1422 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ഗവ. ഗസ്റ്റ് ഹൗസ് ഹെറിറ്റേജ് ബ്ലോക്കിലെ നവീകരണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്കായുള്ള 30.03.2020 ലെ സ.ഉ.(സാധാ)നം.150/2020/ടൂറിസം.

ഉത്തരവ് പുതുക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഈ ഉത്തരവ് പ്രകാരമുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാകാമോ;

(സി) പ്രസ്തുത പ്രവൃത്തിയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രൈസ് ഐഡി നമ്പർ അറിയിക്കാമോ; ഇതുപ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ ചുമതല ഏത് സർക്കാർ അക്രഡിറ്റഡ് ഏജൻസിയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## താൽക്കാലിക/കരാർ നിയമനങ്ങൾ

1423 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റു ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താൽക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം നൽകാമോ?

## വയനാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ

1424 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന 2016 മുതൽ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനും നടത്തിപ്പിനും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) ഇതിൽ പൂർത്തിയായവ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(സി) പൂർത്തീകരിക്കുവാനുള്ള പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

## കലശമല ടൂറിസം പദ്ധതി

1425 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ കലശമല ടൂറിസം പദ്ധതിയുടെ പുരോഗതി വിലയിരുത്താമോ?

**<u>കൊച്ചി മണ്ഡലത്തിലെ ടൂറിസം പ്രവൃത്തികൾ</u>**

1426 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ നിന്നുമുള്ള ഫണ്ട് വിനിയോഗിച്ച് കൊച്ചി മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോ പ്രവൃത്തിക്കും അനുവദിച്ചിരിക്കുന്ന തുക എത്ര; വിശദമാക്കുമോ?

**<u>വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവൃത്തികൾ</u>**

1427 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നിർവ്വഹിച്ചു വരുന്ന പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

**<u>വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതി</u>**

1428 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം ചിറ ടൂറിസം പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ബേക്കൽ എയർ സ്ട്രിപ്പ് പദ്ധതി</u>**

1429 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ എയർ സ്ട്രിപ്പ് പദ്ധതി പരിഗണനയിലുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിനായി 2022-23 വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബിയിൽ ഈ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ഉഡാൻ പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) മേൽ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**<u>ബി.ആർ.ഡി.സി. യുടെ ഗവേണിംഗ് ബോഡി</u>**

1430 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-

വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ആർ.ഡി.സി.( ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ്)-യുടെ ഗവേണിംഗ് ബോഡിയിൽ ടൂറിസം ഡസ്റ്റിനേഷൻ ഏരിയയിലെ ജനപ്രനിധികളെ കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ നിലവിലെ സ്ഥിതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**വിനോദ സഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം**

1431 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഹോസ്പിറ്റാലിറ്റി മേഖലയിലെ സ്കിൽഡ് തൊഴിലാളികളുടെ അഭാവം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

**മലമ്പുഴ ഉദ്യാനത്തിലെ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം**

1432 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ ഉദ്യാനത്തിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‌ലറ്റ് കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ടോയ്‌ലറ്റ് കോംപ്ലക്സിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും ഇതിന്റെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

**ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി**

1433 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പ് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തദ്ദേശ സ്ഥാപനങ്ങൾ അപേക്ഷ നൽകിയെന്നും എത്ര സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിച്ചുവെന്നും അറിയിക്കുമോ?

**യൂത്ത് ക്ലബ്ബ് ശാക്തീകരണ പരിപാടികൾ**

1434 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണത്തിനും പുരോഗതിക്കും യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ 5 വർഷം യുവജനക്ഷേമ വകുപ്പ് യൂത്ത് ക്ലബ്ബുകൾക്ക് അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം , ഗ്രാന്റ് സംബന്ധിച്ച വിവരങ്ങൾ എന്നിവ അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കും പരിപാടികൾക്കും യൂത്ത് ക്ലബ്ബുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മുൻഗണനാ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മഞ്ചേശ്വരം മണ്ഡലത്തിലെ യൂത്ത് ക്ലബ്ബുകളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളും ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ;

(എഫ്) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാല, ഇതിന് കീഴിലുള്ള യുവജനവേദി എന്നിവയെ യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യാൻ കഴിയുമോ; വ്യക്തമാക്കുമോ?

## താൽക്കാലിക നിയമനങ്ങൾ

1435 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താൽക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയത് ; വിശദാംശം ലഭ്യമാക്കാമോ?

## കുന്നമ്മൽ വോളീബോൾ അക്കാദമിയുടെ പ്രവൃത്തി

1436 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമ്മൽ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കുന്നമ്മൽ വോളീബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## സംസ്ഥാനത്ത് പുതിയ സംരംഭങ്ങൾ

1437 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-

വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പുമായി സഹകരിച്ച് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവജനങ്ങളെ തയ്യാറാക്കുന്നതിനായി എന്തെങ്കിലും പദ്ധതിക്ക് യുവജനകാര്യ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>**പൊന്നാനിയിലെ അക്വാട്ടിക് കോംപ്ലക്സ് കെട്ടിടനിർമ്മാണം**</u>

1438 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിലെ അക്വാട്ടിക് കോംപ്ലക്സ് കെട്ടിട നിർമ്മാണം നാളിതുവരെ തുടങ്ങിയിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജന്റ് എസ്.കെ.എഫ്. ആണോയെന്ന് അറിയിക്കാമോ; നിർമ്മാണപ്രവർത്തനം മുടങ്ങാനുള്ള സാങ്കേതിക കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>**ലഹരി വർജ്ജന ക്യാമ്പയിൻ**</u>

1439 **ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്യാമ്പയിൻ നടത്തി വിദ്യാർത്ഥികൾക്ക് ലഹരി വിമുക്ത ക്യാമ്പസ് എന്ന ലക്ഷ്യത്തിനായി എന്തെല്ലാം നടപടികളാണ് യുവജനക്ഷേമ വകുപ്പ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിന് മാതാപിതാക്കളുടെ ബോധവത്ക്കരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ആഘോഷങ്ങളിലും ഉത്സവങ്ങളിലും യുവാക്കളുടെ ലഹരി ഉപയോഗം തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് അറിയിക്കുമോ?

<u>**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**</u>

1440 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര തുകയുടെ ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും; പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

<u>**സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ**</u>

1441 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് നിഷ്ക്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ വിശദീകരിക്കാമോ;

(ബി) ഇൻഫർമേഷൻ കേരള മിഷൻ ഇതിലേക്ക് നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ വിവരങ്ങൾ നൽകുമോ;

(സി) സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന തരത്തിൽ ഇൻഫർമേഷൻ കേരള മിഷൻ നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ച് വാങ്ങൽ നടത്തുന്നത് നിയമ വിധേയമാണോ എന്ന് വ്യക്തമാക്കുമോ ;

(ഡി) വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷനെക്കാൾ ഉയർന്ന വിലയുള്ള സാധന സാമഗ്രികൾ ഇൻഫർമേഷൻ കേരള മിഷന്റെ നിർദ്ദേശാനുസരണം വാങ്ങിയത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് വിദ്യാഭ്യാസ വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്ത് സ്പഷ്ടീകരണമാണ് ആവശ്യപ്പെട്ടിട്ടുള്ളത് കത്തിന്റെ പകർപ്പ് നൽകുമോ;

(എഫ്) തദ്ദേശ ഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടറൈസേഷന് സഹായിക്കുന്നതിനുള്ള ഇൻഫർമേഷൻ കേരള മിഷൻ നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ച് വാങ്ങൽ നടത്തിയത് ഓഡിറ്റ് വിഭാഗം അംഗീകരിക്കാത്തത് മൂലം നിരവധി ഉദ്യോഗസ്ഥർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്തത് പരിഹരിക്കുമോ;

(ജി) സ്കൂളുകളിലേക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടത്തുന്ന വാങ്ങലുകൾക്ക് സ്പെസിഫിക്കേഷൻ നിശ്ചയിക്കുന്ന ചുമതല ഇൻഫർമേഷൻ കേരള മിഷന് നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ?

## ഉദ്യോഗസ്ഥ സ്ഥലം മാറ്റം

1442 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര വകുപ്പിൽ പി.ടി.സി.എം. തസ്തികയിൽ നിയമനം നേടി എഫ്.ടി.എം. ആയി സ്ഥാനക്കയറ്റം നേടിയവരെ വിദ്യാഭ്യാസ വകുപ്പിൽ തത്തുല്യ തസ്തികയിലേക്ക് സ്ഥലം മാറ്റത്തിന് പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമനത്തിന് അനുവദിക്കുന്നതിനുള്ള സർക്കാർ/വകുപ്പ് തല ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## അധ്യാപകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ

1443 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്ക് കാലോചിതമായി എന്തൊക്കെ പരിശീലന പരിപാടികളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശീലനം ക്വാളിറ്റി ഇംപ്രൂവ്മെന്റ് രീതിയിൽ ആണോ സംഘടിപ്പിക്കുന്നത്; വ്യക്തമാക്കുമോ;

(സി) എസ്.സി.ഇ.ആർ.ടി. പോലുള്ള ഗവേഷണ സ്ഥാപനങ്ങളിൽ രക്ഷകർത്താക്കളുടേയും വിദ്യാർത്ഥികളുടേയും പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കോവിഡാനന്തരം അധ്യാപകർക്ക് ശിശു കേന്ദ്രീകൃതമായ രീതിയിൽ പുതിയ പാഠ്യപദ്ധതിക്കനുസരിച്ച് പഠന വിടവ് നികത്താൻ പരിശീലനം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി. സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ?

## സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരണം

1444 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്താദ്യമായി വിദ്യാർത്ഥികളുടേയും പൊതുജനങ്ങളുടേയും അഭിപ്രായങ്ങൾ സ്വരൂപിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന സ്കൂൾ പാഠ്യ പദ്ധതി പരിഷ്കരണം വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാക്കാൻ പോകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പരിഷ്കരിച്ച പാഠ്യപദ്ധതി എന്ന് മുതൽ നടപ്പാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;വിശദമാക്കാമോ?

## ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി

1445 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നടത്തിവരുന്ന ഉച്ചഭക്ഷണ പരിപാടി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ എല്ലാ സ്കൂളുകളിലും ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ ഗുണനിലവാരമുള്ള ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## പൊതുവിദ്യാഭ്യാസ യജ്ഞം

1446 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയിൽ ഒരു കോടി രൂപ അനുവദിച്ച് കിഫ്ബി നവീകരണം നടത്താൻ നിശ്ചയിച്ച സ്ക്കൂളുകളിലെ നിർമ്മാണത്തിന് തുക വർദ്ധിപ്പിച്ചതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടി വിശദമാക്കുമോ?

## പൊതു വിദ്യാലയ സംരക്ഷണ യജ്ഞം

1447 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അരൂർ മണ്ഡലത്തിൽ അനുവദിച്ച സ്കൂളുകൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(സി) അനുവദിച്ച പ്രവൃത്തികളിൽ ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി ലഭിക്കാനുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

**കുട്ടികളിലെ അമിത മൊബൈൽ ഉപയോഗവും ഓൺലൈൻ ഗെയിമുകളും**

1448 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സമയത്ത് ഓൺലൈൻ ക്ലാസുകൾക്കായി മൊബൈൽ ഫോൺ ലഭിച്ചതു മുതൽ നല്ലൊരു ശതമാനം കുട്ടികളിലും മൊബൈൽ ഫോൺ അഡിക്ഷൻ ഉണ്ടായതായും പബ്ജി, ഫ്രീ ഫയർ, ഓൺലൈൻ റമ്മി പോലുള്ള പണം വെച്ചുള്ള ഗെയിം കളികൾ വർദ്ധിച്ചതായും പല കുട്ടികളും ഇക്കാരണങ്ങളാൽ ആത്മഹത്യ ചെയ്തതായും ഉള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) കുട്ടികൾക്കിടയിലെ മൊബൈൽ ഉപയോഗം പബ്ജി, ഫ്രീ ഫയർ, മരണ ഗെയിം തുടങ്ങി ഓൺലൈൻ റമ്മി പോലുള്ള പണം വെച്ചുള്ള ഗെയിം കളികളും , ഓൺലൈൻ കുറ്റകൃത്യങ്ങളും തടയുന്നതിനായും കുട്ടികളെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും, മൊബൈൽ ഫോൺ അഡിക്ഷൻ ഇല്ലാതാക്കുന്ന തിനും സ്കൂൾ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്ത് കുട്ടികളിൽ പ്രേത്യേകിച്ച് ഹയർ സെക്കണ്ടറി വരെയുള്ള കുട്ടികൾ മൊബൈൽ ഓൺലൈൻ ഗെയിം കളിക്കുന്നത് നിയമം മൂലം നിരോധിക്കുന്നതിനും സ്കൂളുകളിൽ ബോധവൽക്കരണവും കൗൺസിലിംഗും നടത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**സ്കൂളുകളിലെ തസ്തിക നിർണ്ണയ നടപടിക്രമങ്ങൾ**

1449 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ നിലവിൽ നടന്നുവരുന്ന തസ്തിക നിർണയ നടപടിക്രമങ്ങൾ എല്ലാ ജില്ലയിലും പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഇത് എത്ര ദിവസത്തിനുള്ളിൽ പൂർത്തിയാകും;

(സി) പൂർത്തിയായെങ്കിൽ ഓരോ ജില്ലയിലും ഗവണ്മെന്റ് സ്കൂളുകളിൽ പുതുതായി നിലവിൽവരുന്ന യു.പി.എസ്.റ്റി. അധിക തസ്തികകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) തസ്തിക നിർണയ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന പക്ഷം എത്ര ദിവസത്തിനുള്ളിൽ ആ തസ്തികകൾ നിലവിൽവരും;

(ഇ) കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ നിന്നും യു.പി.എസ്.ടി. തസ്തികയിൽ (ലാംഗ്വേജ് അധ്യാപകർ ഒഴികെ) 2023 ജനവരി 1 മുതൽ 2025 സെപ്റ്റംബർ 31 വരെ വിരമിക്കുന്ന അധ്യാപകരുടെ പേര്, അവർ ഇപ്പോൾ ജോലി നോക്കുന്ന സ്ഥലം, വിരമിക്കുന്ന തീയതി എന്നിവ വ്യക്തമാക്കുമോ?

## എൽ.എസ്.എസ്. -യു.എസ്.എസ്. സ്കോളർഷിപ് തുക

1450 **ശ്രീമതി.ഉമ തോമസ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷംതോറും പരീക്ഷ നടത്തിയിട്ടും അർഹത നേടിയ വിദ്യാർഥികൾക്ക് എൽ.എസ്.എസ്. -യു.എസ്.എസ്. സ്കോളർഷിപ് തുക കൃത്യമായി നൽകുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എൽ.എസ്.എസ്. പരീക്ഷയെഴുതി വിജയിച്ച വിദ്യാർഥികളിൽ പലർക്കും വർഷങ്ങൾ കഴിഞ്ഞിട്ടും സ്കോളർഷിപ് തുക ലഭ്യമാകാത്ത പരാതി ലഭിച്ചിട്ടുണ്ടോ;

(സി) അർഹതപ്പെട്ട സ്കോളർഷിപ് തുക വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

## എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണം

1451 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് കോടതിവിധി വന്നതിനുശേഷം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതിനായി മാനേജ്മെന്റിന് സർക്കാർ സമയപരിധി നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ

1452 **ശ്രീ വി ജോയി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഗുണ നിലവാരത്തിലും ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; വിശദാംശം നൽകാമോ;

(ബി) പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് (പി.ജി.ഐ.) റിപ്പോർട്ടിൽ കേരളം ഒന്നാമതായി വന്നതിന് അടിസ്ഥാനമായി എന്തെല്ലാം പ്രത്യേക നടപടികളാണ് സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കി വരുന്നത്; വ്യക്തമാക്കാമോ?

## സർക്കാർ വിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപക നിയമനം

1453 **ശ്രീ എ കെ എം അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് പ്രായപരിധി ഉണ്ടോ; ഉയർന്ന പ്രായപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രായപരിധി കഴിഞ്ഞതിനാൽ പി എസ് സി പരീക്ഷ എഴുതി സ്ഥിരം അധ്യാപക ജോലി നേടാൻ കഴിയാത്തതിനാൽ പ്രയാസമനുഭവിക്കുന്ന യോഗ്യതയുള്ള അധ്യാപകർക്ക് ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നതിന് ഏതെങ്കിലും തടസ്സം നിലവിലുണ്ടോ;വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പി.എസ്.സി പരീക്ഷ എഴുതുന്നതിനുള്ള ഉയർന്ന പ്രായപരിധികഴിഞ്ഞ യോഗ്യതയുള അധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്വന്തമായി സ്ഥലം ഇല്ലാത്തതും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഗവൺമെന്റ് സ്കൂളുകൾ

1454 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലം ഇല്ലാത്തതും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ ഗവൺമെന്റ് സ്കൂളുകൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിന് ഏതെങ്കിലും പദ്ധതി പരിഗണനയിൽ ഉണ്ടോ; വ്യക്തമാക്കാമോ;കു;

(ബി) ഇങ്ങനെ എത്ര സ്കൂളുകളാണ് സംസ്ഥാനത്ത് ഉള്ളത് എന്ന് വ്യക്തമാക്കാമോ?

## സ്കൂൾ കുട്ടികളുടെ വിനോദയാത്രക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1455 **ശ്രീ. ടി.സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ വിനോദയാത്രയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് സ്കൂളുകൾ വിനോദയാത്രകൾ സംഘടിപ്പിക്കുന്നത് എന്ന് ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമം വ്യക്തമാക്കുമോ;- ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് വിനോദയാത്ര സംഘടിപ്പിച്ച എത്ര സ്കൂൾ അധികാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

## ഉച്ചഭക്ഷണത്തിനുള്ള നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്

1456 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിന് ഇപ്പോൾ നൽകി വരുന്ന നിരക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനായുള്ള നിരക്ക് അവസാനമായി പുതുക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പൊതു വിപണിയിൽ ഭക്ഷ്യ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകുന്നതിനായി നിശ്ചയിച്ച നിരക്ക് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) 2012 ന് ശേഷം പൊതു വിദ്യാലയങ്ങളിൽ ആരംഭിച്ച പ്രീപ്രൈമറിയിൽ പഠിക്കുന്ന കുട്ടികൾക്ക് പോഷക ആഹാരം നൽകുന്നതിനുള്ള പദ്ധതിയിൽ നിലവിൽ സർക്കാർ തുക വകയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## സ്കൂളുകളിലെ വിനോദയാത്രക്കുള്ള മാർഗ്ഗനിർദേശങ്ങൾ

1457 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ നിന്നും വിനോദയാത്ര പോകുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) രാത്രി യാത്രയും അമിത വേഗതയും അപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) മാനദണ്ഡങ്ങൾ ലംഘിച്ച് വിനോദയാത്ര സംഘടിപ്പിക്കുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## പാഠ്യപദ്ധതി പരിഷ്കരണം

1458 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ കൈവരിച്ച നേട്ടം കൂടുതൽ മികവോടെ മുന്നോട്ടുകൊണ്ടു പോകുന്നതിന് പഠന ചട്ടക്കൂട് നവീകരിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാഠ്യപദ്ധതി പരിഷ്കരണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) പാഠ്യപദ്ധതി പരിഷ്കരണം ഭാവിതലമുറയുടെ ഭാഗധേയം നിർണ്ണയിക്കുന്ന പ്രവർത്തനമായതിനാൽ വിദ്യാഭ്യാസ വിചക്ഷണൻമാർക്കും ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പങ്കാളിത്തം ഉറപ്പു വരുത്തിയിട്ടുണ്ടോ;

(സി) പാഠ്യപദ്ധതി പരിഷ്കരണത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം അറിയിക്കാനും അവ പരിശോധിക്കാനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണം വിശദമാക്കുമോ?

## പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകരുടെ ജോലിഭാരം

1459 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്ത് കോട്ടയത്തും ഇടുക്കിയിലും പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകർ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രഥമ അധ്യാപക തസ്തികയിലെ അമിത ജോലി ഭാരവും മാനസിക സമ്മർദ്ദവും ആണ് ആത്മഹത്യയ്ക്കുള്ള കാരണമെന്നത് സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ;

(സി) സർക്കാർ സ്കൂളുകളിൽ പ്രാഥമാധ്യാപക നിയമനം അംഗീകരിക്കാത്തതും പ്രമോഷൻ തസ്തിയിലുള്ള ശമ്പള അനുകൂല്യങ്ങൾ നൽകാത്തതും കടുത്ത ജോലി ഭാരം ഉള്ളതുമായ സാഹചര്യം നിലവിലുണ്ടോ;

(ഡി) മറ്റു അധ്യാപകരെ പോലെ ക്ലാസ് എടുക്കുന്നതിന് പുറമെ പ്രൈമറി സ്കൂൾ പ്രഥമ അധ്യാപകരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ എന്തൊക്കെയാണ് എന്ന് വിശദമാക്കുമോ;

(ഇ) പാചകവാതകത്തിനും പാലിനും പച്ചക്കറിക്കും പലചരക്കിനും ഒക്കെ ഇരട്ടിയിലേറെ വില വർധിച്ചിട്ടും കുട്ടികൾക്ക് നൽകേണ്ട ഭക്ഷണത്തിനുള്ള തുക വർധിപ്പിക്കാത്തത് പ്രഥമ അധ്യാപകർക്ക് സാമ്പത്തിക സമ്മർദ്ദം ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ വ്യക്തമാക്കാമോ;

(എഫ്) ഉച്ചക്ഷണത്തിന്റെ കാര്യങ്ങൾക്കായും,ശമ്പളം മറ്റ് സാമ്പത്തിക കാര്യങ്ങൾ എന്നിവയ്ക്കായും ട്രഷറിയിലേക്കും മറ്റിടങ്ങളിലേക്കും യാത്ര ചെയ്യേണ്ടിവരുന്ന പ്രഥമ അധ്യാപകർക്ക് സഹായത്തിന് സ്റ്റാഫ് ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ പ്രഥമ അധ്യാപകരുടെ ജോലിഭാരം കുറയ്ക്കുന്നതിനും മാനസിക സമ്മർദ്ദം ഇല്ലാതാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുവനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കാമോ?

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

1460 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പാഠ്യ

പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണ്; പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി പൊതുസമൂഹത്തിന്റെ വിപുലമായ അഭിപ്രായ രൂപീകരണം സാദ്ധ്യമാക്കുന്നതിന് പ്രത്യേകമായ പ്രവർത്തന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; അഭിപ്രായങ്ങളും നിർദേശങ്ങളും നേരിട്ട് സമർപ്പിക്കാൻ പ്രത്യേകമായ സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കേരളത്തിന് വിജ്ഞാന സമ്പദ് വ്യവസ്ഥ എന്ന ലക്ഷ്യം കൈവരിക്കുന്നതിനും കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനും പാഠ്യപദ്ധതി പരിഷ്കരണം സഹായകരമാവുമോ; വ്യക്തമാക്കാമോ?

## <u>സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി</u>

1461 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല നിയോജക മണ്ഡലത്തിലെ ആറ് സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനുള്ള പ്രൊപ്പോസലുകൾ പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഭരണാനുമതി ലഭിക്കുന്നതിന് സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഫയൽ നം.ഡബ്ല്യൂ 1/13312/2022/ഡി.ജി.ഇ. തീയതി 31/10/2022. - ൽ സ്വീകരിച്ച നടപടി അറിയിക്കുമോ;

(ബി) 2020 ബജറ്റിൽ 20 ശതമാനം ഫണ്ട് അനുവദിച്ച മേൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം ഭരണാനുമതി ലഭിക്കാത്തതിനാൽ വർഷങ്ങളായി മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലപ്പഴക്കം ചെന്ന പ്രസ്തുത സ്കൂൾ കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന് അധികമായി വരുന്ന സാമ്പത്തിക ബാദ്ധ്യത കൂടി പരിഗണിച്ച് ഭരണാനുമതിയും മറ്റ് അനുമതികളും നൽകി സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതി</u>

1462 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണം പദ്ധതിക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്ര വീതം ആണെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചിട്ടും സംസ്ഥാന സർക്കാരിന്റെ വിഹിതം വർദ്ധിപ്പിക്കാത്തത് മൂലം ബന്ധപ്പെട്ടവർ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) നിത്യോപയോഗ സാധനങ്ങൾക്ക് ഭീമമായ വിലക്കയറ്റം നേരിടുന്ന ഈ കാലത്ത് സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതത്തിൽ വർദ്ധനവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

## <u>കുട്ടനാട്ടിലെ സർക്കാർ സ്കൂളുകൾ</u>

1463 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി വെള്ളപ്പൊക്കം ഉണ്ടാകുന്നതു മൂലം കുട്ടനാട്ടിലെ സർക്കാർ സ്കൂളുകൾ ബലക്ഷയം നേരിടുന്നതും, കളിസ്ഥലങ്ങളിൽ വെള്ളക്കെട്ടുമൂലം കുട്ടികൾക്ക് കായിക വിനോദത്തിൽ ഏർപ്പെടാൻ കഴിയാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കർഷകരുടെയും കർഷക തൊഴിലാളികളുടെയും മക്കൾ പഠിക്കുന്ന കുട്ടനാട്ടിലെ എല്ലാ സ്കൂളുകളും അന്തർദേശീയ നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**തുടർ പഠനത്തിന് അവസരം നൽകുന്നതിന് നടപടികൾ**

1464 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എസ്.എസ്. എൽ.സി. പാസ്സായി തുടർ പഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ വർഷം എസ്.എസ്. എൽ.സി കഴിഞ്ഞ് തുടർ പഠനത്തിന് അർഹതനേടിയ എത്ര കുട്ടികൾക്ക് വിവിധ കോഴ്സുകളിലായി സർക്കാർ / എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതുവരെ അഡ്മിഷൻ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) തുടർ പഠനത്തിന് അർഹരായ മുഴുവൻ കുട്ടികൾക്കും തുടർ പഠനത്തിന് അവസരം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**പട്ടാമ്പി നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം**

1465 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ 2018- 2019 കാലയളവിൽ എം.എൽ.എ. -എ.ഡി.എഫ്. ൽ ഉൾപ്പെടുത്തി 15 സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം കെൽട്രോൺ മുഖാന്തിരം നടപ്പിലാക്കിയിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഒരു സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ ആകെ ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) നിർമ്മാണ ഏജൻസിയായ കെൽട്രോണിന് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്നും ഏത് തിയതിയിലാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ഇ) തുക അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

**കൊടുവഴന്നൂർ ഗവ. എച്ച്.എസ്.ന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

1466 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി കൊട്ടുവഴന്നൂർ ഗവ. എച്ച്.എസ്. ൽ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**അരുവിക്കര മണ്ഡലത്തിലെ പുതിയ വിദ്യാഭ്യാസ പദ്ധതികൾ**

1467 **ശ്രീ ജി സ്റ്റീഫൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അരുവിക്കര നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതികൾക്കും അനുവദിച്ചിട്ടുള്ള തുകയും നിലവിലെ പ്രവർത്തന പുരോഗതിയും സംബന്ധിച്ച വിവരം നൽകാമോ?

**കെ.ജി.റ്റി.ഇ. ഷോർട്ട് ഹാൻഡ് പരീക്ഷ**

1468 **ശ്രീ കോവൂർ കുഞ്ഞുമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ്) ഇംഗ്ലീഷ് ഷോർട്ട് ഹാൻഡ് ( ലോവർ 80 wpm., ഹയർ 120 wpm. ഹൈസ്പീഡ് 150 wpm. ) എന്നിവയ്ക്ക് തത്തുല്യമായി തമിഴ്നാട് ഗവ.ടെക്നിക്കൽ എക്സാമിനേഷൻ (റ്റി.ജി.റ്റി.ഇ.) നടത്തുന്ന ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80 wpm , ഇന്റർമിഡിയറ്റ് 100 wpm. സീനിയർ 120 wpm. ഹൈസ്പീഡ് 150 wpm. എന്നീ പരീക്ഷകളിൽ ഏതെല്ലാമാണ് കേരള സർക്കാർ തത്തുല്യമായി അംഗീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) തമിഴ്നാട് ഗവ.ടെക്നിക്കൽ എക്സാമിനേഷൻ (റ്റി.ജി.റ്റി.ഇ) നടത്തുന്ന ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ജൂനിയർ 80wpm. പാസ്സായ ഒരാൾക്ക് കെ.ജി.റ്റി.ഇ.(കോമേഴ്സ്) ഷോർട്ട് ഹാൻഡ് ഇംഗ്ലീഷ് ഹയർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് അറ്റന്റ് ചെയ്യുന്നതിന് സാധിക്കുമോ; വ്യക്തമാക്കാമോ?

**കാളംതിരുത്തി എം.ജി.എൽ.സി. സ്കൂൾ അടച്ചുപൂട്ടിയ ഉത്തരവ് പുനഃ പരിശോധിക്കുന്നതിന് നടപടി**

1469 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കാളം തിരുത്തി എം.ജി.എൽ.സി. സ്കൂൾ അടച്ച് പൂട്ടുന്നത് പുനപരിശോധിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ കത്തിന് സർക്കാർ മറുപടി നൽകിയിരുന്നോ;

(ബി) ഈ സ്കൂൾ അടച്ചുപൂട്ടിയ ഉത്തരവ് പുനഃ പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) എം.ജി.എൽ. സി. സ്കൂളുകൾ അടച്ച് പൂട്ടുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച

ചെയ്യുന്നതിന് ബന്ധപ്പെട്ട എം.എൽ.എ. മാരുടെ യോഗം വിളിച്ചുചേർക്കുമെന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി നിയമസഭയിൽ സബ്മിഷന് മറുപടി നൽകിയതിനെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

## <u>നടക്കാവ് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ ശോച്യാവസ്ഥ</u>

1470 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവ് ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതിയ സാഹചര്യത്തിൽ അദ്ധ്യാപക പരിശീലനം അടക്കം ലഭിക്കുന്ന തരത്തിൽ ഈ സ്ഥാപനത്തെ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>സ്കൂളുകളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ</u>

1471 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 - 18 വർഷത്തെ ബഡ്ജറ്റിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള (3 കോടി രൂപ വീതം) ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗവ. ഹൈസ്കൂൾ, പരവൂർ ഗവ. ഹയർസെക്കണ്ടറി എന്നീ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട നടപടികളിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുള്ള ചാത്തന്നൂർ മണ്ഡലത്തിലെ ഉളിയനാട് ഗവ. ഹൈസ്കൂൾ, നെടുങ്ങോലം ഗവ. ഹൈസ്കൂൾ, കോയിപ്പാട് ഗവ. എൽ. പി. എസ്. എന്നീ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നടപടികളിലെ പുരോഗതി വ്യക്തമാക്കാമോ?

## <u>തവനൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവൃത്തികൾ</u>

1472 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി (3 കോടി, 1 കോടി രൂപ പദ്ധതി) കെട്ടിട നിർമ്മാണത്തിന് ഉത്തരവായിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇതിന്മേലുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

## <u>പനയപ്പിള്ളി ഗവ: ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം</u>

1473 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി പനയപ്പിള്ളി ഗവ:

ഹൈസ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് (കെട്ടിട വിഭാഗം) കത്ത് നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ?

## നാട്ടിക മണ്ഡലത്തിലെ വിദ്യാലയങ്ങളെ സംബന്ധിച്ച്

1474 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാട്ടിക നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്;

(ബി) മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 100 വർഷത്തിലേറെ കാലപ്പഴക്കമുള്ള സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു നീക്കി പുതിയ കെട്ടിടം കിഫ്ബി മുഖാന്തിരം പണമനുവദിച്ച് നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) നബാർഡ് സ്കീം പ്രകാരം നാട്ടിക നിയോജക മണ്ഡലത്തിലെ അമ്മാടം ഗവ. എൽ. പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പ്രമേഹ ബാധിതരായ കുട്ടികൾക്ക് സ്കൂളുകളിൽ ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ

1475 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ പ്രമേഹ ബാധിതരായ എത്ര കുട്ടികൾ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം കുട്ടികളുടെ വിശദമായ കണക്ക് തയ്യാറാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ടൈപ്പ് വൺ പ്രമേഹ ബാധിതരായ കുട്ടികളുടെ ആരോഗ്യം കണക്കിലെടുത്ത് പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പ് 19.03.2022-ന് പുറത്തിറക്കിയ സർക്കുലർ പ്രകാരം മലപ്പുറം കോഴിക്കോട് ജില്ലകളിലെ ഏതൊക്കെ സ്കൂളുകളിൽ എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ; സ്കൂളുകളുടെ പേര് വിവരങ്ങളും, പൂർത്തീകരിച്ച ക്രമീകരണങ്ങളും വിശദമാക്കുമോ?

## 'ചലഞ്ച് ഫണ്ട്' പദ്ധതി

1476 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ചലഞ്ച് ഫണ്ട്' സ്കീം സംസ്ഥാനത്ത് എത്ര എയ്ഡഡ് വിദ്യാലയങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്; അനുവദിച്ച തുക, സ്ഥാപനങ്ങളുടെ പേര്, ജില്ല എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) 'ചലഞ്ച് ഫണ്ട്' പദ്ധതിയിലൂടെ സ്കൂൾ മന്ദിരം പണികഴിപ്പിച്ചിട്ടും സർക്കാർ വിഹിതം ലഭിക്കാത്ത സ്കൂളുകൾ എത്രയുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) 'ചലഞ്ച് ഫണ്ട്' പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഈ പദ്ധതിയുടെ വിശദാംശം നൽകുമോ?

## ഗോത്ര സാരഥി പദ്ധതി

1477 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര സാരഥി പദ്ധതിയിൽ വയനാട് ജില്ലിയിൽ ഒരോ സ്കൂളിലും എത്ര കുട്ടികൾ ഉൾപ്പെട്ടിട്ടുണ്ട് എന്നുള്ള വിവരം സ്കൂൾ/ക്ലാസ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) വയനാട് ജില്ലയിൽ ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ മാസവും ഓരോ സ്കൂളിനും വേണ്ടി വരുന്ന തുക എത്രയാണെന്ന വിവരം സ്കൂൾ തിരിച്ച് ലഭ്യമാക്കുമോ;

(സി) ഗോത്ര സാരാഥി പദ്ധതിക്കായി എത്ര വാഹനങ്ങളാണ് ഓരോ സ്കൂളിനും വേണ്ടി ഓടുന്നത് എന്ന കണക്ക് സ്കൂൾ തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഈ ഓരോ വാഹനത്തിനും ഓരോ സ്കൂളും നൽകുന്ന തുകയും ആ വാഹനത്തിൽ യാത്ര ചെയ്യുന്ന കുട്ടികളുടെ എണ്ണവും വ്യക്തമാക്കുമോ?

## ആലിപ്പറമ്പ് ജി.എച്ച്.എസ്.എസിൽ ലാബ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം

1478 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലിപ്പറമ്പ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് അനുമതി തേടി സ്കൂൾ പി.ടി.എ. പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ കത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

## നെന്മാറ നിയോജക മണ്ഡലത്തിലെ വട്ടേക്കാട് ഗവ. യു.പി. സ്കൂളിന്റെ നിർമ്മാണ പ്രവർത്തികൾ

1479 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജക മണ്ഡലത്തിലെ വട്ടേക്കാട് ഗവ. യു.പി.സ്കൂളിന്റെ നിർമ്മാണ പ്രവർത്തികൾ നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) ഈ സ്കൂളിന്റെ നിർമ്മാണ പ്രവർത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ഈ സ്കൂളിന്റെ നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും; ആയത് എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളിലെ വിവിധ പദ്ധതികൾ

1480 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കുന്നം, ഗവൺമെന്റ് എൽ.പി.എസ്. ചണിയറ എന്നീ സ്കൂളുകൾക്ക് കെട്ടിടനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുക അനുവദിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## സമേതം പോർട്ടലിലൂടെ ലഭിക്കുന്ന സേവനങ്ങൾ

1481 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ സമേതം പോർട്ടലിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് സമേതം പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ, വിശദവിവരം ലഭ്യമാക്കുമോ?

## പാഠ്യപദ്ധതി പരിഷ്കരണം

1482 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 'കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ സമൂഹ ചർച്ചയ്ക്കായുള്ള കുറിപ്പുകൾ' എന്ന പേരിൽ എസ്. സി. ഇ. ആർ.ടി. തയ്യാറാക്കിയ ചർച്ച കുറിപ്പുകൾ പൊതുജനങ്ങളിൽ നിന്നുള്ള അഭിപ്രായ രൂപീകരണത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിൽ നിന്നും തലങ്ങളിൽ നിന്നുമുള്ള അഭിപ്രായങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ഈ കുറിപ്പുകൾ ജനങ്ങളിലേക്കും മറ്റുതലങ്ങളിലേക്കും എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ചർച്ചാക്കുറിപ്പിന്റെ പകർപ്പ് നൽകുമോ;

(സി) വിവിധ മേഖലകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കുന്ന പ്രക്രിയ എപ്രകാരം നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ;

(ഡി) ലോക ബാങ്ക് സഹായം സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കിയ ഡി.പി.ഇ.പി. പദ്ധതി കേരളത്തിലെ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം തകർക്കുകയും ശരിയായ രീതിയിൽ എഴുതാനോ വായിക്കാനോ അറിയാത്ത ഒരു തലമുറയാണ് വൈദേശിക വായ്പ പദ്ധതിയിലൂടെ ഇവിടെ രൂപപ്പെട്ടത് എന്നുമുള്ള വിമർശനം ഉയർന്നതും ഡി.പി.ഇ.പി. പദ്ധതി പരാജയമായതുമാണോ ഇപ്പോൾ പുതിയ പാഠ്യപദ്ധതിയുമായി മുന്നോട്ട് വരുന്നതിന് കാരണം; വിശദമാക്കുമോ;

(ഇ) കേന്ദ്ര ഗവൺമെൻറ് വിദ്യാഭ്യാസ പദ്ധതിയായ ദേശീയ വിദ്യാഭ്യാസ നയം (എൻ.ഇ.പി. ) നടപ്പാക്കുന്നതിന്റെ ഭാഗമായി ആണോ ഇപ്പോൾ കേരളത്തിലും ഇപ്രകാരം പാഠ്യപദ്ധതി പരിഷ്കരണം നടപ്പിലാക്കുന്നത്; എൻ.ഇ.പി.

കേരളത്തിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എൻ.ഇ.പി. യുടെ ഘടകങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) പുതിയ പാഠ്യ പദ്ധതി നടപ്പാക്കുന്നതിനു മുൻപ് കേരളത്തിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള വിദ്യാഭ്യാസ പരിഷ്കരണങ്ങളുടെ പരിണതഫലങ്ങൾ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിന് തയ്യാറാകുമോ; വിശദാംശം അറിയിക്കുമോ?

## പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ

1483 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) 2013 ലെ പാഠ്യപദ്ധതി പരിഷക്കരണത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും ഏതെങ്കിലും തരത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പാഠ്യപദ്ധതി ചട്ടക്കൂടിന്റെ താഴെതട്ട് മുതൽ നടക്കുന്ന ചർച്ചകൾ ക്രോഡീകരിക്കുന്നതിനും അത് സംസ്ഥാനതലത്തിൽ വിലയിരുത്തുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

## സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം

1484 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഏതൊക്കെ തലങ്ങളിലും മേഖലകളിലുമുള്ളവരെ ഉൾപ്പെടുത്തിയാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന് ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ ആരായുകയും ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പൊതുജനാഭിപ്രായം ആരായുന്ന ഘട്ടത്തിൽ കമ്പ്യൂട്ടർ സാക്ഷരതയുണ്ടെങ്കിലും ഇന്റർനെറ്റ് സംവിധാനത്തിന്റെ അപര്യാപ്തതയുള്ള സാധാരണ ജനങ്ങൾക്കുകൂടി അവസരം നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

(ഡി) ശാസ്ത്രം, കല, കായികം, ഭാഷാപ്രയോഗം എന്നീ മേഖലകളിൽ കുട്ടികളുടെ അഭിരുചി കണ്ടെത്തി പ്രോത്സാഹനത്തിന് ഊന്നൽകൊടുക്കുന്ന തരത്തിലുള്ള പരിഷ്കരണം സാധ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത പരിഷ്കരണത്തിലൂടെ അദ്ധ്യാപകർക്ക് തുല്യ ഇടവേളകളിൽ കാലാനുസൃതമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന പ്രീ പ്രൈമറി ക്ലാസുകളിലെ അധ്യാപികമാരുടെ വേതനം

1485 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ - എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്ന പ്രീ പ്രൈമറി ക്ലാസുകളിലെ അധ്യാപികമാർക്കും ആയമാർക്കും വേതനം നൽകുന്നതിന് രക്ഷിതാക്കളിൽ നിന്നും ഫീസ് വാങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുവിദ്യാലയങ്ങളിൽ കൂടുതൽ വിദ്യാർത്ഥികൾ പ്രവേശനം തേടുന്നത് ഈ വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന പ്രീ പ്രൈമറി ക്ലാസുകൾ കൂടുതലായി രക്ഷിതാക്കൾ പ്രയോജനപ്പെടുത്തുന്നതിനാലാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രീ പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കി പഠിപ്പിക്കുന്നത് ഒഴിവാക്കുന്നത് ഉചിതമായിരിക്കും എന്നത് പരിശോധിക്കുമോ;

(ഡി) വിവിധ സർക്കാർ സ്കൂളുകളിൽ പ്രീപ്രൈമറി അധ്യാപകരും ആയമാരും ആയി എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും; ഇതിൽ എത്രപേർക്ക് സർക്കാർ വേതനം നൽകുന്നു എന്നത് സംബന്ധിച്ചും വിശദാംശം നൽകുമോ?

## കായിക്കര എൽ.പി.എസ് -ന് പുതിയ കെട്ടിടം നിർമ്മാണം

1486 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് പഞ്ചായത്തിൽ മഹാകവി കുമാരനാശാൻ പഠിച്ചതും പഠിപ്പിച്ചതുമായ ഗവൺമെന്റ് കായിക്കര എൽ.പി.എസ്. സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കാൻ അനുവദിച്ച 1 കോടി രൂപ ചെലവഴിക്കാനാവാത്തത് നിലവിലുള്ള വസ്തുവിന്റെ വിസ്തീർണ്ണം നിർണ്ണയിച്ച് നൽകാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## പ്രീപ്രൈമറി ജീവനക്കാരുടെ പ്രശ്നങ്ങൾ

1487 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ക്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്ക്കൂളുകളിൽ 2012 ന് ശേഷം നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെയും, ആയമാരുടേയും സേവനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ സർക്കാർ എന്ത് തീരുമാനമാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രീപ്രൈമറി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികളെയും ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രീപ്രൈമറി ക്ലാസുകൾ ഹൈടെക്ക് ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഗവൺമെന്റ് പ്രൈമറി സ്കൂളുകളിൽ പ്രീ പ്രൈമറി വിഭാഗം ആരംഭിക്കുന്നതിന് നടപടി**

1488 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി എല്ലാ ഗവൺമെന്റ് പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി വിഭാഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അറിയിക്കുമോ ;

(ബി) ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്രീ പ്രൈമറി സ്കൂളുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ?

**ക്ലാരി വെസ്റ്റ് ഗവൺമെന്റ് എൽപി സ്കൂളിന് അനുവദിച്ച ബസ്**

1489 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ ഗവൺമെന്റ് എൽ. പി. സ്കൂൾ ക്ലാരി വെസ്റ്റ് എന്ന സ്കൂളിന് അനുവദിച്ച സ്കൂൾ ബസ് എം.എൽ.എ. യുടെ അറിവോ ശുപാർശയോ ഇല്ലാതെ എടരിക്കോട് പഞ്ചായത്തിലെ ഗവൺമെന്റ് യു. പി.സ്കൂൾ ക്ലാരി എന്ന സ്കൂളിലേക്ക് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ ഗവൺമെന്റ് എൽ.പി. സ്കൂൾ ക്ലാരി വെസ്റ്റ് എന്ന സ്കൂളിലേക്ക് അനുവദിച്ച സ്കൂൾ ബസ് എടരിക്കോട് ക്ലാരി ഗവൺമെന്റ് യു. പി. സ്കൂളിലേക്ക് മാറ്റിയതിന് ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ സ്കൂൾ ബസ് ഒരു സ്കൂളിൽനിന്നും മറ്റൊരു സ്കൂളിലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച സ്കൂൾ ബസ് മറ്റൊരു സ്കൂളിലേക്ക് മാറ്റുന്നതിന് എം.എൽ.എ. യുടെ ശുപാർശ ആവശ്യമുണ്ടോ; മേൽപ്പറഞ്ഞ സ്കൂൾ ബസ് മറ്റൊരു സ്കൂളിലേക്ക് മാറ്റിയത് ആരുടെ നിർദ്ദേശപ്രകാരമാണ്; വിശദമാക്കുമോ?

**ഉള്ളിയേരി ജി.എൽ. പി. സ്കൂളിന്റെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ**

1490 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് വർഷത്തോളം പഴക്കമുള്ള ഉള്ളിയേരി ജി.എൽ. പി. സ്കൂളിന്റെ കെട്ടിടം പ്രവർത്തിക്കുന്നത് ഒസ്യത്ത് പ്രകാരമുള്ള ഭൂമിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ക്രയ വിക്രയധികാരമില്ലാത്ത പ്രസ്തുത ഭൂമി കെ.ഇ.ആർ. ചട്ട പ്രകാരം

ഏറ്റെടുക്കുന്നതിന് തടസ്സമുണ്ടോ;

(സി) ഉള്ളിയേരി ജി.എൽ. പി. സ്കൂളിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**ചെമ്മാണിയോട് ജി.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി**

1491 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചാം തരം വരെ പഠനസൗകര്യമുള്ള ചെമ്മാണിയോട് ജി.എൽ.പി. സ്കൂൾ യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**പ്ലസ് വൺ പ്രവേശനം**

1492 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പത്താംക്ലാസ് പരീക്ഷയിൽ ഉന്നത പഠനത്തിന് അർഹത നേടി എത്ര കുട്ടികൾ വിജയിച്ചു എന്ന് ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(ബി) വിജയിച്ച കുട്ടികളിൽ എത്ര പേർ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുണ്ടെന്നും അവരിൽ എത്രപേർക്ക് സീറ്റ് ലഭിച്ചു എന്നും ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(സി) സീറ്റ് ലഭിക്കാത്ത കുട്ടികളിൽ എത്രപേർ സ്പെഷ്യൽ ഓർഡറിന് വേണ്ടി സ സമീപിച്ചിട്ടുണ്ട് എന്നും അവരിൽ എത്രപേർക്ക് പ്രത്യേക അനുമതി നൽകി എന്നും വ്യക്തമാക്കുമോ; അനുമതി ലഭിക്കാത്ത കുട്ടികൾക്ക് എപ്പോൾ അനുമതി നൽകുമെന്ന് വിശദമാക്കുമോ;

(ഡി) ഒരു സ്കൂളിലും സീറ്റ് കിട്ടാത്ത കുട്ടികൾക്ക് പുറമേ കിലോമീറ്ററുകൾക്ക് അപ്പുറം സീറ്റ് ലഭിച്ച കുട്ടികളുടെ പ്രയാസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം കുട്ടികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(ഇ) ദൂരെദിക്കുകളിൽ സീറ്റ് ലഭിച്ച കുട്ടികൾ സ്കൂൾ മാറ്റത്തിന് അപേക്ഷിച്ചിട്ടുണ്ടോ എന്നും എത്രപേർക്ക് മാറ്റം അനുവദിച്ചു ഉത്തരവായിട്ടുണ്ടെന്നും ജില്ല തിരിച്ചു വ്യക്തമാക്കുമോ?;

(എഫ്) കോമ്പിനേഷൻ മാറ്റം അനുവദിക്കില്ലെന്ന നിലപാട് സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം കുട്ടികളുടെയും സീറ്റ് തീരെ ലഭിക്കാത്ത കുട്ടികളുടെയും ഭാവിയെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ?

**പെരിനാട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം**

1493 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജക മണ്ഡലത്തിലെ പെരിനാട് ഗവ. ഹയർ സെക്കൻഡറി സ്കൂളിനായി ഒരു കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി

വിലയിരുത്തിയിട്ടുണ്ടോ;വിശദാംശം അറിയിക്കുമോ ?

**കെ.ഇ.ആർ. റൂൾ 51 എ**

1494 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാല സർവീസ് ഉള്ള ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് കെ.ഇ.ആർ. ലെ റൂൾ 51 എ ബാധകമാക്കികൊണ്ടു ബഹു ഹൈകോടതി ഡിവിഷൻ ബെഞ്ച് ജയശ്രീ vs കേരള സ്റ്റേറ്റ് എന്ന കേസിൽ വിധി നടത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേസുകളിൽ പ്രസ്തുത വിധി പ്രസ്താവത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കണമെന്നു കാണിച്ച് വകുപ്പ്പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിരുന്നോ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഹയർസെക്കണ്ടറി വിഭാഗത്തിൽ 51 എ ക്ലെയിം ബാധകമാക്കികൊണ്ടു ബഹു.ഹൈകോടതി വിധി പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടും ചില റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അത്തരം കേസുകളിൽ വീണ്ടും സ്പഷ്ടീകരണം ചോദിച്ച് ഫയലുകളിൽ കാലതാമസം വരുത്തുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

**മണലൂർ മണ്ഡലത്തിലെ അബ്ദുൽ റൗഫ് മജീദിന്റെ പ്ലസ് വൺ പ്രവേശനം**

1495 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 അദ്ധ്യയന വർഷത്തിൽ ഏകജാലക പ്രവേശന നടപടിക്രമപ്രകാരം പ്ലസ് വണിന് അപേക്ഷ സമർപ്പിച്ച മണലൂർ മണ്ഡലത്തിലെ പാടൂർ പുഴങ്ങരയില്ലത്ത് വീട്ടിൽ അബ്ദുൽ റൗഫ് മജീദ് എന്ന ശാരീരിക അവശതകൾ നേരിടുന്ന വിദ്യാർത്ഥിക്ക് തന്റെ വീടിനടുത്തുള്ള പാടൂർ അലീമുൽ ഇസ്ലാം ഹയർ സെക്കന്ററി സ്കൂളിലേക്ക് അഡ്മിഷൻ ലഭിക്കുന്നതിനായി വിദ്യാഭ്യാസ മന്ത്രിക്ക് 6667905/2022/മിനി (വിദ്യാഭ്യാസം) നമ്പർ പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാന് സ്കൂൾ മാറ്റം അനുവദിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) പാടൂർ അലീമുൽ ഇസ്ലാം എച്ച്.എസ്.എസ്.-ൽ പ്ലസ് വണിന് ഒഴിവുള്ളതിനാൽ ടിയാന് അഡ്മിഷൻ നൽകുന്നതിന് സമ്മതമാണെന്നുള്ള സ്കൂൾ പ്രിൻസിപ്പലിന്റെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ഈ വിദ്യാർത്ഥിക്ക് അഡ്മിഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

**ഹയർ സെക്കണ്ടറി തലത്തിൽ ഉറുദു ഭാഷ തുടർ പഠനത്തിന് അവസരം**

1496 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പത്താം തരം വരെ ഉറുദു ഒന്നാം ഭാഷയായി പഠിച്ച വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി തലത്തിൽ ഉറുദു ഭാഷ തുടർ പഠനത്തിന് വേണ്ടത്ര അവസരം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉറുദു തുടർ പഠനത്തിനായി അവസരം

ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കോഴിക്കോട്, തലശ്ശേരി ഗവ. ട്രെയിനിംഗ് കോളേജുകളിൽ ഉറുദു ബി.എഡ് കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഹയർ സെക്കണ്ടറി വിഭാഗത്തിലെ ജൂനിയർ ഉറുദു അധ്യാപകർക്ക് 5 വർഷം സർവ്വീസ് പൂർത്തീകരിച്ചാലും സീനിയർ ആനുകൂല്യം നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) 5 വർഷം പൂർത്തിയായ പ്രസ്തുത അധ്യാപകർക്ക് സീനിയർ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ;

(എഫ്) ലോവർപ്രൈമറി തലം മുതൽ പല ഭാഷകൾക്കും ഭാഷാ പഠനത്തിന് അവസരമുണ്ടെന്നിരിക്കെ ഉറുദുഭാഷാ പഠനത്തിനും ലോവർ പ്രൈമറി തലം മുതൽ അവസരം ഒരുക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

## <u>മഞ്ചേരി പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടി</u>

1497 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ മുഴുവൻ നടപടിക്രമങ്ങൾ പൂർത്തിയായിട്ടും മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുല്ലൂർ ഗവ: യു.പി. സ്കൂൾ, ഹൈസ്കൂൾ ആയി ഉയർത്താനുള്ള നടപടികളിൽ താമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യു.പി.സ്കൂൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## <u>സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം</u>

1498 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികളെ ലഹരി വില്പനയ്ക്കായി ദുരുപയോഗം ചെയ്യുന്നതും സ്കൂൾ പരിസരത്തെ ലഹരി വില്പനയും തടയുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വ്യാജവാറ്റ്, ലഹരി വില്പന, ഉപയോഗം എന്നീ കുറ്റകൃത്യങ്ങളുടെ പേരിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര അധ്യാപകർക്കും സ്കൂൾ ജീവനക്കാർക്കെതിരെയും പരാതി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## <u>സ്കൂൾ കുട്ടികളിലെ ലഹരി ഉപയോഗം</u>

1499 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. എ . പി . അനിൽ കുമാർ**

**ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്കൂൾ തലത്തിൽ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളിൽ കുട്ടികൾ കൃത്യമായി ഹാജരാകുന്നില്ലെങ്കിൽ ആ വിവരം രക്ഷിതാക്കളെ അറിയിക്കുന്ന പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) സ്കൂളുകളിൽ കുട്ടികൾക്ക് വേണ്ടി നടത്തുന്ന ലഹരി വിരുദ്ധ ബോധവത്ക്കരണ പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ?

## ഗ്രന്ഥശാലകൾക്കുള്ള ലൈബ്രേറിയൻ അലവൻസ്

1500 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിൽ അഫിലിയേറ്റ് ചെയ്ത ഗ്രന്ഥശാലകൾക്ക് വാർഷിക ഗ്രാന്റും ലൈബ്രേറിയൻ അലവൻസും വർദ്ധിപ്പിക്കുന്നതിനും ഇവ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും നടപടികൾ ഉണ്ടാകുമോ വ്യക്തമാക്കാമോ?

## പ്ലസ് ടു ക്ലാസ്സിൽ എടുത്ത അഡ്മിഷൻ കാൻസൽ ചെയ്യുന്നതിനുള്ള അവസരം

1501 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടു-ൽ റഗുലർ ബാച്ചിൽ അഡ്മിഷൻ എടുത്താൽ പിന്നീട് ക്യാൻസൽ ചെയ്യാൻ വ്യവസ്ഥ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അസുഖമോ അപകടം മൂലമോ കോഴ്സ് പൂർത്തീകരിക്കാൻ കഴിയാത്തവർക്ക് പ്ലസ് ടു-ൽ എടുത്ത അഡ്മിഷൻ കാൻസൽ ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിന് ആലോചിക്കുന്നുണ്ടെങ്കിൽ എന്തൊക്കെ നടപടിയാണ് ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## സ്കോൾ -കേരളക്ക് കീഴിൽ പ്ലസ് വൺ പ്രവേശനം

1502 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ -കേരള പദ്ധതിക്ക് കീഴിൽ 2022-23 വർഷത്തിൽ പ്ലസ് വൺ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം ജില്ല, വിഷയ കോമ്പിനേഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 2016 മുതൽ 2021 വരെ സ്കോൾ -കേരളയിൽ പ്ലസ് വൺ പ്രവേശനം നൽകിയ കുട്ടികളുടെ എണ്ണം ജില്ല, വിഷയ കോമ്പിനേഷൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) സ്കോൾ -കേരളക്ക് കീഴിൽ 2016 മുതൽ പരീക്ഷ എഴുതിയ ഹയർസെക്കൻഡറി വിദ്യാർഥികളുടെ പ്ലസ്- ടു വിജയ ശതമാനം ജില്ല അടിസ്ഥാനത്തിൽ

അറിയിക്കാമോ?

**സ്കൂൾ ശാസ്ത്ര, കായിക, കലാ മേളകൾക്ക് നൽകിവരുന്ന ധനസഹായം**

1503 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് ജില്ല, ജില്ല, സ്കൂൾ ശാസ്ത്ര, കായിക, കലാ മേളകളുടെ നടത്തിപ്പിന് സംസ്ഥാന വിഹിതമായി നൽകി വരുന്ന ധനസഹായം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ നൽകി വരുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

**വിദ്യാർത്ഥികൾക്ക് കായിക പരിശീലനം**

1504 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) കളിസ്ഥലം ഇല്ലാത്തതും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതുമായ സ്കൂളുകളിൽ കായിക പരിശീലനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരം സ്കൂളുകൾക്ക് പുതുതായി കളിസ്ഥലം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ചെർപ്പുളശ്ശേരി എ.ഇ. ഓഫീസ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ**

1505 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി എ.ഇ. ഓഫീസ് സർക്കാർ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്;

(ബി) നിലവിൽ എ.ഇ. ഓഫീസ് ആയി പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിൽ ചെർപ്പുളശ്ശേരി ഗവൺമെന്റ് വി.എച് .എസ്.സി. യിലേക്ക് താത്കാലികമായി മാറ്റി എ.ഇ. ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് എ.ഇ. ഓഫീസിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഈ വിഷയത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

**കണ്ണനല്ലൂർ എം.കെ. എൽ. എം. സ്കൂളിലെ തസ്തിക നിർണയം**

1506 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണനല്ലൂർ എം. കെ. എൽ. എം. സ്കൂളിലെ തസ്തിക നിർണയ ഫയലിൽ മാനേജരുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ ഒരു തസ്തിക പുനസ്ഥാപിച്ച് നൽകുവാൻ

ശിപാർശ നൽകിയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ മലയാളം തസ്തിക പുനസ്ഥാപിച്ച് നൽകാമെന്ന് ഫയലിൽ ഉത്തരവിട്ടത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ നഷ്ടപ്പെട്ട തസ്തികൾ പുനസ്ഥാപിച്ച നൽകാൻ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് അധികാരമുണ്ടോ;

(ഡി) ഒരിക്കൽ തസ്തിക നഷ്ടപ്പെട്ടാൽ അത് പുനസ്ഥാപിച്ച് നൽകാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമായിരിക്കെ, സർക്കാർ അറിയാതെ സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന രീതിയിൽ സ്വന്തം നിലയ്ക്ക് തസ്തിക പുനസ്ഥാപിച്ച് കൊടുത്തു എന്ന ഗുരുതരമായ കുറ്റം ചെയ്ത തിരുവനന്തപുരം ആർ.ഡി.ഡി, സൂപ്രണ്ട് എന്നിവർക്ക് എതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>പാറശ്ശാല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ സ്കൂളുകളുടെ നവീകരണ പ്രവൃത്തികൾ</u>

1507 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന കില എസ്.പി.വി.യായി നടപ്പിലാക്കുന്ന വിവിധ സ്കൂളുകളുടെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് പുറമേ പാറശ്ശാല നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇതിൽ ഒരോ പദ്ധതിയ്ക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും നിർവ്വഹണ ഏജൻസി ആരാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ?

## <u>കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂളിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി</u>

1508 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് 3 കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂളിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## <u>കോന്നി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം</u>

1509 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ കുന്നിട ഗവ. എൽ.പി.എസ്., കലഞ്ഞൂർ ഗവ. എൽ.പി.എസ്., ചിറ്റാർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, മാങ്കോട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും; നടപടി വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് കെട്ടിട വിഭാഗവും തദ്ദേശസ്വയംഭരണ വിഭാഗവും നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ള കോന്നി നിയോജക മണ്ഡലത്തിലെ ഗവ. എൽ.പി.എസ്. പേരൂർകുളം, കോന്നി, ഗവ. എൽ.പി.എസ്. മലയാലപ്പുഴ, ഗവ. എൽ.പി.എസ്. വള്ളിക്കോട്, ഗവ. എൽ.പി.എസ്. പ്രമാടം എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ?

## <u>പെരിങ്ങോട്ട്കുറിശ്ശി ജി.എച്ച്.എസ്.എസ്. ന് സ്കൂൾ ബസ്</u>

1510 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ തരൂർ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പെരിങ്ങോട്ട്കുറിശ്ശി ജി.എച്ച്.എസ്.എസ്. ന് സ്കൂൾ ബസ് വാങ്ങുന്നതിലേക്കായി സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) സർക്കാർ അനുമതി ലഭ്യമാകുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## <u>മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ശിവപുരം, കാഞ്ഞിലേരി എൽ.പി. സ്കൂളുകളുടെ നിർമ്മാണം</u>

1511 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ശിവപുരം എൽ.പി. സ്കൂൾ, കാഞ്ഞിലേരി എൽ.പി. സ്കൂൾ എന്നിവക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഡി.പി.ആർ. വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവൃത്തി പുരോഗതി വ്യക്തമാക്കുമോ?

## <u>നെന്മാറ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പുരോഗതി</u>

1512 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നാളിതുവരെ നിർമ്മാണം തുടങ്ങാൻ കഴിയാത്ത സ്കൂളുകൾ ഏതെല്ലാമാണെന്നും കാലതാമസം ഉണ്ടാകുവാനുള്ള കാരണം എന്തെന്നും വിശദമാക്കുമോ;

(സി) ഏതെല്ലാം സ്കൂളുകളുടെ നിർമ്മാണമാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്;

ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

**<u>പാർട്ട് ടൈം ഭാഷാ അധ്യാപകർ - സ്റ്റാഫ് ഫിക്സേഷൻ</u>**

1513 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.പി. സ്കൂളുകളിൽ പാർട്ട് ടൈം അധ്യാപകരായി സർവീസിൽ പ്രവേശിക്കുന്ന ഭാഷാ അദ്ധ്യാപകർ (സംസ്കൃതം, ഉറുദു) അഞ്ച് വർഷം സർവീസ് പൂർത്തീകരിച്ച് ഫുൾ ടൈം അധ്യാപകരായി ബെനിഫിറ്റുകൾ കിട്ടിയ ശേഷവും, ഓരോ വർഷവും നടക്കുന്ന സ്റ്റാഫ് ഫിക്സേഷനിൽ പ്രസ്തുത അധ്യാപകരുടെ തസ്തികകൾ താൽക്കാലികമായി തുടരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) സ്റ്റാഫ് ഫിക്സേഷൻ നടത്തുമ്പോൾ പ്രസ്തുത ഭാഷാ അധ്യാപകരുടെ തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>2021 ജൂൺ മാസത്തിനു ശേഷം കെ.ടെറ്റ്. ലഭിച്ച നിലവിൽ സർവ്വീസിൽ ഉള്ള അധ്യാപകർ</u>**

1514 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസത്തിനു ശേഷം കെ.ടെറ്റ്. ലഭിച്ച നിലവിൽ സർവ്വീസിലുള്ള അധ്യാപകർക്ക് മുൻകാല പ്രാബല്യത്തോടെ ഇൻക്രിമെന്റ്, പ്രൊബേഷൻ ഇവ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>2022-23 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ</u>**

1515 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022-23 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് ഇറങ്ങാത്തതിനാൽ സർക്കാർ സ്കൂളുകളിലെ ഒഴിവുകളിൽ പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ;

(ബി) പൂർണ്ണമായും സംവരണക്രമം പാലിച്ചുകൊണ്ട് നിയമനം നടത്തുന്ന സർക്കാർ സ്കൂളുകളിലെ അധിക തസ്തികകളിലേക്കുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) സ്റ്റാഫ് ഫിക്സേഷൻ നടപടികൾ പൂർത്തിയാക്കി സർക്കാർ സ്കൂളുകളിലെ അധിക തസ്തികകളിലേക്കുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

**<u>ആലപ്പുഴ ജില്ലയിലെ എച്ച്. എസ്. എ. ഫിസിക്കൽ സയൻസ് വിഷയത്തിലെ ഒഴിവുകൾ</u>**

1516 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ എച്ച്. എസ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിൽ നിലവിലുള്ള പ്രൊമോഷൻ ഒഴിവുകളിൽ ഇതുവരെ (ഉത്തരവ് നമ്പർ 15/02/22 ലെ എ 2 / 19736/2014 – 7 എണ്ണം, 12/08/22 ലെ എ 2 / 601245/2022 - 6എണ്ണം, 14/11/22 ലെ എ 2 /601245/2022 – 5 എണ്ണം) ആരും ജോയിൻ ചെയ്യാത്തതിനാൽ പ്രസ്തുത പ്രൊമോഷൻ ഒഴിവുകളിൽ പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും നിയമനം നൽകാൻ സാധിക്കുമോ; വ്യക്തമാക്കാമോ ;

(ബി) ഈ വർഷം സ്റ്റാഫ് ഫിക്സേഷൻ വഴി ആലപ്പുഴ ജില്ലയിൽ എച്ച്.എസ്സ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിന് എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്; ഇത് എപ്പോൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(സി) എച്ച്.എസ്സ്.എ. ഫിസിക്കൽ സയൻസ് വിഷയത്തിന് 2022-23 അധ്യയന വർഷം വിരമിക്കൽ മൂലം ഉണ്ടാകുന്ന ഒഴിവുകൾ എത്ര ; ഈ ഒഴിവുകൾ എപ്പോൾ പി. എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വിശദമാക്കാമോ;

(ഡി) സ്റ്റാഫ് ഫിക്സേഷൻ , വിരമിക്കൽ എന്നിവ വഴി ആലപ്പുഴ ജില്ലയിൽ ഫിസിക്കൽ സയൻസ് വിഷയത്തിന് ഒഴിവുകൾ ഉണ്ടാകുന്ന സ്കൂളുകളുടെ പേരും ഒഴിവുകളുടെ എണ്ണവും നൽകാമോ;

(ഇ) മാവേലിക്കര ഗവ. ടി.ടി.ഐ. യിൽ നില നിൽക്കുന്ന രണ്ട്ഒഴിവുകൾ എച്ച്.എസ്സ്. എ. ഫിസിക്കൽ സയൻസ് റാങ്ക് പട്ടികയിൽ നിന്നും നിയമിക്കാൻ സാധിക്കുമോ;വ്യക്തമാക്കാമോ?

**<u>കുട്ടികൾ ഇല്ലാത്തത് കാരണം നഷ്ടപ്പെട്ട തസ്തിക പുനഃസ്ഥാപിച്ച് നൽകിയതിലെ അഴിമതി</u>**

1517 **ശ്രീ എം വിൻസെൻറ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.കെ.എൽ. എം. കണ്ണനല്ലൂർ ഹയർസെക്കൻഡറി സ്കൂളിൽ കുട്ടികൾ ഇല്ലാത്തത് കാരണം നഷ്ടപ്പെട്ട തസ്തികകളിൽ ഒരെണ്ണം മാനേജരുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ട് സുനിതകുമാരിയും ആർ.ഡി.ഡി. ഗിരിജയും ചേർന്ന് പുനഃസ്ഥാപിച്ച് നൽകിയതിലെ അഴിമതി സംബന്ധിച്ച് ശ്രീ.ശശിധരൻ പിള്ള സി.എം.ഒ. പോർട്ടലിൽ അയച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പരാതിക്ക് ആധാരമായ ടി.ആർ.ഒ. 4/37 25 /22 എച്ച് എസ് സി , 4/7286/ 21 എച്ച്.എസ്.സി ഫയലുകളുടെയും 2017 ന് ശേഷമുള്ള സ്കൂളിലെ തസ്തികനിർണയ ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കൂളിലെ മാത്തമാറ്റിക്സ് നിയമന അംഗീകാര ഫയലിൽ തിരുവനന്തപുരം ആർ.ഡി.ഡി. ഓഫീസിലെ സൂപ്രണ്ട് സുനിതകുമാരി എം.കെ.എൽ. എം. ഹയർ സെക്കൻഡറി സ്കൂളിൽ മലയാളം, ഹിന്ദി തസ്തികകൾ കുട്ടികളുടെ കുറവ് കാരണം നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>എയിഡഡ് സ്കൂളുകളിലെ അധ്യാപകരുടെ നിയമനാംഗീകാരം</u>**

1518 **ശ്രീ . ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം ലഭിക്കുന്നതിനായി അപേക്ഷിച്ച അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭിന്നശേഷി സംവരണം സംബന്ധിച്ച ഉത്തരവുകളിലെ അവ്യക്തതയും അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും വിശദമാക്കുമോ;

(സി) അധ്യാപകരുടെ നിയമനാംഗീകാരം എന്നത്തേക്ക് പൂർത്തികരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

**<u>അധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം</u>**

1519 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനത്തിൽ ഭിന്നശേഷിക്കാരുടെ നാല് ശതമാനം സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>ഭിന്നശേഷിക്കാരായവർക്ക് ജോലി</u>**

1520 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തെ വിവിധ ഹയർസെക്കൻഡറി സ്കൂളുകളിൽ ഭിന്നശേഷിക്കാരായ എത്ര പേർക്ക് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി അധ്യാപകരായി ജോലി ലഭിച്ചിട്ടുണ്ടുണ്ടെന്ന് ജില്ലയും വിഷയവും തിരിച്ച് വ്യക്തമാക്കുമോ?

**<u>അംഗീകാരം ലഭിച്ചിട്ടില്ലാത്ത അധ്യാപകർ</u>**

1521 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ ജോലി നേടിയിട്ടുള്ളവരും എന്നാൽ സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ലാത്തതുമായ അദ്ധ്യാപകർക്ക് ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനെ തുടർന്ന് ജോലി നഷ്ടമാകുന്ന സാഹചര്യം ഉണ്ടായാൽ തൊട്ടടുത്തു വരുന്ന ഒഴിവ് പ്രസ്തുത അദ്ധ്യാപകർക്കായി നീക്കിവെക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**<u>എച്.എസ്.റ്റി. ഫിസിക്കൽ സയൻസ് -അധിക തസ്തികക്കായുള്ള പ്രൊപ്പോസൽ</u>**

1522 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) യിൽ അധിക തസ്തികക്കായുള്ള പ്രൊപ്പോസൽ എത്ര സർക്കാർ സ്കൂളുകളിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; ആയതിൽ പരിശോധന നടത്തി അധിക തസ്തിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ ബൈപ്രമോഷൻ, ബൈട്രാൻസ്ഫർ, ഇന്റർ ഡിപ്പാർട്ട്മെന്റൽ ട്രാൻസ്ഫർ എന്നീ വിഭാഗങ്ങൾക്കായി തസ്തിക നിലവിൽ ഒഴിച്ചിട്ടിട്ടുണ്ടോ; ഓരോ വിഭാഗത്തിലേക്കും നിലവിൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ആലപ്പുഴ ജില്ലയിൽ എച്ച്. എസ്. റ്റി. (ഫിസിക്കൽ സയൻസ്) തസ്തികയിലെ ഒഴിവുകൾ

1523 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.റ്റി (ഫിസിക്കൽ സയൻസ്) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 8.11.2022-ലെ ഉ.പ.സി.3/100/2022-ഉഭപവ നമ്പർ സർക്കുലറിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്) 2023 വർഷത്തിൽ ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ചെയ്ത തസ്തികകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ?

## എച്ച്.എസ്.എസ്.ടി. ജ്യോഗ്രഫി റാങ്ക് ലിസ്റ്റ്

1524 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള എച്ച്.എസ്.എസ്.ടി. ജ്യോഗ്രഫി റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ഇനി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയുമെന്നും, ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

## എയ്ഡഡ് സ്കൂളിൽ സംരക്ഷിത അദ്ധ്യാപകർക്ക് സീറ്റ് വിട്ട് നൽകണം എന്ന നിബന്ധന

1525 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂലി ക്രീയേറ്റഡ് സ്കൂൾ വിഭാഗത്തിൽപ്പെടുന്ന എയ്ഡഡ് സ്കൂളിൽ സംരക്ഷിത അദ്ധ്യാപകർക്ക് പോസ്റ്റ് വിട്ട് നൽകണം എന്ന നിബന്ധനയുള്ളതിനാൽ, സംരക്ഷിത അദ്ധ്യാപകർ ജോയിൻ ചെയ്തതിന് ശേഷം മാത്രമേ പുതിയ

നിയമനങ്ങൾ അംഗീകരിക്കുകയുള്ളൂ എന്ന ഉത്തരവിന്മേൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംരക്ഷിത അദ്ധ്യാപകർക്ക് വേണ്ടി അപേക്ഷ നൽകിയിട്ട് എവിടെയും സംരക്ഷിത അദ്ധ്യാപകർ ഇല്ല എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം മൂലം അദ്ധ്യാപകർക്ക് നിയമനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങളിൽ അംഗീകാരം

1526 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങളിൽ അംഗീകാരം നൽകുന്നത് സംബന്ധിച്ച എത്ര ഫയലുകൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ തീർപ്പു കൽപ്പിക്കാനുണ്ടെന്ന് നിയമനം നടന്ന വർഷം തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കുമോ;

(ബി) നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന് കാരണം വ്യക്തമാക്കുമോ?

## ഭിന്നശേഷി സംവരണം

1527 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണം സംബന്ധിച്ച കോടതി വിധി നടപ്പാക്കുന്നതിന്റെ ഭാഗമായി എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കണം എന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് സമയപരിധിക്കുള്ളിലാണ് പ്രസ്തുത നടപടികൾ സ്വീകരിക്കേണ്ടതെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന മാനേജ്മെന്റുകൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കുമെന്നും അറിയിക്കുമോ?

## കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് &വേഡ് പ്രോസസ്സിംഗ് പരീക്ഷകൾ

1528 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂൺ 2022 ൽ നടന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഈ വർഷം നടത്തേണ്ട രണ്ടാമത്തെ കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വിജ്ഞാപനം എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) എല്ലാ വർഷവും കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & വേഡ് പ്രോസസ്സിംഗ് പരീക്ഷകൾ രണ്ട് തവണ സമയബന്ധിതമായി നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്കൂൾ കുട്ടികൾ ലൈംഗിക ചൂഷണത്തിന് ഇരയാകുന്ന സംഭവങ്ങൾ

1529 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾ അദ്ധ്യാപകരിൽ നിന്നും മറ്റും ലൈംഗിക ചൂഷണത്തിന് ഇരയാകുന്നതായ വാർത്തകളെ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കുമോ;

(ബി) ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ സ്കൂളിന്റെ സൽപേരിനെ ബാധിക്കുമെന്ന് പറഞ്ഞു കുട്ടികൾ പരാതി നൽകുന്നത് ഒഴിവാക്കുന്നതിനും സംഭവം മറച്ചുവെക്കുന്നതിനും സ്കൂൾ അധികൃതർ ബോധപൂർവ്വം ശ്രമം നടത്തുന്നത് തടയുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) കുട്ടികളെ ലൈംഗിക ചൂഷണത്തിന് ഇരയാക്കിയതിനും; പരാതി മറച്ചുവെക്കുന്നതിന് ശ്രമിച്ചതിന്റെയും പേരിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂൾ അധികൃതർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## കണ്ണൂർ ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി

1530 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്ത സർക്കാർ വിദ്യാലയങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സർക്കാർ വിദ്യാലയങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

## സ്കോൾ - കേരള

1531 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂലൈ 30- ന് പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലൂടെ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ പുനർസംഘടിപ്പിച്ച്, പൊതുവിദ്യാഭ്യാസ മന്ത്രി ചെയർമാനായി രൂപവത്കരിച്ച സ്കോൾ - കേരള എന്ന സ്ഥാപനത്തെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വിവരാവകാശ നിയമത്തിലെ ഏത് വ്യവസ്ഥ പ്രകാരമാണ് ഒഴിവാക്കിയതെന്ന് വിശദമാക്കാമോ;

(ബി) സ്കോൾ - കേരള വൈസ് ചെയർമാനെയും എക്സിക്യൂട്ടീവ് ഡയറക്ടറെയും നിയമിക്കുന്നത് ആരാണെന്ന് അറിയിക്കാമോ; നിലവിലുള്ള വൈസ് ചെയർമാനെ നിയമിച്ചുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സ്കോൾ - കേരള വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനമല്ലെന്ന് വ്യക്തമാക്കി എക്സിക്യൂട്ടീവ് ഡയറക്ടർ പബ്ലിക് നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## സർക്കാർ സ്കൂളുകളുകളിലെ അദ്ധ്യാപക തസ്തിക

1532 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ നിലവിൽ നടന്നുവരുന്ന തസ്തിക നിർണയ നടപടിക്രമങ്ങൾ എല്ലാ ജില്ലയിലും പൂർത്തിയായോ; ഇല്ലെങ്കിൽ ഇത് എത്ര ദിവസത്തിനുള്ളിൽ പൂർത്തിയാകും;

(ബി) സർക്കാർ സ്കൂളുകളിൽ പുതുതായി നിലവിൽവരുന്ന യു.പി.എസ്.ടി. അധിക തസ്തികകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ സർക്കാർ യു.പി.സ്കൂളിലെ മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**<u>പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുന്നതിന് നടപടി</u>**

1533 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം നവംബർ 25 വരെ തുടർച്ചയായി പത്ത് പ്രവൃത്തിദിനത്തിൽ അധികം ക്ലാസിൽ ഹാജരാകാത്ത, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വയനാട് ജില്ലയിലെ കുട്ടികളുടെ എണ്ണം സ്കൂൾ, ക്ലാസ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇത്തരം കുട്ടികളെ ക്ലാസിൽ എത്തിക്കുന്നതിന് വയനാട് ജില്ലയിൽ വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയാൻ ഡയറ്റ് വയനാട് ഈ അധ്യയന വർഷം എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിരുന്നോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം, ചെലവാക്കിയിട്ടുള്ള തുക, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കാമോ?

**<u>കെ-ടെറ്റ് പരീക്ഷയിലെ ഇ.ഡബ്ള്യൂ.എസ്. സംവരണം</u>**

1534 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റ് പരീക്ഷയിൽ ഇ.ഡബ്ള്യൂ.എസ്. സംവരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നതിനാവശ്യമായ നടപടി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല</u>**

1535 **ഡോ.കെ.ടി.ജലീൽ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. എം.വിജിൻ**
**ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ പ്രകടനം വിലയിരുത്തുന്നതിനായി കേന്ദ്ര സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ മേഖലയിൽ ഒന്നാമതെത്തുന്ന സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനം ആവിഷ്കരിച്ച് നടപ്പാക്കുന്ന പല പദ്ധതികളും മറ്റ് സംസ്ഥാനങ്ങൾ അനുകരിച്ച് നടപ്പിലാക്കുന്ന നിലയിലേക്ക് പൊതുവിദ്യാഭ്യാസ രംഗം മാറിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

## <u>നെയ്യാറ്റിൻകര ഗവഃ ഗേൾസ് ഹൈസ്കൂൾ, തിരുപുറം ഹൈസ്കൂൾ സ്കൂളുകളിലെ പ്രവൃത്തികൾ</u>

1536 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികളായ ഗവഃ ഗേൾസ് ഹൈസ്കൂൾ, തിരുപുറം ഹൈസ്കൂൾ എന്നീ സ്കൂളുകളിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഗവഃ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ മികവിന്റെ കേന്ദ്രം പദ്ധതിയുടെ ഡി.പി.ആർ. പൂർത്തീകരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

## <u>ക്ലാരി ഗവൺമെന്റ് യു.പി സ്കൂൾ കെട്ടിട നിർമ്മാണം</u>

1537 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട എടരിക്കോട് പഞ്ചായത്തിലെ ക്ലാരി ഗവൺമെന്റ് യു.പി. സ്കൂൾ കെട്ടിടത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഈ സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കും ഡയറക്ടർക്കും നൽകിയ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിലെ നിലവിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അനുവദിച്ച ഫണ്ടുകളും അവയുടെ വർഷവും ഇനം തിരിച്ച് നൽകുമോ;

(സി) ഈ പ്രവൃത്തിക്ക് അനുവദിച്ച തുകകൾ സർക്കാർ ഫണ്ട്, എം.പി ഫണ്ട്, എം.എൽ.എ ഫണ്ട് തുടങ്ങിയ ഏത് വിഭാഗത്തിൽപെടുന്നതാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

## <u>യോഗ കോഴ്സ്</u>

1538 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യോഗ പഠനത്തിന് നിലവിൽ ഏതെല്ലാം കോഴ്സുകൾക്കാണ് അംഗീകാരം ഉള്ളത്; സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ യോഗ അസോസിയേഷൻ ഓഫ് കേരള നടത്തുന്ന യോഗ കോഴ്സുകൾക്ക് നിലവിൽ അംഗീകാരം ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) യോഗ അസോസിയേഷൻ ഓഫ് കേരള നടത്തുന്ന യോഗ കോഴ്സുകൾക്ക് അമിത പ്രാധാന്യം കൊടുക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യോഗ

അസോസിയേഷൻ ഓഫ് കേരള ഡിപ്ലോമ ഇൻ സ്പോർട്സ് യോഗ എന്ന കോഴ്സ് നടത്തുന്നത് ഏതെങ്കിലും സർക്കാർ ഏജൻസിയുമായി ബന്ധപ്പെട്ടാണോ; വിശദമാക്കാമോ?

## മൂല്യനിർണ്ണയത്തിനുള്ള പ്ലസ് വൺ പരീക്ഷ പേപ്പറുകൾ

1539 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പരീക്ഷ പേപ്പറുകൾ മൂല്യനിർണ്ണയത്തിനായി ക്യാമ്പസ്സുകളിലേക്ക് അയച്ചതിന്റെ അഡ്രെസ്സ് സ്ലിപ്പുകൾ പ്രിൻസിപ്പൽമാരുടെ പൊതു വാട്സ് ആപ് ഗ്രൂപ്പിൽ പ്രചരിക്കുന്ന വിവരം മാധ്യമങ്ങളിൽ വന്നത് ശ്രദ്ധയിപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഉത്തരക്കടലാസ്സിന്റെ മൂല്യനിർണ്ണയം അട്ടിമറിക്കപ്പെടുന്ന രീതിയിൽ മൂല്യനിർണ്ണയത്തിനായി അയയ്ക്കുന്ന കേന്ദ്രത്തിന്റെ വിവരം പരസ്യമായി വാട്സാപ്പ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യാൻ നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്നു വ്യക്തമാക്കുമോ;

(സി) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും ആശങ്കയും പരീക്ഷാ നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മയും വിശ്വാസ്യതയും നഷ്ടപ്പെട്ടതു സംബന്ധിച്ച് അതിനുത്തരവാദിയായ ഉദ്യോഗസ്ഥനെതിരെ അന്വേഷണത്തിന് നിർദേശം നൽകിയിരുന്നോ;

(ഡി) എങ്കിൽ എന്നാണ് അന്വേഷണത്തിന് നിർദ്ദേശം നൽകിയത്; പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

## ഹരിത വിദ്യാലയം റിയാലിറ്റി ഷോ

1540 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത വിദ്യാലയം റിയാലിറ്റി ഷോ എന്ന പരിപാടിയിൽ സ്കൂളുകളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) ഈ വർഷം ഈ പരിപാടിയിലേക്ക് മലപ്പുറം ജില്ലയിൽനിന്നും അപേക്ഷ നൽകിയ സ്കൂളുകളും പ്രസ്തുത അപേക്ഷ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽനിന്നും ഈ വർഷം ഈ പരിപാടിയിലേക്ക് അപേക്ഷ നൽകിയതിൽനിന്നും ഓരോ സ്കൂളിനും ലഭിച്ച റാങ്കുകളും ഈ റാങ്ക് തയ്യാറാക്കിയതിന് പരിഗണിച്ച മാർക്കുകളും ഓരോ സ്കൂളിന്റേതും ഇനം തിരിച്ച് വിശദമാക്കുമോ?

## കാഞ്ഞിരപ്പള്ളി പേട്ട സ്കൂളിന്റെ സ്ഥലം ഐ.എച്ച്.ആർ.ഡിക്ക് വിട്ടുനൽകുന്നതിന് നടപടി

1541 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി പേട്ട സ്കൂളിന്റെ 50.75 സെന്റ് സ്ഥലം ഐ.എച്ച്.ആർ.ഡി. ക്ക് വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രിമാർ സംയുക്തമായി ചേർന്ന യോഗത്തിന്റെ മിനിട്സ് തയാറാക്കിയിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആവശ്യത്തിന് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി പൊതുവിദ്യാഭ്യാസ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയത് എന്നാണെന്നും നാളിതുവരെയായിട്ടും പ്രസ്തുത കത്തിന് മറുപടി നൽകാത്തത് എന്തുകൊണ്ടെന്നും അറിയിക്കാമോ;

(ഡി) അഫിലിയേഷൻ നഷ്ടപ്പെടുന്ന സാഹചര്യമുള്ളതിനാൽ നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത സ്ഥലം ഐ.എച്ച്.ആർ.ഡി. ക്ക് വിട്ടുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ഹയർ സെക്കൻഡറി മാന്വൽ പരിഷ്കരണം- അപാകതകൾ പരിഹരിക്കാൻ നടപടി</u>

1542 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി പരീക്ഷ മാന്വൽ പരിഷ്കരണം മൂലം ഒന്നാംവർഷ പരീക്ഷ എഴുതി കഴിഞ്ഞാൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അനുവാദമില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വർഷങ്ങളായി തുടർന്നുവന്നിരുന്ന രീതി പുതുതായി ആവിഷ്കരിച്ച നിബന്ധന മൂലം നിരവധി വിദ്യാർത്ഥികൾക്ക് പഠന അവസരം നഷ്ടപെടുന്ന വസ്തുത മനസ്സിലാക്കി ആയത് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; ഈ പുതിയ നിബന്ധന മൂലം നിരവധി വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ റദ്ദ് ചെയ്യാൻ സാധിക്കാത്ത സ്ഥിതിവിശേഷം പരിശോധിക്കുമോ;

(സി) പരീക്ഷ റദ്ദ് ചെയ്തു കൊടുക്കാത്തതു മൂലം 20 വയസ്സുവരെ റെഗുലർ പഠനത്തിനുള്ള അവസരം നിഷേധിക്കുന്ന സാഹചര്യം പുനപരിശോധിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നൽകിയിരിക്കുന്ന 6587293 /2022 എന്ന കത്തിന് ഹയർസെക്കൻഡറി ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഹയർ സെക്കൻഡറി പഠനത്തിന് അവസരം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ നിന്നും ശ്രീ അതുൽ ബിജു നൽകിയിരിക്കുന്ന 6584242/22, 6649694/22 എന്നീ നമ്പറിൽ ഉള്ള അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(എഫ്) ഇത് സംബന്ധിച്ച് ഹയർസെക്കൻഡറി ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് നൽകുന്നതിനുള്ള കാലതാമസം വിശദീകരിക്കുമോ; ഈ കുട്ടിക്ക് ഒഴിവുള്ള സ്കൂളിൽ പഠനാവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) സർക്കാർ തീരുമാനം വൈകുന്നതിന്റെ ഫലമായി അപേക്ഷ നൽകി കാത്തിരിക്കുന്ന നിരവധി വിദ്യാർത്ഥികൾക്ക് പഠനാവസരം നഷ്ടപ്പെടുന്ന ഗുരുതരമായ സാഹചര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുമോ?

**ആശ്രിത നിയമനം ലഭിക്കുന്നതിന് നടപടി**

1543 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ അദ്ധ്യാപിക ആയിരിക്കെ മരണമടഞ്ഞ ഹയർസെക്കന്ററി ടീച്ചർ ആശാദേവി എം.എസ്. ന്റെ ആശ്രിതനായ ശ്രീ. അനീഷ് കുമാർ എം.എസ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം (ഫയൽ നമ്പർ ആർ2/242/2022) 27/10/2022- ൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ആയതിന്റെ മറുപടിക്ക് ഉണ്ടാകുന്ന കാലതാമസം വിശദീകരിക്കാമോ;

(ബി) മരണമടഞ്ഞ ജീവനക്കാരി സംരക്ഷിത അവകാശിയായജീവനക്കാരിയാണോ എന്ന ചോദ്യം വകുപ്പ് ചോദിച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്നും മനപൂർവം കാലതാമസം വരുത്തുക എന്ന ഉദ്ദേശത്തോടെയാണോയെന്നും അറിയിക്കാമോ;

(സി) ശ്രീ. അനീഷ്കുമാറിന് അടിയന്തരമായി ആശ്രിത നിയമനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**താമരശ്ശേരി ഡി.ഇ.ഒ. ഓഫീസിലെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

1544 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മതിയായ ജീവനക്കാരില്ലാത്തതിനാൽ താമരശ്ശേരി ഡി.ഇ.ഒ. ഓഫീസ് പ്രവർത്തനങ്ങളിൽ പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാരെ നിശ്ചയിച്ചിട്ടുണ്ടെന്നും എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കുമോ;

(സി) പുനഃക്രമീകരണത്തിലൂടെ ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**യു.പി. സ്കൂൾ അദ്ധ്യാപകരുടെ ഒഴിവു കൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി**

1545 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ യു.പി. സ്കൂളുകളിൽ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജില്ലയിൽ അദ്ധ്യാപകരുടെ സ്റ്റാഫ് ഫിക്സേഷൻ അടിയന്തരമായി പൂർത്തിയാക്കി

ഒഴിവുകൾ പി. എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

**<u>എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിലെ ഒഴിവുകൾ</u>**

1546 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്) തസ്തികയിൽ 2023 കലണ്ടർ വർഷം ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ എത്രയാണ്;

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 08.11.22 തീയതിയിലെ ഉ.പ.സി.3/100/2022/ഉ.ഭപ.വ. നം. സർക്കുലറിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഒഴിവുകൾ എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ് ആലപ്പുഴ ജില്ല) കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്ത തസ്തികകളുടെ എണ്ണം എത്ര; റിപ്പോർട്ട് ചെയ്ത തീയതി അറിയിക്കുമോ;

(സി) പ്രസ്തുത സർക്കുലർ പ്രകാരം ആറുമാസമോ അതിലധികമോ ദൈർഘ്യമുള്ള അവധി ഒഴിവുകൾ, ദീർഘകാലം നിന്നേക്കാവുന്ന അവധി ഒഴിവുകൾ, അന്യത്ര സേവന ഒഴിവുകൾ എന്നിവ ടി തസ്തികയിലേക്കായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകൾ</u>**

1547 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡി.ഡി. യുടെ കീഴിലുള്ള സർക്കാർ സ്കൂളുകളിൽ എൽ.പി. സ്കൂൾ ടീച്ചർ വിഭാഗത്തിൽ എത്ര അധിക തസ്തികകൾ ശിപാർശ ചെയ്തിട്ടുണ്ട്; എ.ഇ.ഒ/ഡി.ഇ.ഒ. തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ നിലവിൽ എൽ.പി.എസ്.ടി. യുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; സ്കൂളുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(സി) ഭരണപരിഷ്കാര കമ്മീഷന്റെ ഉത്തരവ് പ്രകാരം എൽ.പി.എസ്.ടി. തസ്തികയിലെ പ്രതീക്ഷിതവും നിലവിലുള്ളതുമായ ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. വിഭാഗത്തിൽ നിലവിൽ എത്ര എച്ച്.ടി.വി. പോസ്റ്റുകൾ ഉണ്ട്; അതിൽ എത്ര പോസ്റ്റിൽ പ്രൊട്ടക്റ്റഡ് അധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ;

(ഇ) 2023-ൽ എറണാകുളം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ?

**<u>തസ്തികമാറ്റ നിയമനം</u>**

1548 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കൻഡറി ജൂനിയർ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം നൽകുമ്പോൾ ആയത് 25 ശതമാനത്തിൽ അധികരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശം നിലവിലിരിക്കെ അത് മറി കടന്ന്ഹയർ സെക്കൻഡറി ജൂനിയർ തസ്തികയിലേക്കുള്ള ഇത്തരം നിയമനങ്ങൾ അംഗീകരിക്കുമ്പോൾ അത് 25 ശതമാനം അധികരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുമോ?

## താൽക്കാലിക നിയമനങ്ങൾ

1549 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ വിജയിച്ചവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് നടപടി

1550 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാ മിഷന്റെ തുല്യതാ പരീക്ഷകൾ എഴുതി വിജയിച്ചവർക്ക് തുടർപഠനത്തിന് സഹായകരമാകും വിധത്തിൽ കാലതാമസമില്ലാതെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എസ്.എസ്.എൽ.സി., പ്ലസ് ടു തുല്യതാ പരീക്ഷകളിൽ വിജയിച്ചവർക്ക് യഥാസമയം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാത്തതിനാൽ ഡിഗ്രി തുടങ്ങിയ ഉപരിപഠനത്തിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ യഥാസമയം വിതരണം ചെയ്യുന്നു എന്ന് സർക്കാർ ഉറപ്പുവരുത്തുമോ; അറിയിക്കുമോ?

## താൽക്കാലിക നിയമനങ്ങൾ

1551 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിൽ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച തുക എത്രയാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയത്; വിശദാംശം നൽകാമോ?

## തൊഴിലില്ലായ്മ നിരക്ക്

1552 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ നിരക്ക് എത്ര ശതമാനമാണെന്ന് കാണക്കാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ?

## ഭക്ഷണ വിതരണ ജീവനക്കാരുടെ വേതന വർദ്ധനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കൽ

1553 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സ്വിഗ്ഗി ഭക്ഷണ വിതരണ ജീവനക്കാരുടെ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് വേതന വർദ്ധനവും തൊഴിൽ സുരക്ഷയും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## തൊഴിലാളി സൗഹൃദ സംസ്ഥാനം

1554 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്കിന്റെ വാർഷിക റിപ്പോർട്ടിൽ രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടിയ ദിവസ വേതനം നൽകുന്ന സംസ്ഥാനമായി കേരളത്തെ രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം ദേശീയ തലത്തിൽ അംഗീകാരത്തിന് പ്രാപ്തമാക്കുന്ന നിലയിൽ സംസ്ഥാനത്തെ തൊഴിൽ മേഖലയെ മാറ്റുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തൊഴിലാളി സൗഹൃദ സംസ്ഥാനം എന്ന നിലയിൽ ഇവിടേയ്ക്ക് എത്തുന്ന അതിഥി തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**തൊഴിൽ-നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങൾ**

1555 **ശ്രീമതി.ഉമ തോമസ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ-നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങളായി രൂപപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി എന്തെല്ലാം പരിശീലനങ്ങളാണ് നൽകി വരുന്നത്;

(സി) ഇതിനോട് അനുബന്ധിച്ച് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

**ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ദിവ്യാഗതയുമുള്ളവർ**

1556 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേരു രജിസ്റ്റർ ചെയ്തിട്ടുള്ളവരും ദിവ്യാഗതയുമുള്ളവരുമായ എത്ര പേരുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ അംഗപരിമിതരായ എത്രപേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമന ശിപാർശകൾ നടത്തിയിട്ടുണ്ട്; അവരുടെ പേരും മേൽവിലാസവും സഹിതം വിവരങ്ങൾ ലഭ്യമാക്കുമോ?

**ഐ. ടി. ഐ. കളിലെ കോഴ്സുകൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച്**

1557 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിലെ കോഴ്സുകൾ ഇന്നത്തെ കാലഘട്ടത്തിന് അനുസൃതമായി പരിഷ്കരിക്കുമോ; നിർമ്മാണമേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനങ്ങൾ**

1558 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. റോജി എം. ജോൺ**

**ശ്രീ . ഷാഫി പറമ്പിൽ**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ നിലവിലുള്ള താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ല നടക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിവിധ വകുപ്പുകളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്താൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും അനധികൃത താൽക്കാലിക നിയമനങ്ങൾ നടത്തുന്നുവെന്ന ആക്ഷേപം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ;

(ഡി) താൽക്കാലിക നിയമനങ്ങൾ എത്ര കാലത്തേക്കാണ് നടത്താറുള്ളത്; ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഇ) ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യാത്തത് കൊണ്ടാണോ എക്സ്ചേഞ്ച് വഴിയല്ലാതെ ഇപ്രകാരം നിയമനങ്ങൾ വ്യാപകമായി നടക്കുന്നത്; വിശദമാക്കുമോ?

## ഐ.ടി.ഐ. പ്രവേശനം പ്ലസ് വൺ ഏകജാലക സംവിധാന മാതൃകയിലാക്കാനുള്ള നടപടി

1559 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ. പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ;

(ബി) നിലവിലുള്ള വ്യവസ്ഥ പ്രകാരം ഒരു സ്ഥാപനത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥിക്ക് സൗകര്യപ്രദമായ മറ്റൊരു ഐ.ടി.ഐ . യിൽ ഒഴിവുണ്ടെങ്കിൽ ട്രാൻസ്ഫർ അനുവദിക്കാൻ വ്യവസ്ഥയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഐ.ടി.ഐ. പ്രവേശനം വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനുവേണ്ടി പ്ലസ് വൺ മാതൃകയിലാക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ ശലഭ പാർക്ക്

1560 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയിൻകീഴ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററിനോട് അനുബന്ധിച്ച് ശലഭ പാർക്ക് നിർമ്മിക്കുന്നതിനുള്ള ഭൂമിക്ക് ഉപയോഗാനുമതി നൽകുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## മഞ്ചേരിയിൽ പുതിയ ഐ.ടി.ഐ.

1561 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ പുതിയ ഗവൺമെന്റ് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

## <u>തിരുവമ്പാടി ഗവ: ഐ.ടി.ഐ. ക്ക് കെട്ടിടം</u>

1562 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി ഗവ: ഐ.ടി.ഐ. ക്ക് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ടില്ലാത്ത വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനം</u>

1563 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് 12 കോടി രൂപ ചെലവിൽ നവീകരിക്കുന്ന മലമ്പുഴ ഗവ: ഐ.ടി.ഐ.യുടെ നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ സ്തംഭനാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി പണികൾ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ എസ്.പി.വി. ആയിട്ടുള്ള കെ.എ.എസ്.ഇ. -ൽ ടെക്നിക്കൽ കമ്മിറ്റി ഇല്ലാത്തത് മൂലം റിവൈസ്ഡ് എസ്റ്റിമേറ്റ് പാസ്സാവാത്തത് ഈ പ്രവൃത്തിയെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## <u>ഐ.ടി.ഐ.കളിലെ ജൂനിയർ ഇൻസ്ട്രക്ടർ ഒഴിവുകൾ</u>

1564 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തികയിൽ 2023 ഡിസംബർ വരെ റിട്ടയർമെന്റ്, പ്രമോഷൻ എന്നിവ വഴി പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ;

(ബി) ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്നും ലിസ്റ്റിന്റെ കാലാവധി ഏതുവരെയാണെന്നും വ്യക്തമാക്കുമോ;

(സി) പുതുതായി ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## <u>പുഴക്കാട്ടിരി സർക്കാർ ഐ.ടി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം</u>

1565 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി സർക്കാർ ഐ.ടി.ഐ.യ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിയ്ക്കാനുള്ള നടപടിയുടെ നിലവിലത്തെ സ്ഥിതി അറിയിക്കുമോ; കെട്ടിട നിർമ്മാണത്തിനായി മുൻപ് നിശ്ചയിച്ചിരുന്നതും എന്നാൽ അനുയോജ്യമല്ലെന്ന് കണ്ടെത്തിയതുമായ സ്ഥലത്തിനുപകരം പുതിയ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ, എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുഴക്കാട്ടിരി സർക്കാർ ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിയ്ക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇതിനായി എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) ദീർഘനാളായി യാതൊരു പുരോഗതിയും കൈവരിച്ചിട്ടില്ലാത്ത ഈ വിഷയത്തിൽ സ്ഥലം നിശ്ചയിച്ച് പ്രവൃത്തി ആരംഭിയ്ക്കുന്നതിന് സർക്കാർ എന്തെല്ലാം തുടർ നടപടികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### <u>വേങ്ങരയിൽ അനുവദിച്ച ഐ.ടി.ഐ. പ്രവർത്തനം തുടങ്ങുന്നതിന് നടപടി</u>

1566 **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങരയിൽ 2015-ൽ അനുവദിച്ച ഐ.ടി.ഐ. ഊരകം പഞ്ചായത്ത് നൽകാമെന്ന് ഏറ്റിട്ടുള്ള സ്ഥലത്തു പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### <u>ഐ.ടി.ഐ. കളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി</u>

1567 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ വനിത ഐ.ടി.ഐ., മാളിക്കടവ് ഐ.ടി.ഐ. എന്നിവിടങ്ങളിൽ നിലവിലുള്ള കോഴ്സുകളുടെ വിശദംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ. കളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### <u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ</u>

1568 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്; എത്ര സ്ഥാപനങ്ങളിൽ,

എത്ര പേർക്ക് ; ഏതെല്ലാം തസ്തികളിൽ നിയമനം നൽകാൻ സാധിച്ച എന്ന് വ്യക്തമാക്കുമോ?

**<u>യോഗ്യതയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ</u>**

1569 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി നിയമനത്തിന് യോഗ്യതയുള്ള ഭിന്നശേഷിക്കാരായ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചും യോഗ്യത നേടിയ വിഷയം തിരിച്ചും വ്യക്തമാക്കുമോ?

**<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം</u>**

1570 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ എന്തെല്ലാം സേവനങ്ങളാണ് ഓൺലൈനിൽ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; കൂടുതൽ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ?

**<u>എയ്ഡഡ് മേഖലയിലെ അധ്യാപക അനധ്യാപക തസ്തികകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം</u>**

1571 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സംവരണം ഏർപ്പെടുത്തുന്ന നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും പൊതുവിദ്യാഭ്യാസം, തൊഴിൽ എന്നീ വകുപ്പുകൾ പുറപ്പെടുവിച്ച സർക്കുലറുകളുടെ പകർപ്പും ലഭ്യമാക്കുമോ;

(സി) ഭിന്നശേഷി നിയമനം കൃത്യമായി നടത്താത്തതുമൂലം നിയമന അംഗീകാരം ലഭിക്കാത്ത എത്ര അദ്ധ്യാപകർ സംസ്ഥാനത്തുണ്ടെന്നുള്ള കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; ഇവർക്ക് നിയമന അംഗീകാരം നൽകുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ;

(ഡി) കേരളത്തിൽ വിവിധ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലേക്ക് മതിയായ അദ്ധ്യാപക യോഗ്യതയുള്ള ഭിന്നശേഷിക്കാരായ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി ഹൈസ്കൂൾ വിഭാഗം ലാംഗ്വേജ്, സോഷ്യൽ സയൻസ്, ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, മാത്തമാറ്റിക്സ്

എന്നീ വിഭാഗങ്ങളിൽ മതിയായ അദ്ധ്യാപക യോഗ്യതയുള്ള ഭിന്നശേഷിക്കാരായ എത്ര ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള കണക്ക് , എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കുള്ള ബാക്ക് ലോഗ് തയ്യാറാക്കുമ്പോൾ നിയമന നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി വിവിധ കാറ്റഗറികളിലെ റൊട്ടേഷൻ നിശ്ചയിച്ച് മതിയായ അദ്ധ്യാപന യോഗ്യതയുള്ളവരുടെ ഒറ്റ ലിസ്റ്റ് ജില്ലാ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

1572 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; പ്രസ്തുത എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൊഫഷണൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്രപേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥാപനങ്ങളിൽ എത്രയെണ്ണം വീതം ഏതൊക്കെ തസ്തികകളിൽ നിയമനം നൽകാൻ സാധിച്ചു എന്ന് വ്യക്തമാക്കുമോ?

## ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ

1573 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രൊഫഷണൽ എംപ്ലോയ്മെന്റുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും; ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരായി നിയമനത്തിന് യോഗ്യതയുള്ളവരുമായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ ജില്ല തിരിച്ചും യോഗ്യത നേടിയ വിഷയം തിരിച്ചും വ്യക്തമാക്കുമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കുന്നത്

1574 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കുന്നതിന് പല കാരണങ്ങളാലും സാധിക്കാതെ വന്നിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ സാധ്യത നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ മുൻകാല പ്രാബല്യത്തോടെ പുതുക്കി നൽകാൻ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ജോബ് ഫെയറുകൾ

1575 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര തൊഴിൽ മേള സംഘടിപ്പിച്ചിട്ടുണ്ട്; എവിടെയൊക്കെയാണ് സംഘടിപ്പിച്ചത്; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ തൊഴിൽ മേള മുഖേന എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചുവെന്നും; ഏതൊക്കെ സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിൽ എത്ര നിയമനം നടത്തിയെന്നും വ്യക്തമാക്കുമോ?

## "തൊഴിൽ മേള" നടത്തുന്നതിന് നടപടി

1576 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ വിവിധ സമയങ്ങളിലായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിൽ തൊഴിൽ മേള നടന്നതുപോലെ തീരദേശമേഖല കേന്ദ്രീകരിച്ച് പൊന്നാനിയിലും "തൊഴിൽ മേള" നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) തൊഴിൽ വകുപ്പ് മുമ്പ് 2000 മുതൽ 2022 ആഗസ്റ്റ് വരെ സീനിയോറിറ്റി നിലനിർത്തുന്നതിനുവേണ്ടി എംപ്ളോയ്മെൻറ് കാർഡ് പുതുക്കാൻ പ്രത്യേക ഉത്തരവ് നൽകിയതുപോലെ ഇനിയും പുതുക്കാത്തവർക്കുവേണ്ടി പ്രത്യേക ഉത്തരവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെന്ററിലെ പദ്ധതി പ്രവർത്തനങ്ങൾ

1577 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെന്ററിൽ ഇതേവരെ നടത്തിയിട്ടുള്ള പദ്ധതി പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട് ; വിശദവിവരം നൽകാമോ;

(സി) പുതിയതായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## താലൂക്കുകളിലെ എൽ.ആർ.എം.പരാതികൾ

1578 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ താലൂക്ക് ഓഫീസുകളിലായി എത്ര ലാന്റ് റവന്യൂ മാനേജ്മെന്റ് (എൽ.ആർ.എം.)പരാതികൾ തീർപ്പാക്കാനുണ്ടെന്ന് താലൂക്ക് തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത പരാതികൾ അടിയന്തിരമായി തീർപ്പാക്കുന്നതിന് നടപടികൾ

സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## കാലവർഷക്കെടുതിമൂലം സംഭവിച്ച നാശനഷ്ടം

1579 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ സംസ്ഥാനത്ത് ഏതൊക്കെ തരത്തിൽ എത്ര രൂപയുടെ നാശനഷ്ടമുണ്ടായി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കാലവർഷക്കെടുതിമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

## സർഫാസി , റവന്യൂ റിക്കവറി നിയമം

1580 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ മുഖേന വായ്പ എടുത്ത കർഷകരും പാവപ്പെട്ടവരും സർഫാസി, റവന്യൂ റിക്കറി നിയമ പ്രകാരം ജപ്തി നടപടിയും കുടിയിറക്ക് ഭീഷണിയും നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകർ ആധാരം പണയപ്പെടുത്തി എടുത്തിട്ടുള്ള വായ്പകളെല്ലാം കാർഷിക വായ്പകളായി കണക്കാക്കി പ്രസ്തുത നിയമങ്ങളിൽ നിന്നും കർഷകർക്ക് സംരക്ഷണം നൽകാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ;

(സി) ഇപ്രകാരം ആയിരക്കണക്കിന് കർഷകർ കുടിയിറക്ക് ഭീഷണിയിലാണെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) യഥാസമയം വായ്പ തിരിച്ചടക്കാൻ കഴിയാത്ത കർഷകർക്ക് ആശ്വാസ നടപടികൾക്ക് സർക്കാർ തലത്തിൽ ഇടപെടൽ നടത്തുമോ;

(ഇ) സർഫാസി, റവന്യൂ റിക്കവറി നിയമ പ്രകാരം ജപ്തി നടപടികൾ നേരിടുന്ന കർഷകർക്ക് വായ്പ തിരിച്ചടവിനുള്ള കാലാവധി നീട്ടി നൽകുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ?

## സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി

1581 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) താമസത്തിനും കൃഷിക്കുമായി പതിച്ചു നൽകിയ ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മുൻപ് ഭൂമി ലഭിച്ചവരിൽ ചട്ടം പാലിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചവരിൽ നിന്നും ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ടോ; എണ്ടെങ്കിൽ എത്ര ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഭൂപതിവ് ചട്ടങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി തിരികെ

നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

**മണലൂർ മണ്ഡലത്തിലെ പുഴയോരങ്ങൾ അനധികൃതമായി നികത്തൽ**

1582 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഇരിമ്പ്രനെല്ലൂർ, വെങ്കിടങ്ങ് വില്ലേജുകളിൽപ്പെട്ട പുഴയോരങ്ങൾ അനധികൃതമായി നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) അനധികൃതമായി നികത്തിയ പ്രസ്തുത പുഴയോരങ്ങൾ പൂർവ്വസ്ഥിതിയിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അനധികൃതമായി പ്രസ്തുത സ്ഥലങ്ങൾ നികത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**ദേശീയ കുടുംബസഹായ പദ്ധതി**

1583 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബസഹായ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എൻ.എസ്.എ.പി. (നാഷണൽ സോഷ്യൽ അസ്സിസ്റ്റൻസ് പ്രോഗ്രാം) പോർട്ടലിൽ ഗുണഭോക്താക്കളുടെ വിവരം അപ്‌ലോഡ് ചെയ്യാൻ കഴിയാത്ത സാങ്കേതിക തടസ്സം നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അറിയിക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഏതു വർഷം മുതലാണ് കാലതാമസം നേരിട്ടതെന്നും എത്ര തുകയാണ് ലഭിക്കാനുള്ളതെന്നും വ്യക്തമാക്കുമോ;കുടിശ്ശിക ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**സംസ്ഥാനത്തെ ഇ-ഡിസ്ട്രിക് പദ്ധതി**

1584 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ-ഡിസ്ട്രിക് പദ്ധതിയുടെ പ്രായോഗിക തലത്തിലുള്ള പോരായ്മകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം ഉപയോഗിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പൊതുജനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ സേവനം മൊബൈൽ ഫോണിലും ഉപയോഗിക്കാൻ പര്യാപ്തമായ തരത്തിൽ ഇതിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ ഏത് കമ്പനിക്കാണ് പ്രസ്തുത സേവനം നൽകാൻ കരാർ നൽകിയിരിക്കുന്നതെന്നറിയിക്കുമോ?

## പുറമ്പോക്ക് ഭൂമി കയ്യേറ്റം

1585 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തെ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പുറമ്പോക്ക് ഭൂമിയുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; കയ്യേറ്റം നടത്തിയതായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം, കയ്യേറ്റക്കാരന്റെ പേരും വിലാസവും ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ?

## കയ്യേറിയ ഭൂമി ഒഴിപ്പിക്കൽ നടപടി

1586 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മുൻ എം.എൽ.എ. കയ്യേറിയതായി പറയപ്പെടുന്ന ഭൂമി ഒഴിപ്പിക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം നോട്ടീസ് നൽകിയത്; നോട്ടീസിന്റെയും പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭൂമി കയ്യേറ്റം സംബന്ധിച്ച് യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വകുപ്പിന് വീഴ്ച സംഭവിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച തുടർ നടപടി അറിയിക്കുമോ?

## മാമലക്കണ്ടം പ്രദേശത്തെ പട്ടയ പ്രശ്നങ്ങൾ

1587 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിലെ മാമലക്കണ്ടം പ്രദേശത്തെ പട്ടയ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്ത് പട്ടയം ലഭിക്കുവാനുള്ളവരുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രദേശത്ത് പട്ടയം നല്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്ത് എല്ലാവർക്കും പട്ടയം നല്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## തൃക്കരിപ്പൂർ മണ്ഡലത്തിലെ പട്ടയം

1588 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ - ചീമേനി ചെറുവത്തൂർ പഞ്ചായത്തുകളിൽ ഇനിയും പട്ടയം ലഭിക്കാനുള്ളവരുടെ എണ്ണം നൽകുമോ;

(ബി) ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കുകളിൽ വീട് കെട്ടി താമസിക്കുന്നവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

## പട്ടയ വിതരണംഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ

1589 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പട്ടയ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇനിയും നടപടി പൂർത്തീകരിക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കുടിയേറ്റ മേഖലയിലെ കൈവശ ഭൂമിക്കുള്ള പട്ടയ അപേക്ഷകളിൽ തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ;

(സി) പ്രസ്തുത പട്ടയങ്ങൾ ഉപാധിരഹിതമായി നൽകണമെന്ന ആവശ്യം പരിഗണിക്കുമോ;

(ഡി) നിലവിലുള്ള ഭൂപതിവ് ചട്ടങ്ങൾ 1964-ലെ 4-ാംചട്ടം, 1993-ലെ 3-ാം ചട്ടം എന്നിവ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

## <u>നാട്ടിക നിയോജക മണ്ഡലത്തിലെ പട്ടയങ്ങളുടെ വിവരം</u>

1590 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ തൃശ്ശൂർ, ചാവക്കാട് താലൂക്ക് പരിധികളിലായി എത്ര പട്ടയ അപേക്ഷകൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ പട്ടയ അപേക്ഷകരുടെ പേരും വിലാസവും വില്ലേജുകൾ തിരിച്ച് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കുന്നംകുളം മണ്ഡലത്തിലെ പട്ടയ വിതരണം</u>

1591 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ ചൊവ്വന്നൂർ, പോർക്കുളം, കാട്ടകമ്പാൽ, വേലൂർ, കടങ്ങോട് എന്നീ പഞ്ചായത്തുകളിലേയും കുന്നംകുളം നഗരസഭയിലെയുമായി തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന പുനർനിക്ഷിപ്തം ചെയ്ത് നൽകേണ്ട പട്ടയ അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പട്ടയ വിതരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പട്ടയ വിതരണത്തിന് നിലവിൽ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ മാറ്റി എന്നേക്ക് പട്ടയം വിതരണം ചെയ്യാനാകും, അറിയിക്കുമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം</u>

1592 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിന്റെ പരിധിയിൽ വിതരണത്തിന് തയ്യാറായ പട്ടയങ്ങളുടെ എണ്ണവും പ്രസ്തുത പട്ടയങ്ങൾ എപ്പോൾ നൽകാനാകുമെന്നും വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ വിശദാംശം വില്ലേജ് അടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ വിവിധ വകുപ്പുകളുടെ നിരാക്ഷേപ പത്രം ലഭിക്കേണ്ടതായ എത്ര അപേക്ഷകളുണ്ടെന്നും ആയതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശവും വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പട്ടയ അപേക്ഷകൾ തീർപ്പു കല്പിക്കുന്നതിനായി മണ്ഡലത്തിൽ സ്പെഷ്യൽ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(എഫ്) പട്ടയം അനുവദിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

**<u>പട്ടയം ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി</u>**

1593 **ശ്രീ കടകംപള്ളി സുരേന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ എല്ലാവർക്കും പട്ടയം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കുമോ , വിശദമാക്കുമോ;

(ബി) കാവ്, പുറമ്പോക്ക്, കുളം പുറമ്പോക്ക് എന്നീ പേരുകളിൽ റവന്യൂ രേഖയിൽ കാണുന്ന ഭൂമിക്ക് പട്ടയം നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയവ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ഡി) റീസർവെ അപാകതകൾ പരിഹരിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

**<u>വാമനപുരം മണ്ഡലത്തിലെ കൈവശാവകാശ വസ്തുവിൻമേൽ പട്ടയം ലഭിക്കാനുള്ള അപേക്ഷകൾ</u>**

1594 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം മണ്ഡലത്തിൽ നിന്ന് കൈവശാവകാശ വസ്തുവിൻമേൽ പട്ടയം ലഭിക്കാനുള്ള എത്ര അപേക്ഷകൾ

ലഭിച്ചുവെന്നും അതിൽ എത്ര പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് അറിയിക്കുമോ;

(ബി) ഇനി പട്ടയം ലഭിക്കാനുള്ള അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## കൂത്തുപറമ്പ് വടക്കേക്കളം കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി

1595 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് വടക്കേക്കളത്ത് വർഷങ്ങളായി കൃഷി ചെയ്തുവരുന്ന കർഷകരായ മുഴുവൻ ഭൂവുടമകൾക്കും കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നടപടികളുടെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ?

## ദേവസ്വം പട്ടയം

1596 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ദേവസ്വം പട്ടയത്തിന് അപക്ഷേ നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പട്ടയം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പട്ടയം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ പട്ടയവിതരണം

1597 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2022 വരെയുള്ള കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുമോ;

(ബി) പട്ടയം ലഭിച്ചവരുടെ പേരും വിലാസവും ഏതുതരം പട്ടയമാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ പട്ടയത്തിന് അപേക്ഷ നൽകിയവരുടെ പേരുവിവരങ്ങളും പട്ടയത്തിന് അപേക്ഷിച്ച തീയതിയും ഏതുതരം പട്ടയത്തിനാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ഡി) ഓരോ അപേക്ഷയുടെയും നിലവിലെ സ്ഥിതി അറിയിക്കുമോ?

## നിജസ്ഥിതി സർട്ടിഫിക്കറ്റ്

1598 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ഭൂമി പതിവ് നിയമങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങൾ സംബന്ധിച്ച ഫയലുകൾ നഷ്ടപ്പെടുകയോ കാലപ്പഴക്കത്താൽ നശിച്ചു പോകുകയോ ചെയ്തിട്ടുള്ള

കേസുകളിൽ, ആധികാരികത ഉറപ്പ് വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എപ്രകാരമുള്ള കേസുകളിലാണ് നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് സർക്കാർ ഉത്തരവുള്ളത്;

(സി) പ്രസ്തുത ഉത്തരവിൽ ദേവസ്വം പട്ടയങ്ങളെ സംബന്ധിച്ച് പരാമർശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ കുംബാര സമുദായത്തിൽപ്പെട്ടവർക്ക് പട്ടയം

1599 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന വടക്കാഞ്ചേരി നഗരസഭ മുപ്പത്തിയെട്ടാം ഡിവിഷനിൽ താമസിക്കുന്ന കുംബാര സമുദായത്തിൽപ്പെട്ടവർക്ക് പട്ടയം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സമുദായത്തിൽ എത്ര കുടുംബങ്ങളാണ് പട്ടയം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(സി) ഇവർക്ക് പട്ടയം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## കോതമംഗലം മണ്ഡലത്തിലെ പട്ടയ വിതരണം

1600 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കുട്ടമ്പുഴ പഞ്ചായത്തിൽ വടാട്ടുപാറ പ്രദേശത്തെ പട്ടയ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്ത് പട്ടയം ലഭിക്കാനുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പട്ടയം നല്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്ത് എല്ലാവർക്കും പട്ടയം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ

1601 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കണിച്ചാർ-കോളയാട്-കേളകം ഗ്രാമപഞ്ചായത്തുകളിൽ 2022 ആഗസ്റ്റ് മാസത്തിലെ പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരമായി എത്ര തുക നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന

ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രകൃതിക്ഷോഭം സംബന്ധിച്ച് വിദഗ്ധ സംഘം നടത്തിയ പഠന റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ശിപാർശകൾ എന്തെല്ലാമെന്നും ആയത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

## കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും

1602 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കവളപ്പാറയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പോത്ത്കല്ല് ടൗൺ ഓഡിറ്റോറിയത്തിൽ ദുരിതാശ്വാസ ക്യാമ്പ് നടത്തിയ വകയിൽ വിവിധ വകുപ്പുകൾ മുഖാന്തിരം 2019 മുതൽ നാളിതുവരെ ചെലവഴിച്ച തുക ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സർക്കാരിന്റെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമിയും വീടും വാങ്ങുന്നതിന് അനുവദിച്ച പണം കൈപ്പറ്റിയിട്ട് ഒരു വർഷമായെങ്കിലും ഇവരുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം ഏതെങ്കിലും സംഘങ്ങളെയോ ഏജൻസികളെയോ ഏൽപ്പിച്ചിരുന്നോയെന്നും എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളുടേയും വീട് നിർമ്മാണം ഉടൻ പൂർത്തീകരിച്ച് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഡി) പോത്തുകല്ല് പഞ്ചായത്തിലെ ചാലിയാർ പുഴക്ക് കുറുകെ ഇരുട്ടുകുത്തി കടവിലെ ഇരുട്ടുകുത്തി, വാണിയമ്പുഴ, തിരിപ്പ പൊട്ടി, കുമ്പളപ്പാറ എന്നീ ആദിവാസി കോളനികളിലേക്ക് പാലം നിർമ്മിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

## കോവിഡ് ധനസഹായം

1603 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ ഏറ്റവും അടുത്ത ബന്ധുവിന് അമ്പതിനായിരം രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ, ആലത്തൂർ മണ്ഡലത്തിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) റിലീഫ് പോർട്ടൽ വഴി പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ആലത്തൂർ മണ്ഡലത്തിൽ എത്ര പേർക്കാണ് ധനസഹായം ലഭിച്ചതെന്ന് അറിയിക്കുമോ?

## പ്രകൃതി ദുരന്തങ്ങളിൽ പെട്ടവർക്കുള്ള ധനസഹായം

1604 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014-ന് ശേഷം പ്രകൃതി ദുരന്തങ്ങളിൽ മരണപ്പെട്ടവരുടെ

ആശ്രിതർക്കും പ്രകൃതി ദുരന്തങ്ങളിൽ വീടിനും വസ്തുവകകൾക്കും നാശനഷ്ടം സംഭവിച്ചവർക്കുമുള്ള ധനസഹായം ഏത് വർഷം വരെയുള്ള അപേക്ഷകർക്ക് നൽകിയിട്ടുണ്ട്;

(ബി) നിലവിൽ എത്രപേർ ഈയിനത്തിൽ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; തൽസ്ഥിതി വിവരങ്ങൾ സഹിതം അറിയിക്കുമോ;

(സി) 2016 മുതൽ 2022 വരെയുള്ള കാലയളവിൽ പെരുങ്കടവിള, പാറശ്ശാല ബ്ലോക്ക് പഞ്ചായത്തുകൾക്ക് കീഴിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധി പദ്ധതിയുടെ ഭാഗമായി കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായെന്നും ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് വിശദമാക്കുമോ;

(ഡി) 2020-22 കാലയളവിൽ സെക്രട്ടേറിയറ്റ് ദുരന്ത നിവാരണ (എ) വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടും കളക്ടറേറ്റ് ദുരന്തനിവാരണ വകുപ്പിന്റെ നിർവഹണാനുമതി ലഭിക്കാത്ത പ്രവൃത്തികളുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഇ) കളക്ടറേറ്റ് ദുരന്തനിവാരണ വകുപ്പിന്റെ നിർവഹണാനുമതി ലഭിച്ചിട്ടും നാളിതുവരെ പൂർത്തിയാക്കാത്ത പ്രവൃത്തികളുണ്ടോ; വിശദാംശം അറിയിക്കാമോ; എന്ത് കാരണത്താലാണ് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാത്തതെന്ന് വിശദമാക്കുമോ?

## ദുരന്ത നിവാരണ സംവിധാനം ശക്തിപ്പെടുത്തൽ

1605 **ഡോ. എം.കെ . മുനീർ**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉരുൾപൊട്ടൽ ഉണ്ടാകുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ദുരന്ത നിവാരണ സംവിധാനം എപ്രകാരം ശക്തിപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഭൂപരിഷ്കരണ നിയമപ്രകാരം പട്ടയം നൽകിയ ഭൂമി

1606 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമപ്രകാരം പട്ടയം നൽകപ്പെട്ട കുടിയാന്മരുടെ ഭൂമി ജന്മിമാർ തിരിച്ചുപിടിക്കുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നുമുള്ള വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ചട്ടമ്പി സ്വാമികളുടെ അമ്മ ഗൃഹം ഏറ്റെടുക്കൽ

1607 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിച്ചൽ വില്ലേജിൽ ചട്ടമ്പി സ്വാമികളുടെ അമ്മ ഗൃഹം സംരക്ഷിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഭൂമി കൈമാറ്റം എന്ന് സാധ്യമാകുമെന്ന് വ്യക്തമാക്കുമോ?

## കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ

1608 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ സ്കൂളിനുവേണ്ടി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; ഇല്ലായെങ്കിൽ കാരണം അറിയിക്കുമോ;

(ബി) അർത്ഥനാധികാരിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ച് അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനുള്ള പ്രധാന തടസ്സം വിശദീകരിക്കുമോ; ആയത് പൂർത്തിയാക്കാൻ എത്ര സമയം വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി സാമൂഹ്യ ആഘാത പഠനം ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കമോ?

## സിൽവർ ലൈൻ - ഭൂമി ഏറ്റെടുക്കൽ

1609 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിൽവർ ലൈൻ പ്രോജക്റ്റിന്റെ ഭൂമി ഏറ്റെടുക്കൽ / സാമൂഹിക ആഘാത പഠനവുമായി ബന്ധപ്പെട്ട് നിയോഗിക്കപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരം നിയമനം റവന്യൂ വകുപ്പിന്റെ മറ്റ് സേവനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളുമായി എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇവരെ റവന്യൂ വകുപ്പിലേക്ക് തിരികെ വിളിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ?

## ജന്മികളിൽ നിന്ന് ഏറ്റെടുത്ത ഭൂമി കൈവശക്കാർക്ക് നല്കാൻ നടപടി

1610 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജിൽ റീസർവ്വേ നം.505/1ബി., 415/1, 429/1എ1, 434-ൽ ഉൾപ്പെട്ട മാനവല്ലഭൻ തിരുമുൽപ്പാട്, മാനവല്ലഭൻ കാരണമുൽപ്പാട്, കാർത്ത്യായനി തമ്പുരാട്ടി എന്നീ ജന്മികളിൽ നിന്ന് ഏറ്റെടുത്ത് കൈവശക്കാർക്ക് നല്കാൻ തീരുമാനിച്ചിട്ടുള്ളത് എത്ര ഹെക്ടർ ഭൂമിയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മിച്ചഭൂമിയിൽ കർഷക തൊഴിലാളികളായ എത്ര കുടുംബങ്ങൾ പട്ടയത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നാളിതുവരെ എത്ര കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മിച്ചഭൂമിയിൽ പട്ടയത്തിന് അപേക്ഷിച്ചിട്ടും നാളിതുവരെ പട്ടയം ലഭിക്കാത്ത എത്ര കർഷക കുടുംബങ്ങളുണ്ടെന്ന് അറിയിക്കുമോ; മൂന്ന് വർഷമായി ഇവർക്ക് നികുതി അടയ്ക്കാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് എന്നത്തേക്ക് പട്ടയം നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

## സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി

1611 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സംസ്ഥാനത്ത് ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയുടെ കണക്ക് വ്യക്തമാക്കുമോ;

(ബി) ഏറ്റെടുത്ത മിച്ചഭൂമിയിൽ പതിച്ചുനൽകിയത് എത്രയെന്ന് വിശദമാക്കുമോ;

(സി) അവശേഷിക്കുന്ന മിച്ചഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ഡി) ചെങ്ങന്നൂർ മണ്ഡലത്തിൽ 2016 മുതൽ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയുടെ കണക്ക് വ്യക്തമാക്കുമോ; പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിതരായവർക്ക് ഭൂമി പതിച്ചുനൽകുന്നത് പരിഗണനയിലുണ്ടോയെന്നറിയിക്കാമോ?

## ബി.പി.സി.എൽ.-ന് വേണ്ടി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം

1612 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.സി.എൽ.-ൽ കൊച്ചി റിഫൈനറിയുടെ മോട്ടോർ ബ്ലോക്ക് പ്രോജക്ടിന് വേണ്ടി ഏറ്റെടുക്കുന്ന പുറമ്പോക്ക് ഭൂമിയ്ക്ക് ബി.പി.സി.എൽ. ൽ നിന്ന് വില ഈടാക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പുറമ്പോക്ക് ഭൂമിയിലെ താമസക്കാരായ കുടുംബങ്ങൾക്ക് ആർ ആന്റ് ആർ (റീ സെറ്റിൽമെൻറ് & റീഹാബിലിറ്റേഷൻ) പാക്കേജ് പ്രകാരമുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## അരുവിക്കര നിയോജക മണ്ഡലത്തിലെ ലാന്റ് അക്വിസിഷൻ പ്രവർത്തനങ്ങൾ

1613 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തിയിൽ

ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടിയിൽ എക്സ്പേർട്ട് ഗ്രൂപ്പ് രൂപീകരിക്കുന്നതിലും റിപ്പോർട്ട് ലഭ്യമാക്കുന്നതിലും കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഹരിപ്പാട് അഗ്നിരക്ഷാനിലയത്തിന് സ്ഥലം ഏറ്റെടുക്കൽ

1614 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് അഗ്നിരക്ഷാ നിലയത്തിന് അനുവദിച്ച സ്ഥലത്തേക്കുള്ള വഴിയുടെ വികസനത്തിനായി അധിക ഭൂമി ഏറ്റെടുക്കുന്നതിന് അഗ്നിരക്ഷാവകുപ്പ് എഫ്1/5748/2021 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുള്ള പ്രൊപ്പസലിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം

1615 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയ്നർ റോഡ് - റെയിൽ പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ടവർക്കുവേണ്ടി 2008 മാർച്ച് 19 ന് പുറപ്പെടുവിച്ച പുനരധിവാസ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പുനരധിവാസ ഭൂമിയിൽ റോഡ്, വൈദ്യുതി, കുടിവെള്ളം, ഡ്രൈനേജ്, ഇരുനിലക്കെട്ടിടം പണിയത്തക്ക എ ക്ലാസ് ഭൂമി എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ പ്രതിമാസം എത്ര രൂപ വീട്ടു വാടക ഇനത്തിൽ നൽകണമെന്നാണ് ഹൈക്കോടതി വിധിയിൽ നിർദ്ദേശിച്ചിരിക്കുന്നതെന്നറിയിക്കാമോ;

(സി) വീട്ടുവാടക ഇനത്തിൽ അനുവദിക്കപ്പെട്ട തുക ഏതു വർഷം വരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരാൾക്ക് വീതം വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് പദ്ധതിയിൽ ജോലി നൽകും എന്ന സർക്കാർ ഉത്തരവ് പ്രകാരം എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ?

## ഹാരിസൺ മലയാളം ലിമിറ്റഡിന് പതിച്ചു നൽകിയ ഭൂമി

1616 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം ലിമിറ്റഡിന് സംസ്ഥാനത്ത് എവിടെയൊക്കെ ഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്ന് സർവ്വേ നമ്പരും വിസ്തീർണ്ണവും നിലവിലെ കൈവശക്കാരന്റെ പേരും സഹിതം അറിയിക്കുമോ;

(ബി) നിലവിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി എത്രയാണെന്നും അവരിൽ നിന്നും മറ്റുള്ളവർ നേടിയിട്ടുള്ള ഭൂമി എത്രയാണെന്നും വിസ്തീർണ്ണവും സർവ്വേ നമ്പറും സഹിതം വ്യക്തമാക്കുമോ;

(സി) ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്നും ഭൂമി നേടിയവരും സമാനമായ മറ്റ് കമ്പനികളും കൈവശം വച്ചിരിക്കുന്ന ഭൂമി സർക്കാരിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനായി നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഭൂമി സംബന്ധിച്ചാണ് നിയമനടപടി സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) മേൽപ്പറഞ്ഞ പ്രകാരം നിയമനടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്ത ഭൂമി ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് സർവ്വേ നമ്പർ, വിസ്തീർണ്ണം സഹിതം വ്യക്തമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി

1617 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി പദ്ധതി തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ?

## പ്രളയ ഫണ്ട് തട്ടിപ്പ് - വകുപ്പുതല അന്വേഷണം

1618 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രളയ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; ഏതൊക്കെ തലത്തിലുള്ള അന്വേഷണമാണ് നടന്നതെന്ന വിശദാംശം നൽകുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; 2018-ലെ വിഷയത്തിന്മേൽ നടപടി സ്വീകരിക്കാൻ വേണ്ടി വരുന്ന കാലയളവെത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ അച്ചടക്ക നടപടി നേരിട്ടവർ നിലവിൽ സർവീസിൽ തുടരുന്നുണ്ടോ; ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കേസിൽ രാഷ്ട്രീയ നേതാക്കൾക്ക് പങ്കുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച ഫ്ലഡ് വർക്കുകൾ

1619 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച ഫ്ലഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ ഏതൊക്കെ പൂർത്തിയായെന്നും വിശദമാക്കുമോ;

(ബി) പ്രവൃത്തികൾ പൂർത്തിയാകാനുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി

1620 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇനി എത്ര കുടുംബങ്ങൾക്കാണ് പ്രസ്തുത നഷ്ടപരിഹാരം നൽകാനുള്ളതെന്നും ആകെ എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) നഷ്ടപരിഹാരം ലഭിച്ചിട്ടില്ലെന്ന എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതിക്കാരുടെ പേര് വിവരം ലഭ്യമാക്കുമോ; ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) നഷ്ടപരിഹാരം, എന്നത്തേക്ക് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## ശ്രീ. ബാലകൃഷ്ണന് ലഭിക്കേണ്ട പ്രളയ ധനസഹായം

1621 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ ഭവനനാശം സംഭവിച്ചവർക്ക് ലഭിക്കേണ്ട ധനസഹായം സാങ്കേതിക തകരാർ കാരണം ലഭിക്കാതെ പോയ പറളി-1 വില്ലേജിൽ തേനൂർ കാവുങ്കൽ വീട്ടിൽ വേലായുധൻ മകൻ ശ്രീ. ബാലകൃഷ്ണൻ സമർപ്പിച്ച അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുമോ;

(ബി) അർഹമായ ധനസഹായം വർഷങ്ങൾ കഴിഞ്ഞിട്ടും ടിയാന് ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടിയാന്റെ അപേക്ഷ പരിഗണിച്ച് ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കുന്ദമംഗലം സബ് താലൂക്ക് ഓഫീസ് കെട്ടിടം

1622 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം സബ് താലൂക്ക് ഓഫീസ് കെട്ടിടം ജീർണിച്ച്

അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം പുനർനിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

1623 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിലെ നെല്ലിപ്പൊയിൽ വില്ലേജ് ഓഫീസ് കെട്ടിടം ശോച്യാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## ഗ്രൂപ്പ് വില്ലേജുകൾ സിംഗിൾ വില്ലേജുകളാക്കി മാറ്റുന്നതിന് നടപടി

1624 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട്-എടമുട്ടം, അമ്മാടം-കോടന്നൂർ-പള്ളിപ്പുറം, ചേർപ്പ്-ഊരകം-ചൊവ്വൂർ, അവിണിശേരി-പാലിശേരി, വടക്കുംമുറി-കിഴക്കും മുറി എന്നീ ഗ്രൂപ്പ് വില്ലേജുകൾ സിംഗിൾ വില്ലേജുകളാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഗ്രൂപ്പ് വില്ലേജുകൾ സിംഗിൾ വില്ലേജുകളാക്കി മാറ്റാത്തതിനാൽ പല സർട്ടിഫിക്കറ്റുകളും ലഭിക്കാൻ ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച വില്ലേജുകൾ സിംഗിൾ വില്ലേജുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

1625 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ; ഇതിൽ പാലക്കാട് ജില്ലയിലെ എത്ര വില്ലേജ് ഓഫീസുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് പേര് സഹിതം വ്യക്തമാക്കുമോ?

## പുതിയങ്ങാടി വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം

1626 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയങ്ങാടി വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥലത്തിന്റെ (ദേശം, സർവെ നമ്പർ, വിസ്തീർണ്ണം ഉൾപ്പെടെ) വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത വില്ലേജിൽ റവന്യൂ വകുപ്പിന് സ്വന്തമായി ഭൂമിയുണ്ടോ; പ്രസ്തുത ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## റവന്യൂ ഓഫീസുകളിലെ താൽക്കാലിക ജീവനക്കാർ

1627 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഓഫീസുകളിൽ ഭൂമി തരം മാറ്റുന്നതിനായി താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ നിയമന രീതി എപ്രകാരമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം നിയമിച്ച ജീവനക്കാരുടെ എണ്ണം, നിയമിച്ച തസ്തിക, ഇവർക്ക് വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി നാളിതുവരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ സേവന കാലയളവ് ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

## വില്ലേജ് ഓഫീസുകളിലെ ഒഴിവുകൾ

1628 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃത്യമായ സ്റ്റാഫ് പാറ്റേൺ ഇല്ലാത്തതുമൂലം മിക്ക വില്ലേജ് ഓഫീസുകളിലും ഒട്ടേറെ ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില്ലേജ് ഓഫീസ് ജീവനക്കാരെ താലൂക്ക്/ആർ.ഡി.ഒ./കളക്ട്റേറ്റ് ഓഫീസുകളിലേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് മൂലം വില്ലേജ് ഓഫീസുകളിൽ എത്തുന്ന പൊതു ജനങ്ങൾക്ക് കൃത്യസമയത്ത് സേവനങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വിശദമാക്കുമോ?

## റവന്യൂ വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

1629 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ എന്നിവ എത്രയെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക

എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

**<u>മണലൂർ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ വിശദാംശങ്ങൾ</u>**

1630 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളിലെ ജീവനക്കാരുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വില്ലേജുകളിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുണ്ടെന്നു അറിയിക്കുമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരുടെ കുറവുമൂലം പ്രസ്തുത വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ യഥാസമയം ലഭിക്കുന്നതിന് പ്രയാസം നേരിടുന്നതിനാൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്താൻ നിർദ്ദേശം നൽകുമോ?

**<u>വീടുവയ്ക്കുന്നതിനുള്ള അനുവാദം</u>**

1631 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ഫെമിനി ജോസിന് മൂന്ന് സെന്റ് ഭൂമി സൗജന്യമായി ലഭിച്ചതിൽ വീടുവയ്ക്കുന്നതിനുള്ള അനുവാദം നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ 19.9.22 തീയതിയിലെ 2412/ വി.ഐ.പി/എം/2022 നമ്പരായി എറണാകുളം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) മേൽ വിഷയത്തിൽ സർക്കാർ അയച്ച കത്ത് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച തുടർനടപടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ അനുകൂല തീരുമാനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഡി) മേൽ വിഷയത്തിൽ കൊച്ചി ആർ.ഡി.ഒ. ഓഫീസിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>ആനവിലാസം വില്ലേജ്</u>**

1632 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിലെ വില്ലേജുകളിൽ നിർമ്മാണ പ്രവൃത്തികൾ നിയന്ത്രിക്കാൻ പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാറിൽ നിന്നും 110 കിലോമീറ്റർ അകലെയുള്ള

ആനവിലാസം വില്ലേജ് ഉൾപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്നറിയിക്കുമോ; ഇതിന്റെപകർപ്പ് നൽകാമോ;

(സി) പ്രസ്തുത വില്ലേജ് ഇതിൽ ഉൾപ്പെടാൻ ഇടയായ സാഹചര്യം വിശദീകരിക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും ആനവിലാസം വില്ലേജിനെ ഒഴിവാക്കാൻ നാളിതുവരെ നടത്തിയിട്ടുള്ള നടപടി വിശമാ ക്കുമോ?

**ചെങ്കുളം ഗവ: എൽ.പി. സ്കൂൾ ഗ്രൗണ്ടിൽ പുഴയിൽ നിന്നും കോരിയിട്ട മണൽ**

1633 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ വെള്ളത്തൂവൽ ഗ്രാമ പഞ്ചായത്തിലെ ചെങ്കുളം ഗവൺമെന്റ് എൽ.പി. സ്കൂൾ ഗ്രൗണ്ടിൽ പഞ്ചായത്ത് മുഖേന പുഴയിൽ നിന്നും കോരിയിട്ട മണൽ കിടക്കുന്നതുമൂലം കുട്ടികൾനേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ ഗ്രൗണ്ടിൽ നിന്നും പ്രസ്തുത മണൽ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഗ്രൗണ്ടിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**ദേവികുളം താലൂക്കിൽ തരിശായി കിടക്കുന്ന റവന്യൂ ഭൂമി**

1634 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ തരിശായി കിടക്കുന്ന റവന്യൂ ഭൂമിയുടെ വിശദാംശം വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ?

**പരിവർത്തനം ചെയ്ത ഭൂമിയിൽ വീട് വയ്ക്കുന്നതിന് അനുമതി**

1635 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മാമ്പ്ര കുന്നത്ത് പറമ്പിൽ ഫെമിനി ജോസിന് സൗജന്യമായി ലഭിച്ച മൂന്ന് സെന്റ് ഭൂമിയിൽ വീടുവയ്ക്കുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച 19.9.22 തീയതിയിലെ 2412/വി.ഐ.പി/എം/2022 നമ്പർ അപേക്ഷ എറണാകുളം ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുണ്ടോയെന്നും പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തുമോ; വിശദാംശം നൽകുമോ?

**എളവള്ളി പഞ്ചായത്തിലെ കളിസ്ഥല നവീകരണം**

1636 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ. -യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എളവള്ളി പഞ്ചായത്തിലെ വാക എന്ന പ്രദേശത്തുള്ള കളിസ്ഥലത്തിന്റെ നവീകരണത്തിന് ശിപാർശ ചെയ്തെങ്കിലും പ്രസ്തുത സ്ഥലം ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രവൃത്തി ഇതുവരെ ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കളിസ്ഥലം തരംമാറ്റി കിട്ടുന്നതിന് തൃശ്ശൂർ ആർ.ഡി.ഒ. -യ്ക്ക് സമർപ്പിച്ച അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലം തരംമാറ്റി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## ഇടുക്കി ജില്ലയിലെ നിർമ്മാണ നിരോധനം

1637 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ആഗസ്റ്റ് 22-ന് ഇടുക്കി ജില്ലയിൽ ഏർപ്പെടുത്തിയ നിർമ്മാണ നിരോധനം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് 17.12.2019-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗത്തിലെ തീരുമാനങ്ങളും അതിൻമേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കുമോ;

(സി) നിർമ്മാണ നിരോധനം സംബന്ധിച്ച കേസുകളിൽ കോടതി നൽകിയ നിർദേശങ്ങളും അവ നടപ്പിലാക്കിയതിന്റെ വിശദാംശവും നൽകുമോ;

(ഡി) 1964-ലെയും 1993-ലെയും ഭൂപതിവ് ചട്ടങ്ങളിലെ നിബന്ധനകളായ കൃഷി, വീട് നിർമ്മാണം, പട്ടയ ഭൂമിയോട് ചേർന്ന് കിടക്കുന്ന ഭൂമിയുടെ അനുഭാവ ഉപയോഗം, കടമുറി നിർമ്മാണം എന്നിവ ഇടുക്കി ജില്ലയിൽ മാത്രം നടപ്പിലാക്കുന്നതിനുള്ള കാരണം വിശദമാക്കുമോ?

## ഭൂമി പതിച്ചു നൽകുന്നതിനു നൽകുന്നതിന് അപേക്ഷ

1638 **ശ്രീ സജി ചെറിയാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പുലിയൂർ പഞ്ചായത്തിൽ നാലാം വാർഡിലെ പാറപ്പുറമ്പോക്കിൽ 30 വർഷത്തിലധികമായി താമസിച്ചുവരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വയലാറ്റുംതറയിൽ സുമതി, ഭൂമി പതിച്ച് നൽകുന്നതിനായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ?

## കോന്നി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

1639 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച്

ആരംഭിച്ച ചിറ്റൂർ കടവ്, മാത്തൂർ തൃപ്പാറ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നറിയിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ കൂടൽ, കലഞ്ഞൂർ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## <u>കോട്ടൂർ ഗ്രാമ പഞ്ചായത്തിന് കളിസ്ഥലത്തിന് ഭൂമി വിട്ടുനല്കൽ</u>

1640 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂർ വില്ലേജിലെ മൂലാടുള്ള നികുതി കെട്ടാത്ത ഭൂമി, കളിസ്ഥലം നിർമ്മിക്കുന്നതിനായി കോട്ടൂർ ഗ്രാമ പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആയതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

## <u>വാമനപുരം മണ്ഡലത്തിലെ സ്മാർട്ട് വില്ലേജുകൾ</u>

1641 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫിസുകളെയാണ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## <u>കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഇരുപത്തിയേഴ് കുടുംബങ്ങളുടെ ഭൂമി പോക്കുവരവ്</u>

1642 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിലെ അംബേദ്കർ കോളനിയിലെ പട്ടികജാതിയിൽപ്പെട്ട ഇരുപത്തിയേഴ് കുടുംബങ്ങൾക്ക് കൊച്ചി താലൂക്കിൽ നിന്നും 2004- ൽ നൽകിയ പട്ടയപ്രകാരമുള്ള ഭൂമി പോക്കുവരവ് ചെയ്ത് കൊടുക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ പോക്കുവരവ് എന്നത്തേക്ക് ചെയ്ത് കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള സ്ഥലം</u>

1643 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ അധീനതയിലുള്ള എത്ര ഏക്കർ സ്ഥലമാണ്

യോഗാചാര്യൻ ശ്രീ. എമ്മിന്റെ സ്ഥാപനത്തിനുവേണ്ടി കൈമാറാൻ തീരുമാനിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച ഫയലിന്റെ പകർപ്പും ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

**<u>ളുങ്ങാംപാറ, കട്ടംമ്പുപ്പാറ ടൂറിസം പദ്ധതി-ഭൂമി കൈമാറ്റം</u>**

1644 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ളുങ്ങാംപാറ ഇക്കോടൂറിസം പദ്ധതിയ്ക്കായുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) വിളപ്പിൽ വില്ലേജിൽ കട്ടംമ്പുപ്പാറ ടൂറിസം പദ്ധതിയ്ക്കായി ഭൂമി കൈമാറ്റം സംബന്ധിച്ച നടപടികൾ വിശദമാക്കാമോ?

**<u>കരമന - വെള്ളറട റോഡിന് ഭൂമി ഏറ്റെടുക്കൽ</u>**

1645 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന വെള്ളറട റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; II , III റീച്ചുകളുടെ II(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ; ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>കൂടംകുളം പവർഗ്രിഡിന് ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം നൽകൽ</u>**

1646 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം പവർഗ്രിഡിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ നഷ്ടപരിഹാരം നൽകാൻ കോട്ടയം ജില്ലയിൽ ഉണ്ടായിരുന്ന സെൽ നിർത്തലാക്കിയോയെന്നും പ്രസ്തുത ഓഫീസിൽ കൈകാര്യം ചെയ്തിരുന്ന ഫയലുകളും റിക്കാർഡുകളും നിലവിൽ എവിടെയാണെന്നും അറിയിക്കുമോ;

(ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ വാഴൂർ, കങ്ങഴ, വെള്ളാവൂർ വില്ലേജുകളിലായി എത്രപേർക്കാണ് ഇനി പ്രസ്തുത നഷ്ടപരിഹാര തുക കൈമാറാനുള്ളത് എന്ന് അറിയിക്കുമോ; നിരവധി പേർക്ക് ഇനിയും നഷ്ടപരിഹാര തുക കൈമാറാനുള്ള സാഹചര്യത്തിൽ പ്രസ്തുത ഓഫീസ് നിർത്തലാക്കിയത് എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(സി) നഷ്ടപരിഹാരം നൽകുന്നതിനായി പവർ ഗ്രിഡ് അനുവദിച്ച മൂന്ന് കോടിയിലധികം രൂപ, പവർ ഗ്രിഡ് എൽ. എ. തഹസിൽദാർ ഓഫീസ് പ്രവർത്തനം നിർത്തിയത് മൂലം ഉപയോഗിക്കാൻ കഴിയാതെ കോട്ടയം ജില്ലാ ട്രഷറിയിൽ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നഷ്ടപരിഹാരത്തിന് അർഹരായവർക്ക് എത്രയും വേഗം തുക കൈമാറുന്നതിനും അതുവരെ പ്രസ്തുത ഓഫീസ് പുനസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>തോക്ക് ലൈസൻസിന്റെ റിവ്യൂ ഹർജി</u>**

1647 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാല നിയോജക മണ്ഡലത്തിലെ ശ്രീ. ജോമോൻ തോമസ് എന്ന വ്യക്തി തോക്ക് ലൈസൻസിനായി ലാന്റ് റവന്യൂ കമ്മിഷണറേറ്റിൽ സമർപ്പിച്ച എൽ.ആർ./8717/2022/എൽ.ആർ.എ2 നമ്പർ റിവ്യൂ ഹർജിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത ഫയൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>മധൂർ വില്ലേജിലെ റീസർവ്വെ 191/2 പ്പെട്ട സ്ഥലം</u>

1648 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് താലൂക്കിൽ മധൂർ വില്ലേജിൽ റീസർവ്വെ 191/2 ൽപ്പെട്ട സ്ഥലത്ത് ഏതെങ്കിലും കുടുംബം വീട് കെട്ടി താമസിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഭൂമിയിൽ എത്ര കുടുംബങ്ങൾ താമസിച്ച വരുന്നുണ്ടെന്നും എത്രകാലമായിട്ടാണ് താമസിച്ച വരുന്നതെന്നും വീട് നിർമ്മിച്ചത് എന്നാണെന്നും വീടുകൾക്ക് നമ്പർ ഉണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) എത്ര വിസ്തീർണ്ണമുള്ള സ്ഥലത്താണ് പ്രസ്തുത വീടുകൾ സ്ഥിതി ചെയ്യുന്നതെന്നും പ്രസ്തുത വസ്തു പതിച്ചു കിട്ടണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എപ്പോഴാണ് അപേക്ഷ ലഭിച്ചതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഇ) എൽ 5 / 19856/ 13 മധൂർ ഫയൽ പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ടതാണെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ; പ്രസ്തുത ഫയൽ നാളിതുവരെ തീർപ്പായിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത റീസർവ്വെ നമ്പറിൽ താമസിച്ചു വരുന്ന കുടുംബങ്ങൾ അർഹരാണെങ്കിൽ അവർക്ക് എപ്പോൾ ഭൂമി പതിച്ചു നൽകുമെന്ന് വ്യക്തമാക്കാമോ?

## <u>കായിക്കര എൽ.പി.എസ്. കെട്ടിട നിർമ്മാണം</u>

1649 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുതെങ്ങ് പഞ്ചായത്തിലെ ഗവൺമെന്റ് കായിക്കര എൽ.പി.എസ്. സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) നിലവിലുള്ള വസ്തുവിന്റെ വിസ്തീർണ്ണം നിർണ്ണയിച്ച് നൽകാത്തതു കാരണം പുതിയ കെട്ടിടം നിർമ്മിക്കാൻ അനുവദിച്ച ഒരു കോടി രൂപ ചെലവഴിക്കാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## <u>റവന്യൂ ഭൂമിയിലെ മരങ്ങൾ മുറിച്ച് കടത്തൽ-അന്വേഷണം</u>

1650 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ ചിന്നക്കനാൽ വില്ലേജിൽ ഉൾപ്പെട്ട റവന്യൂ ഭൂമിയിൽ നിന്നും അനധികൃതമായി യൂക്കാലി മരങ്ങൾ മുറിച്ച് കടത്തുന്നതുമായി ബന്ധപ്പെട്ട പരാതിയിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം നൽകുമോ; ഇതിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## വസ്തുക്കരം ഒടുക്കുന്നതിനുള്ള അവകാശം

1651 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ജോൺ ജോസ്, തുണ്ടത്തിൽ വീട്, തുണ്ടത്തിൽ, അയിരൂപ്പാറ വില്ലേജ്, തിരുവനന്തപുരം എന്ന വ്യക്തി ആർ.ഡി.ഒ ഓഫീസിൽ ബി2/459641/2022 നമ്പരായി സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ തിരുവനന്തപുരം താലൂക്ക് സർവ്വേയറും ആർഡി.ഒ യും അന്വേഷണവും ഹിയറിംഗും നടത്തിയെങ്കിലും പരാതിക്കാരന് നാളിതുവരെ കരം ഒടുക്കുന്നതിനുള്ള അവകാശം കിട്ടിയിട്ടില്ല എന്നതിനാൽ ആയതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പരാതിക്കാരന് വസ്തുക്കരം ഒടുക്കുന്നതിനുള്ള അവകാശം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## പുറമ്പോക്ക് ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി

1652 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പാണാവള്ളി പഞ്ചായത്തിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപമുള്ള പുറമ്പോക്ക് ഭൂമി സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പുറമ്പോക്ക് ഭൂമി തിരിച്ച് പിടിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## പൂതക്കുളം വില്ലേജ് ഓഫീസിന്റെ പ്രവർത്തനം

1653 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം വില്ലേജ് ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ച് പരിശോധന അവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനവുമായി ബന്ധപ്പെട്ട് റവന്യൂ കമ്മീഷണറേറ്റിൽ നിലവിലുള്ള എൽ. ആർ - എ6 / 300455/22 എന്ന ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ സൗത്ത് സോൺ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണത്തിന്

കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണമെന്തെന്ന് വിശദമാക്കുമോ?

**കാലിക്കറ്റ് സർവ്വകലാശാല ഭൂമി**

1654 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്കിൽ തേഞ്ഞിപ്പലം വില്ലേജ്,കൊണ്ടോട്ടി താലൂക്കിൽ പള്ളിക്കൽ, ചേലെമ്പ്ര വില്ലേജുകളിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ എഫ്.എം.ബി. സ്കെച്ച് പകർപ്പ് വില്ലേജ് അടിസ്ഥാനത്തിൽ നൽകുമോ;

(ബി) പ്രസ്തുത ഭൂമി പൊതു റോഡുകൾക്കായോ മറ്റ് പൊതു ആവശ്യങ്ങൾക്കയോ വിട്ട് നൽകിയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**ഡയാലിസിസ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കാൻ നിരാക്ഷേപ പത്രം നല്കുന്നത് സംബന്ധിച്ച്**

1655 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രത്തിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ, വ്യക്തമാക്കുമോ;

(ബി) നിരാക്ഷേപ പത്രം നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) നിരാക്ഷേപ പത്രം നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരണം**

1656 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാകളക്ടർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീം ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**വില്ലേജ് ഓഫീസർമാർക്കുള്ള സ്പെഷ്യൽ അലവൻസ്**

1657 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം വില്ലേജ് ഓഫീസർമാർക്ക് സ്പെഷ്യൽ അലവൻസ് നൽകുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ റിക്കവറി വില്ലേജ് ഓഫീസർമാർക്ക് പ്രസ്തുത അലവൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വില്ലേജ് ഓഫീസർമാർക്ക് പ്രസ്തുത അലവൻസ് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കൽ

1658 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഓരോ കുടുംബങ്ങൾക്കും മൂന്ന് സെന്റ് ഭൂമി വീതമെങ്കിലും അനുവദിക്കുന്നതിന് ആകെ എത്ര ഏക്കർ ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമി കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) താലൂക്ക് ലാന്റ് ബോർഡുകളിലെയും മറ്റ് വിവിധ ലാന്റ് ബോർഡുകളിലെയും കേസുകൾ തീർപ്പാക്കുന്ന മുറയ്ക്ക് പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ലഭ്യമാക്കാൻ കഴിയുമോ; വിശദമാക്കാമോ?

## എളകുന്നപ്പുഴ വില്ലേജിലെ ഭൂമി വിട്ടുനൽകാൻ നടപടി

1659 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ടുകൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസർ 30.6.1996 ലെ ആർ.ഡിസ്.5280/96-3 ഉത്തരവ് പ്രകാരം എളകുന്നപ്പുഴ വില്ലേജിലെ സർവെ നമ്പർ 569/3 & 569/6 ൽപ്പെട്ട 2.83 ആർ സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കൈമാറ്റം ചെയ്തു നൽകാൻ ഉത്തരവായിട്ടും പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യാത്തതിന് കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമി വിദ്യാഭ്യാസ വകുപ്പിന് എന്ന് കൈമാറ്റം ചെയ്തു നൽകുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## ഭൂമി തരം മാറ്റൽ നടപടികളുടെ പുരോഗതി

1660 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റൽ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭൂമി തരം മാറ്റുന്നതിന് സമർപ്പിക്കപ്പെട്ട അപേക്ഷകളിന്മേൽ മൂന്നുമാസത്തിനുള്ളിൽ നടപടി പൂർത്തീകരിക്കും എന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നടപടി പൂർത്തീകരിക്കാനായി നിലവിൽ എത്ര ഓൺലൈൻ അപേക്ഷകളും ഓഫ് ലൈൻ അപേക്ഷകളും ഉണ്ടെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

## <u>വായ്പാകുടിശ്ശിക ഗഡുക്കളാക്കി നൽകിവന്നിരുന്നത് പുനസ്ഥാപിക്കൽ</u>

1661 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുത്ത വായ്പകൾ വിവിധ കാരണങ്ങളാൽ തിരിച്ചടയ്ക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ റവന്യൂ റിക്കവറി നോട്ടീസ് ലഭിച്ചതിന് ശേഷവും വായ്പാകുടിശ്ശിക ഗഡുക്കളായി അടക്കാനുള്ള അവസരം നൽകി വന്നിരുന്നത് നിർത്തലാക്കിയിട്ടുണ്ടോ;എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ആയത് പുനസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആയത് പുനസ്ഥാപിക്കുന്നതുവരെ റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## <u>ദേശസാൽകൃത, സ്വകാര്യ ബാങ്കുകൾ റവന്യൂ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന റവന്യൂ റിക്കവറി</u>

1662 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത, സ്വകാര്യ ബാങ്കുകൾ റവന്യൂ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന റവന്യൂ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള വകുപ്പ് മന്ത്രിയുടെ സവിശേഷാധികാരം റദ്ദാക്കിക്കൊണ്ടുള്ള കോടതിവിധികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) കോടതിവിധി നിലവിലുണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാട് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിർധനരായ വായ്പക്കാർക്ക് ആശ്വാസമേകുന്നതിനായി സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാനുദ്ദേശിക്കുന്നതുമായ നടപടികൾ വ്യക്തമാക്കാമോ?

## <u>ഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ</u>

1663 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016 ജൂൺ മുതൽ സർക്കാർ പൊതുമേഖലാ രംഗത്ത് വിവിധ പദ്ധതികൾക്കായി ഭൂമി അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ്

ലഭിച്ചിരുന്നതെന്നും ഇതിൽ ഓരോന്നിന്റെയും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

**കോസ്റ്റൽ ഹൈവേ റീച്ച്-1 ന്റെ നിർമ്മാണം - ഭൂമി ഏറ്റെടുക്കൽ**

1664 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഹൈവേ റീച്ച്-1 (സൗത്ത് ചെല്ലാനം-ഫോർട്ട് കൊച്ചി) ന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമിയേറ്റെടുക്കൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും ഇതിനായി ശേഷിക്കുന്ന നടപടിക്രമങ്ങളും വിശദമാക്കുമോ?

**എന്റെ ഭൂമി പദ്ധതി**

1665 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ ഭൂമി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന പൊതുജനങ്ങൾക്ക് ലഭിക്കുന്ന പ്രയോജനം വ്യക്തമാക്കുമോ?

**നിലമ്പൂർ താലൂക്കിലെ തോട്ടഭൂമിയുടെ സർവെ നമ്പരുകളും വിസ്തീർണ്ണവും**

1666 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിൽ ചുങ്കത്തറ, എടക്കര വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന പാലുണ്ടയിലുള്ള നിലമ്പൂർ റബ്ബർ കമ്പനിയുടെ പേരിലുള്ള തോട്ടഭൂമിയുടെ സർവെ നമ്പരുകളും വിസ്തീർണ്ണവും ഉടമസ്ഥാവകാശവും, കെ.എൽ.ആർ. ആക്ട് പ്രകാരമുള്ള ഭൂമിയുടെ സ്റ്റാറ്റസ്, കൈവശം തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ അവകാശങ്ങളോ കൈവശമോ പോക്കുവരവോ ആയി ബന്ധപ്പെട്ട് ഏതെങ്കിലും കേസ്സുകൾ നിലനിൽക്കുന്നുണ്ടോയെന്നും പ്രസ്തുത തോട്ടഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള വിളയല്ലാത്ത മറ്റ് മരങ്ങളിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ അവകാശമുണ്ടോ എന്നും അറിയിക്കുമോ;

(സി) പാലുണ്ട-മുണ്ടേരി റോഡിൽ കാട്ടിച്ചിറ എന്ന സ്ഥലത്ത് നിലമ്പൂർ റബ്ബർ കമ്പനിയുടെ ഉടമസ്ഥതയിലുള്ള റബ്ബർ തോട്ടത്തിൽ നിന്നും തേക്ക് മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിനായി വഴിക്കടവ് ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ നിലമ്പൂർ തഹസിൽദാർക്ക് 07.06.2022 തീയതിയായി നൽകിയ ആർ.ഒ.വി-എ-633/19 നമ്പർ കത്തിന്മേൽ നിലമ്പൂർ തഹസിൽദാർ സ്വീകരിച്ച നടപടികളും നൽകിയ മറുപടിയും അറിയിക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ?

**മാനന്തവാടി നിയോജക മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ**

1667 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ പ്രസ്തുത സർവ്വേ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആദ്യഘട്ട ഡിജിറ്റൽ സർവ്വേ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

## <u>സർവെയർ ഗ്രേഡ് തസ്തികകളിലെ ഓൺലൈൻ ട്രാൻസ്ഫർ</u>

1668 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവെ ആൻഡ് ലാൻഡ് റെക്കോർഡ്സ് വകുപ്പിൽ സർവെയർ ഗ്രേഡ് 1,2 തസ്തികകളിലേക്ക് ഓൺ ലൈൻ ട്രാൻസ്ഫറിനുള്ള അപേക്ഷ ക്ഷണിക്കുന്നത് എപ്പോഴാണെന്നും നടപടിക്രമങ്ങൾ പൂർത്തികരിച്ച് ട്രാൻസ്ഫർ ലിസ്റ്റ് എന്ന് നിലവിൽ വരുമെന്നും വ്യക്തമാക്കുമോ;

(ബി) എല്ലാ ഗവണ്മെന്റ് സ്ഥാപനങ്ങളിലും ഓൺലൈൻ മുഖേന ട്രാൻസ്ഫർ നിയമനം നടത്താൻ നിർദേശം നൽകിയിരുന്നിട്ടും പ്രസ്തുത വകുപ്പിൽ പ്രസ്തുത സംവിധാനം നടപ്പിൽ വരാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ 2022-ൽ സർവെയർ ഗ്രേഡ് 1, ഗ്രേഡ് 2 ഉദ്യോഗസ്ഥരുടെ ഓഫ് ലൈൻ ട്രാൻസ്ഫറിനായി അപേക്ഷ ക്ഷണിച്ചിരുന്നോയെന്നും പ്രസ്തുത ട്രാൻസ്ഫർ ഉത്തരവിന്റെ കരട്, അന്തിമ ഉത്തരവ് എന്നിവ എന്ന് നിലവിൽ വരുമെന്നും പ്രസ്തുത ഉത്തരവ് നിലവിൽ വരുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ എന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിൽ വർക്കിംഗ് അറേഞ്ച്മെന്റിലൂടെ സർവെയർ ഗ്രേഡ് 1,ഗ്രേഡ് 2 തസ്തികകളിൽ 14 ജില്ലകളിലെ വിവിധ ഓഫീസുകളിൽ ജോലി ചെയ്യുന്ന സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണവും അവരുടെ ലീൻ ഓഫീസ് ഏതാണെന്നും എത്ര നാളായി അവർ പ്രസ്തുത ജോലി ചെയ്യുന്നു എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികകളിൽ 3 വർഷമോ അതിലധികമോ കാലം ഒരേ ഓഫീസിലോ അതിന്റെ 15കി.മീ. പരിധിയിലോ തന്നെ ജോലിചെയ്യുന്നതായ എത്ര പേർ ഉണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(എഫ്) ഡിജിറ്റൽ സർവെ മികച്ച രീതിയിൽ നടക്കുന്നതിന് വർക്കിംഗ് അറേഞ്ച്മെന്റിൽ വർക്ക് ചെയ്യുന്ന സർവ്വേ വകുപ്പിലെ സർവെയർ ഗ്രേഡ് 1, 2 ഉദ്യോഗസ്ഥരെ തിരികെ നിയമിക്കാൻ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

## <u>ഡിജിറ്റൽ സർവ്വേ നടത്താൻ തിരഞ്ഞെടുത്ത വില്ലേജുകൾ</u>

1669 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സർവ്വേയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ എത്ര

വില്ലേജുകളാണ് തെരഞ്ഞെടുക്കപ്പെട്ടത്;

(ബി) ആദ്യ ഘട്ടം എത്ര സമയത്തിനകം പൂർത്തികരിക്കാൻ സാധിക്കുമെന്നറിയിക്കുമോ;

(സി) രണ്ടാം ഘട്ടം ഡിജിറ്റൽ സർവ്വേ നടത്തുന്നതിനുള്ള വില്ലേജുകളെ തിരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കോഴിക്കോട് ജില്ലയിലെ വില്ലേജുകളുടെ പേര് ലഭ്യമാക്കുമോ?

## സർവേ സഭ

1670 **ശ്രീ. പി.വി.അൻവർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറ്റമറ്റ രീതിയിൽ ഡിജിറ്റൽ റീസർവെ നടത്തുന്നതിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സർവേ സഭ എന്ന പേരിൽ ഗ്രാമസഭകൾ ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇപ്രകാരം സർവേ സഭകൾ ചേരുന്നതിന് പ്രത്യേകം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ ഉടമസ്ഥതയുള്ള ഭൂമിയോടൊപ്പം സർക്കാർ ഭൂമിയല്ലാത്തതും തർക്കമില്ലാത്ത കൈവശത്തോടു കൂടിയതുമായ അധിക ഭൂമി കാണുന്ന സാഹചര്യത്തിൽ അതിനുകൂടി ഉടമസ്ഥത നൽകുന്ന നിയമം നിലവിലുണ്ടോ; ഇത്തരത്തിലുള്ള കൈവസർവ്വേശങ്ങൾക്ക് കൂടി ഉടമസ്ഥത നൽകുന്ന ഒരു സെറ്റിൽമെന്റ് ആക്റ്റ് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

## ഡിജിറ്റൽ റീസർവേ

1671 **ഡോ സുജിത് വിജയൻപിള്ള**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ റീസർവേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത സർവേ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് 1966-ൽ ആരംഭിച്ച റീസർവേ നടപടികൾ പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഡിജിറ്റൽ സർവേ നടപടികൾ പൂർത്തിയാക്കുന്നതിലൂടെ എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് ലഭ്യമാവുകയെന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ചിറയിൻകീഴ് മണ്ഡലത്തിലെ ഡിജിറ്റൽ സർവെ

1672 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സർവെയുടെ ഭാഗമായി എത്ര വില്ലേജുകളിൽ സർവെ

നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽപ്പെട്ട ഏതൊക്കെ വില്ലേജുകളിൽ പ്രസ്തുത സർവെ നടപടികൾ ആരംഭിച്ചിട്ടുണ്ട്; അവയുടെ പുരോഗതി വിശദമാക്കുമോ?

**ഭൂസംബന്ധമായ സേവനങ്ങൾക്കായി ഏകജാലക ഓൺലൈൻ സംവിധാനം**

1673 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. എൻ.കെ. അക്ബർ**
**ശ്രീ എം മുകേഷ്**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് ഏകജാലക ഓൺലൈൻ സംവിധാനത്തിലൂടെ ജനങ്ങളിൽ എത്തിക്കുന്നതിന് ഡിജിറ്റൽ റീസർവെ നടപടികൾ പൂർത്തിയാക്കുന്നതിലൂടെ സാധ്യമാകുമോയെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; ഭൂ സംബന്ധമായ ക്രയവിക്രയങ്ങൾ പൂർണ്ണമായും സുതാര്യമാക്കാൻ പ്രസ്തുത സംവിധാനം മുഖേന കഴിയുമോ; വിശദാംശം നൽകുമോ;

(സി) ഭൂമിയുടെ ഉടമസ്ഥതയും കൃത്യതയോടെയുള്ള അളവും ഡിജിറ്റൽ സർവെയിലൂടെ ലഭ്യമാക്കുന്നതിന് ഭൂവുടമകളുടെ പങ്കാളിത്തവും സഹകരണവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഭൂവുടമസ്ഥരുടെ സാന്നിധ്യത്തിൽ സർവെ നടത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**ഡിജിറ്റൽ റീസർവേ**

1674 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ ഒ . ആർ. കേളു**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ഭൂമിയും ഡിജിറ്റലായി അളന്ന് സമഗ്ര ഭൂരേഖ തയ്യാറാക്കുന്നതിനായി ആരംഭിച്ച ഡിജിറ്റൽ റീസർവേ പരിപാടിയുടെ ഒരു മാസത്തെ പ്രവർത്തനം സർക്കാർ എപ്രകാരം വിലയിരുത്തുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സർവേയ്ക്കായി ഉപയോഗിക്കുന്ന ആധുനിക സങ്കേതങ്ങളുടെ വിശദാംശം നൽകുമോ; പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്വീകരിക്കുന്ന നടപടി വിശദമാക്കുമോ;

(സി) ഭൂമി സർവേ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള പരാതികളും ആശങ്കകളും പരിഹരിക്കുന്നതിനായി സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

**ഡിജിറ്റൽ സർവെ പദ്ധതി**

1675 **ശ്രീ ഐ ബി സതീഷ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാല് വർഷത്തിനുള്ളിൽ ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായി സമഗ്ര ഭൂരേഖ തയ്യാറാക്കുന്നതിനായി ആരംഭിച്ച എന്റെ ഭൂമി ഡിജിറ്റൽ സർവെ പദ്ധതിയിൽ സുതാര്യത ഉറപ്പാക്കി ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; സർവെ സഭകൾ സംഘടിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന രീതിയെയും അതിനായുള്ള സാങ്കേതിക സംവിധാനങ്ങളെയും കുറിച്ച് വിശദമാക്കുമോ;

(സി) ഭൂവിവരങ്ങൾ സമഗ്രമാക്കുന്നതിന് സർവെ വിവരങ്ങൾ വില്ലേജ് രജിസ്ട്രേഷൻ രേഖകളുമായി സാങ്കേതിക വിദ്യാധിഷ്ഠിതമായി സംയോജിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

## <u>കൊച്ചി നിയോജക മണ്ഡലത്തിലെ ഡിജിറ്റൽ റീ സർവ്വേയുടെ പുരോഗതി</u>

1676 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ നടന്നുവരുന്ന ഡിജിറ്റൽ റീ സർവ്വേയുടെ പുരോഗതി വിശദമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ ഉൾപ്പെട്ട ഇടകൊച്ചി, പള്ളുരുത്തി തോപ്പുംപടി, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി വില്ലേജുകളിലെ റീസർവ്വേ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കുമോ;

(സി) രണ്ടാംഘട്ട റീസർവ്വേ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

## <u>ഡിജിറ്റൽ സർവേ</u>

1677 **ശ്രീ പി എസ് സുപാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഡിജിറ്റൽ സർവേ നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) സർവേയോടൊപ്പം ഭൂമിസംബന്ധമായ മറ്റെന്തെല്ലാം വിവരങ്ങൾ ശേഖരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമിയുടെ ഉടമസ്ഥതയും കൃത്യമായ അളവും ഡിജിറ്റൽ സർവേയിലൂടെ സാധ്യമാക്കുന്നതിന് ഭൂവുടമകളുടെ സഹകരണം ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) 1966 -ൽ ആരംഭിച്ച കൺവെൻഷണൽ റീസർവേ നടപടികൾ പൂർത്തിയാക്കിയ സ്ഥലങ്ങളിൽ റീസർവേ സംബന്ധിച്ചുള്ള പരാതികൾ ഡിജിറ്റൽ സർവേയിലൂടെ പരിഹരിക്കാൻ കഴിയുമോയെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത ഡിജിറ്റൽ സർവേ പൂർത്തീകരിച്ചു കഴിയുമ്പോൾ റവന്യൂ, സർവേ, രജിസ്ട്രേഷൻ രേഖകൾ ഒരേ പോർട്ടലിലൂടെ ഏകോപിപ്പിച്ച് ഭൂമി കൈമാറ്റവും പോക്കുവരവും നടത്താനാവുമോ; വിശദമാക്കുമോ?

**താലൂക്ക് സർവെയർമാരുടെ സേവനം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി**

1678 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികൾ നടക്കുമ്പോൾ പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവെയർമാരുടെ സേവനം സമയബന്ധിതമായി ലഭിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിന് കാലതാമസവും തർക്കങ്ങളും നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ**

1679 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ താലൂക്കുകളിലെ ലോക്കൽ ലവൽ മോണിറ്ററിംഗ് കമ്മിറ്റികളിൽ ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടെന്നറിയിക്കാമോ;

(ബി) തീർപ്പ് കല്പിക്കപ്പെട്ട അപേക്ഷകളുടെ എണ്ണം വ്യക്തമാക്കാമോ;

(സി) അപേക്ഷകൾ തീർപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ശോച്യാവസ്ഥയിലുള്ള ഇരട്ടവീടുകളുടെ പുനരുദ്ധാരണം**

1680 **ശ്രീ എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എൻ. ലക്ഷം വീട് പദ്ധതി പ്രകാരം നിർമ്മിച്ചതും നിലവിൽ ശോച്യാവസ്ഥയിലുമുള്ള ഇരട്ടവീടുകൾ പുനരുദ്ധാരണം ചെയ്ത് ഒറ്റ വീടുകളാക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ആശ്വാസ് വാടക വീട് പദ്ധതി**

1681 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന രോഗികളുടെ കൂട്ടിരുപ്പുകാർക്കായി മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പാക്കുന്ന ആശ്വാസ്

വാടക വീട് പദ്ധതിപ്രകാരം ഏതൊക്കെ മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് ഇതിനോടകം പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും പദ്ധതിയുടെ പ്രവർത്തനം എങ്ങനെയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) ആലപ്പുഴ മെഡിക്കൽ കോളേജിലെ പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## <u>ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ</u>

1682 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡിന്റെ ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷം അനുവദിച്ച തുക, റിലീസ് ചെയ്ത് നൽകിയ തുക എന്നിവ വ്യക്തമാക്കാമോ;

(ബി) ഭവന നിർമ്മാണ ബോർഡിന്റെ ആശ്വാസ് വാടക വീട് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക, റിലീസ് ചെയ്ത് നൽകിയ തുക എന്നിവ വ്യക്തമാക്കാമോ;

(സി) ഭവന നിർമ്മാണ ബോർഡിന്റെ ദുർബല - താഴ്ന്ന വരുമാനക്കാർക്കായുള്ള ഭവന പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക, റിലീസ് ചെയ്ത് നൽകിയ തുക എന്നിവ വ്യക്തമാക്കാമോ?

## <u>നഗര കേന്ദ്രങ്ങളിൽ പുതിയ ഹൗസിംഗ്ഫ്ലാറ്റുകൾ ആരംഭിക്കാൻ നടപടി</u>

1683 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ മാത്യൂ ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന പട്ടണങ്ങളിൽ ഹൗസിംഗ് ബോർഡിന്റെ നേതൃത്വത്തിൽ ആധുനിക രീതിയിലുള്ള ഹൗസിംഗ്ഫ്ലാറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) പുതുതായി നിർമ്മിക്കുന്ന ഫ്ലാറ്റുകൾ ആധുനിക സൗകര്യങ്ങളോടെ നിർമ്മിക്കുന്നതിന് നിർദേശം നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>കളിക്കളം വികസന പദ്ധതി</u>

1684 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിലെ കളിക്കളം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികൾക്കാണ് ഫണ്ടനുവദിച്ചിട്ടുള്ളത്; പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതിന്റെ തുടർ നിർമ്മാണ പ്രവൃത്തിയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ നിലവിലെ സ്ഥിതിയും പ്രസ്തുത

പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി എം.എൽ.എ. ഫണ്ട് നൽകേണ്ടത് എപ്പോഴാണെന്നും വിശദമാക്കാമോ ?

## ഫിഷറീസ് വകുപ്പിലെയും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെയും താൽക്കാലിക നിയമനങ്ങൾ

1685 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന മറൈൻ ബിൽ

1686 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന മറൈൻ ബിൽ സംബന്ധിച്ച നിർദേശങ്ങൾ സംസ്ഥാന സർക്കാറിന് ലഭ്യമായിട്ടുണ്ടോ;

(ബി) ബില്ലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന വ്യവസ്ഥകൾക്ക് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിനായി കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## മത്സ്യബന്ധന മേഖലയുടെ വികസനത്തിനും പുരോഗതിക്കും വേണ്ടിയുള്ള പ്രവത്തനങ്ങൾ

1687 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വാഴൂർ സോമൻ**
**ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-നെ പരമ്പരാഗത മത്സ്യബന്ധനത്തിന്റെയും മത്സ്യകൃഷിയുടെയും വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കടലറിവുകളും തൊഴിൽശേഷിയും പുത്തൻ തലമുറയ്ക്ക് പകർന്ന് നൽകുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി മത്സ്യബന്ധന മേഖലയിലെ നൂതന സാങ്കേതിക വിദ്യകളും പ്രാദേശികമായി ഉപയോഗത്തിലിരിക്കുന്ന സാങ്കേതിക സംവിധാനങ്ങളും സംയോജിപ്പിച്ച് മത്സ്യബന്ധനവും സംസ്കരണവും കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ;

(ഡി) ചെറുകിട മത്സ്യബന്ധനയാനങ്ങളിൽ മണ്ണെണ്ണയ്ക്ക് പകരം കൂടുതൽ ലാഭകരമായ ഇന്ധനം ഉപയോഗപ്പെടുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## കടലിലെ പ്ലാസ്റ്റിക് നിയന്ത്രണം

1688 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ എം വിൻസെൻറ്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യാതൊരു നിയന്ത്രണവുമില്ലാതെ കടലിൽ പ്ലാസ്റ്റിക് ഉപേക്ഷിക്കുന്നത് മൂലമുള്ള ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള തീരത്ത് നിന്നും പിടിക്കുന്ന മത്സ്യങ്ങളിൽ പ്ലാസ്റ്റിക്കിന്റെ അംശം ഗണ്യമായ തോതിൽ കണ്ടെത്തിയെന്ന റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സമുദ്രത്തിൽ നിന്നും പ്ലാസ്റ്റിക് നീക്കം ചെയ്യുന്നതിനായി മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനുള്ള പ്രത്യേക സമിതി

1689 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തീരശോഷണം പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ടോ; സമിതി അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കുമോ?;

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണം തീരശോഷണത്തിന് കാരണമാകുന്നു എന്ന ആക്ഷേപം സമിതി പഠനവിധേയമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സമിതി പഠനവിധേയമാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; റിപ്പോർട്ട് എന്നത്തേക്ക് സമർപ്പിക്കുമെന്ന് അറിയിക്കുമോ?

## പ്രധാനമന്ത്രി മത്സ്യ സംപാദ യോജന

1690 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യതൊഴിലാളികളെ

പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രി മത്സ്യ സംപദാ യോജനയിൽ ഉൾപ്പെടുത്തി മത്സ്യതൊഴിലാളികളുടെ സഹകരണ കൂട്ടായ്മ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വയം സഹായ സംഘം മാതൃകയിലുള്ള പ്രസ്തുത ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് ആവശ്യമായ പരിശീലനവും ബോട്ടും അനുബന്ധ സംവിധാനങ്ങളും ഒരുക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്തിന്റെ തീരപരിധിയിൽ വ്യാപകമായി നടക്കുന്ന മത്സ്യബന്ധനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും പരമ്പരാഗത മത്സ്യതൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധ്യമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

## <u>തീരദേശ മേഖലയിലെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ നടപടി</u>

1691 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഫിഷറീസ് വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) തീരദേശമേഖല ഉൾപ്പെടുന്ന എല്ലാ നിയോജക മണ്ഡലങ്ങളിലും ഫിഷറീസ് സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തീരദേശ മേഖലയിലെ വിദ്യാർത്ഥികളുടെ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമാക്കി ഫിഷറീസ് സർവ്വകലാശാല എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) തീരദേശമേഖലയിലെ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനും അന്താരാഷ്ട്ര നിലവാരത്തിലെ മത്സരങ്ങൾക്ക് പ്രാപ്തരാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

## <u>മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി</u>

1692 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനം ,ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ?

## <u>അലങ്കാര മത്സ്യ വിപണി</u>

1693 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അലങ്കാര മത്സ്യ വിപണിയിൽ ഏതെല്ലാം മത്സ്യങ്ങൾ വിൽക്കുന്നതിനാണ് അനുവാദം നൽകി വരുന്നത്; വിൽക്കാൻ പാടില്ലാത്തവയായി ഏതെങ്കിലും ഇനം മത്സ്യങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി

1694 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതിയുടെ ഭാഗമായി മണിയൂർ ഗ്രാമപഞ്ചായത്തിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും അറിയിക്കാമോ?

## നെയ്യാറ്റിൻകര പൊഴിയൂർ മത്സ്യബന്ധ തുറമുഖത്തിന്റെ പ്രോജക്ട് റിപ്പോർട്ട്

1695 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂർ മത്സ്യബന്ധ തുറമുഖത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഡി.പി.ആർ. പ്രകാരം എത്ര കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്;വിശദമാക്കാമോ;

(ബി) തുറമുഖത്തിന്റെ ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലായെങ്കിൽ എപ്പോൾ എന്ന് വിശദമാക്കുമോ?

## അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം സംബന്ധിച്ച്.

1696 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല ആസ്ഥാനമാക്കി ആരംഭിക്കുന്ന സംസ്ഥാനത്തെ ആദ്യ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇതിനായി സർക്കാർ അനുവദിച്ച ഫണ്ട് എത്രയാണെന്ന് വ്യക്തമാക്കുമോ; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ടി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് മുന്നോടിയായി കാലിക്കറ്റ് സർവ്വകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനായി കാലിക്കറ്റ് സർവ്വകലാശാലയും സ്പോർട്സ് കേരള ഫൗണ്ടേഷനും ചേർന്ന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ; ആയതിൽ പങ്കെടുത്തവർക്ക് അറിയിപ്പ് നൽകിയതാരാണ്; അറിയിപ്പ് നൽകിയ രേഖകളുടെ പകർപ്പും പങ്കെടുക്കേണ്ടവരെ തീരുമാനിച്ച നടപടി ക്രമങ്ങളുടെ പകർപ്പും ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ നടത്തിയിയിട്ടുള്ള മുഴുവൻ പ്രവർത്തനങ്ങളുടെയും വിശദാംശം

ലഭ്യമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് ടി സ്ഥാപനം നടത്തിയ മുഴുവൻ കത്തിടപാടുകളുടെയും പകർപ്പ് ലഭ്യമാക്കുമോ?

## കായിക വകുപ്പ് അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികൾ

1697 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവേലിക്കര മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ചതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

## കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ

1698 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ എ കെ എം അഷ്‌റഫ്**
**ശ്രീ . ടി. വി. ഇബ്രാഹിം**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് പ്രാദേശിക തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രാദേശിക തലത്തിൽ കളി സ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) കോവിഡ് പ്രതിസന്ധിക്ക് ശേഷം കായിക മേഖലയെ പുനരുജ്ജീവിപ്പിക്കാൻ സ്വീകരിച്ചതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാം; വിശദമാക്കുമോ?

## തീരദേശ റോഡ് നവീകരണം

1699 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ റോഡ് നവീകരണം പദ്ധതിയിൽ ഉൾപ്പെടുത്തി വടകര നിയോജക മണ്ഡലത്തിൽ എത്ര രൂപയുടെ പദ്ധതികൾക്കാണ് നാളിതുവരെ അനുമതി നൽകിയിട്ടുള്ളത്;വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വടകര നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിൽ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കിയിട്ടുള്ളത്; പ്രസ്തുത ഉത്തരവുകളുടെ നമ്പരും തീയതിയും ലഭ്യമാക്കുമോ;

(ഡി) പതിനേഴര കിലോമീറ്ററിലധികം ദൈർഘ്യമേറിയ കടൽത്തീരമുള്ള വടകര നിയോജക മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നവീകരണത്തിന് ഈ തുക

തികച്ചും അപര്യാപ്തമാണെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വടകരയുടെ തീരദേശങ്ങളിലെ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും കൂടുതൽ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>ഹൈടെക് ഫിഷ് മാർട്ടുകൾ</u>**

1700 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ ഫെഡിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി ആരംഭിച്ച ഹൈടെക് ഫിഷ് മാർട്ടുകൾ വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

**<u>മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി</u>**

1701 **ശ്രീ എം വിൻസെൻറ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ ഡീസൽ വില ക്രമാതീതമായി വർദ്ധിക്കുന്നത് കാരണം മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതത്തിലായിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യഫെഡ് മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; സബ്സിഡി ഇനത്തിൽ കുടിശികയായ എത്ര തുക മത്സ്യത്തൊഴിലാളികൾക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യഫെഡ് വഴി നൽകുന്ന മണ്ണെണ്ണ ആവശ്യത്തിന് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) മണ്ണെണ്ണയുടെ ദൗർലഭ്യം നിമിത്തം മത്സ്യബന്ധനത്തിന് കടലിൽ വള്ളമിറക്കാൻ കഴിയാത്ത അവസ്ഥയിലാണ് മത്സ്യത്തൊഴിലാളികൾ എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവപൂർവം കാണുന്നുണ്ടോ?

**<u>ഫോർമാലിൻ, അമോണിയ ഇവ കലർന്ന മൽസ്യത്തിന്റെ വിൽപ്പന</u>**

1702 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മത്സ്യങ്ങളിൽ നല്ലൊരു ശതമാനത്തിലും മനുഷ്യ ശരീരത്തിനു ഹാനികരമായ മാരക വിഷാംശങ്ങളായ ഫോർമാലിൻ, അമോണിയ എന്നിവ കലർന്നതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് മായം കലർന്ന മത്സ്യം പിടികൂടി നശിപ്പിച്ച എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ

നടപടി സ്വീകരിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്നതും സംസ്ഥാനത്ത് മത്സ്യബന്ധനം നടത്തുന്നതുമായ മത്സ്യങ്ങളിൽ മായം ചേർത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ആണ് ഉള്ളതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പരിശോധനയ്ക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ; ഇത്തരത്തിൽ 2022 ജനവരി മുതൽ നാളിതുവരെയായി നടത്തിയ പരിശോധനകൾ, കണ്ടെത്തലുകൾ, സ്വീകരിച്ച നടപടികൾ എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇവർ വീണ്ടും സമാനമായ കുറ്റകൃത്യം ചെയ്യുന്നില്ല എന്നുറപ്പുവരുത്തുവാൻ സ്വീകരിക്കുന്ന നടപടി എന്താണെന്ന് വിശദമാക്കുമോ ?

## മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ സ്പോർട്ട്സ് കോംപ്ലക്സ്

1703 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ അന്തർദേശീയ നിലവാരത്തിലുള്ള സ്പോർട്ട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പുറത്തൂർ പഞ്ചായത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ

1704 **ഡോ.കെ.ടി.ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ പഞ്ചായത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കാമോ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം

1705 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ വികസന കോർപ്പറേഷൻ നിർവഹണ ഏജൻസിയായിട്ടുള്ള പാറശ്ശാല മണ്ഡലത്തിലെ പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പനച്ചമൂട് മത്സ്യ മാർക്കറ്റിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും ഇതിലേക്കായി എത്ര തുക ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ;

(സി) 2016 മുതൽ 2022 കാലയളവ് വരെ പാറശ്ശാല നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും നടപ്പിലാക്കി വരുന്ന പദ്ധതികളും നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളും വിശദമാക്കാമോ?

## മത്സ്യ മാർക്കറ്റുകളുടെ നവീകരണം

1706 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരദേശ വികസന കോർപ്പറേഷൻ മുഖേന ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നിവിടങ്ങളിലെ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിലെ ആധുനിക മത്സ്യമാർക്കറ്റുകളുടെ പ്രവൃത്തി

1707 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ എസ്റ്റിമേറ്റുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭ്യമായ കണ്ണൂർ ജില്ലയിലെ കണ്ണപുരം, പഴയങ്ങാടി എന്നീ ആധുനിക മത്സ്യമാർക്കറ്റുകളുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

## തീരക്കടലിലെ വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം

1708 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനത്തിന് വിദേശ ട്രോളറുകൾക്ക് കേന്ദ്രസർക്കാർ നൽകിയ അനുമതിയുടെ ബലത്തിൽ തീരക്കടലിലും കപ്പലുകൾ മത്സ്യ ബന്ധനം നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## കൊടുവള്ളിയിലെ " ഒരു നിയോജകമണ്ഡലത്തിൽ ഒരു കളിസ്ഥലം " പദ്ധതി

1709 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം കൊടുവള്ളി നിയോജകമണ്ഡലത്തിൽ അനുവദിക്കപ്പെട്ട കളിസ്ഥലം സംബന്ധിച്ച് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിലെ ചുണ്ട സ്കൂൾ ഗ്രൗണ്ട് നവീകരണം

1710 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചുണ്ട സ്കൂൾ ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ബഡ്ജറ്റിൽ തുക നീക്കിവെച്ച പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കാൻ

കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

## പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം

1711 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി നിലവിൽ നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ഇത്തരം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ ചേരാറുണ്ടോ; വിശദമാക്കാമോ?

## കൈപ്പറമ്പ് മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിലെ മേപ്പിൾ വുഡ് ഫ്ലോറിംഗ്

1712 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിൽ മേപ്പിൾ വുഡ് ഫ്ലോറിംഗ് നടത്തുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണം

1713 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയ നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി എത്ര രൂപയുടെ പദ്ധതിക്കാണ് കിഫ്ബി അംഗീകാരം നൽകിയത്; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) സ്റ്റേഡിയം നിർമ്മാണം മന്ദഗതിയിലായതിന്റെ കാരണം വെളിപ്പെടുത്താമോ; ഇനിയും എന്തൊക്കെ നിർമ്മാണ പ്രവർത്തികളാണ് പൂർത്തിയാക്കാൻ ഉള്ളത്; ഈ പ്രവൃത്തി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തികരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

## പൊഴിയൂർ സ്റ്റേഡിയം നിർമ്മാണം

1714 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ സ്റ്റേഡിയം നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ആർക്കാണ് സ്റ്റേഡിയത്തിന്റെ നിർമ്മാണ കരാർ നൽകിയതെന്നും എത്ര കോടി രൂപയ്ക്കാണ് നൽകിയതെന്നും വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവൃത്തി വൈകിപ്പിച്ചതിന് കരാറുകാരന്റെ പേരിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

1715 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല പഞ്ചായത്തിലെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ;

(സി) ആയതിലേക്കുള്ള അന്തിമ എസ്റ്റിമേറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; എന്തൊക്കെ ഘടകങ്ങൾ ആണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എസ്റ്റിമേറ്റ് എന്നത്തേക്ക് പൂർത്തിയാക്കി സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

## കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി

1716 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ കായിക വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) ജനകീയ ധനസമാഹരണത്തിലൂടെ സ്ഥലം വിലകൊടുത്ത് വാങ്ങി സർക്കാറിന് കൈമാറുകയും 2022-23 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തുകയും ചെയ്ത ചെറുവാഞ്ചേരി സ്റ്റേഡിയ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(സി) കുന്നോത്തുപറമ്പ് ഇൻഡോർ സ്റ്റേഡിയ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

## പട്ടാമ്പി നിയോജക മണ്ഡലത്തിലെ കായിക സ്റ്റേഡിയങ്ങൾ

1717 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ 2016-2021 കാലയളവിലും ഈ സർക്കാർ

അധികാരത്തിൽ വന്നതിന് ശേഷവും അനുവദിച്ച സ്റ്റേഡിയങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം നൽകാമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങളുടെ നിലവിലെ സ്ഥിതി നിർവ്വഹണ ഏജൻസിയുടെ വിവരം സഹിതം നൽകാമോ?

## കായിക വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെയും താൽക്കാലിക നിയമനങ്ങൾ

1718 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റു ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയവ എത്ര; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനങ്ങൾ നടത്തിയതെന്നുമുള്ള വിശദാംശം നൽകുമോ?

## അഴീക്കോട് മണ്ഡലത്തിലെ ജിംനേഷ്യം പദ്ധതി

1719 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ വൻകുളത്ത് വയലിൽ ആധുനിക ജിംനേഷ്യം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

## ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

1720 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടിട്ടുള്ള ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് സ്റ്റേഡിയം നിർമ്മാണത്തിൽ ഉൾപ്പെടുത്താൻ കഴിയുക; വിശദാംശം നൽകാമോ;

(സി) പ്രസ്തുത കളിസ്ഥല നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

## സംസ്ഥാന സിവിൽ സർവ്വീസ് ടൂർണമെന്റ്

1721 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കായി സംഘടിപ്പിക്കുന്ന സംസ്ഥാന സിവിൽ സർവ്വീസ് ടൂർണമെന്റിൽ ഏതൊക്കെ വിഭാഗം ജീവനക്കാരാണ് പങ്കെടുക്കുന്നതെന്ന് വകുപ്പ് തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജീവനക്കാർ ഈ ടൂർണ്ണമെന്റിൽ മത്സരിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ, ടൂർണമെന്റ് സംഘടിപ്പിക്കുന്നതിനും സെലക്ഷനുമായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയിൽ സെക്രട്ടേറിയറ്റ് സ്പോർട്സ് അസോസിയേഷൻ ക്ലബിന്റെ പ്രതിനിധിയെ മാത്രം ഉൾപ്പെടുത്തിയിരിക്കുന്നത് ഏത് മാനദണ്ഡമനുസരിച്ചാണെന്ന് വ്യക്തമാക്കുമോ;

(ഡി) സമാനമായ മറ്റ് വകുപ്പുകളിലെ ജീവനക്കാരുടെ സ്പോർട്സ് സംഘടനാ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## മഞ്ചേശ്വരം നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഭൂമി കൈമാറ്റം

1722 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള കൊയ്പ്പാടി കടപ്പുറം ഗവ. എൽ.പി. സ്കൂളിലെ അടിസ്ഥാന ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനും കൂടുതൽ ഭൂമി ആവശ്യമായി വന്നതിനാൽ സ്കൂളിനോട് ചേർന്നുള്ളതും വെറുതെ കിടക്കുന്നതുമായ, ഫിഷറീസ് വകുപ്പിന്റെ ഭൂമി മത്സ്യത്തൊഴിലാളികളുടെ മക്കൾ മാത്രം പഠിക്കുന്ന പ്രസ്തുത സ്കൂളിന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സ്കൂളിന് പ്രസ്തുത ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ അധികൃതർ മഞ്ചേശ്വരം എം. എൽ. എ. മുഖേന നൽകിയ നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനം

1723 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ;

(ബി) ഫ്ലാറ്റ് സമുച്ചയം മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗയോഗ്യമാക്കുന്നതിന് നിലവിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തൊക്കെ; ഇതിനായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) തോട്ടപ്പള്ളി മത്സ്യ ബന്ധന തുറമുഖത്തേയ്ക്കുള്ള റോഡ് നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോ; എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ പകർപ്പ് ലഭ്യമാക്കാമോ; പദ്ധതി നടപ്പാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

**പുനർഗേഹം പദ്ധതി**

1724 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർ ഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പളയിൽ മത്സ്യതൊഴിലാളികൾക്കായി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

**ഉൾനാടൻ മത്സ്യമേഖല ശക്തിപ്പെടുത്തൽ**

1725 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമ്പത്തിക ഭാവിക്ക് ഉൾനാടൻ മത്സ്യമേഖല നൽകുന്ന ഉത്തേജനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യതക്കുറവ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമായി കണ്ടെത്തിയിട്ടുണ്ടോ;

(സി) നല്ലയിനം മത്സ്യവിത്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും നിലവിലുള്ള ഹാച്ചറികൾ, നഴ്സറികൾ, ഫിഷ്ഫാമുകൾ എന്നിവ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

**പുനർഗേഹം പദ്ധതി**

1726 **ശ്രീ സജി ചെറിയാൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ തീരസംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) അപകടമേഖലയിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി

പുനരധിവസിപ്പിക്കാൻ ആവിഷ്കരിച്ചിട്ടുള്ള പുനർഗേഹം പദ്ധതിയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ എത്ര കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിൽ എത്ര കുടുംബങ്ങൾ മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

## <u>സമുദ്ര മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ്</u>

1727 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമുദ്ര മത്സ്യ ഉല്പാദനത്തിൽ ഈ സർക്കാരിന്റെ കാലത്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സമുദ്ര മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) മത്തിയുടെ ഉല്പാദനത്തിൽ വൻവർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് കേരളത്തിന്റെ ഏത് തീരമേഖലയിലാണെന്ന് വിശദമാക്കുമോ?

## <u>മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി</u>

1728 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന്റെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിന്റെയും ഭാഗമായി മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ എത്ര വീതമാണ് കേന്ദ്ര സംസ്ഥാന വിഹിതമെന്ന് അറിയിക്കുമോ;

(സി) ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## <u>മത്സ്യസമ്പത്തിന്റെ ലഭ്യത വർധിപ്പിക്കൽ</u>

1729 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ മത്സ്യ സമ്പത്തിന്റെ ലഭ്യത സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യ സമ്പത്ത് വലിയ രീതിയിൽ കുറയുന്ന സാഹചര്യത്തിൽ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രകൃതിദത്ത പാരുകൾക്ക് സമീപം ജി.പി.എസ്. സഹായത്തോടെ നിർമ്മിക്കുന്ന കൃത്രിമ പാരുകൾ ഇക്കാര്യത്തിൽ വേണ്ടത്ര പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

വിശദമാക്കാമോ;

(ഡി) കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിന്റെ ഈ സാമ്പത്തിക വർഷത്തെ പുരോഗതി അറിയിക്കുമോ?

**<u>ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>**

1730 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ഉൾനാടൻ മേഖലയിലെ മത്സ്യ ലഭ്യത കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പുഴകൾ, തോടുകൾ, ഡാമുകൾ ഉൾപ്പെടെ ഉള്ള മറ്റു ജലാശയങ്ങളിൽ കൂടുതൽ നാടൻ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ നടപടി ഉണ്ടാകുമോ; വിശദമാക്കാമോ?

**<u>കണ്ണൂർ മണ്ഡലത്തിലെ തെക്കി ബസാറിലെ വഖഫ് ബോർഡിന്റെ സ്ഥലം</u>**

1731 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ തെക്കി ബസാറിലെ വഖഫ് ബോർഡിന്റെ സ്ഥലം കൈയ്യേറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**<u>വഖഫ് ബോർഡിൽ നിന്നുള്ള വിവാഹ ധനസഹായം</u>**

1732 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വഖഫ് ബോർഡിൽ നിന്നും നൽകി വരുന്ന മുസ്ലിം പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം കഴിഞ്ഞ നാലു വർഷമായി വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര അപേക്ഷകളിന്മേലാണ് നടപടി സ്വീകരിക്കേണ്ടതായിട്ടുള്ളത്; ഈ ധനസഹായത്തിനായി എന്ത് തുക വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ;

(സി) 2018 ജനുവരി മുതൽ മറ്റു ധന സഹായങ്ങൾക്കുള്ള അപേക്ഷകളും ഇതുപോലെ കെട്ടികിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ എന്നത്തേക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

**<u>വലപ്പാട് കോതകുളം മിനി ഹാർബർ</u>**

1733 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ വലപ്പാട് കോതകുളം മിനി ഹാർബർ നിർമ്മാണത്തിന് മുന്നോടിയായി ഇൻവസ്റ്റിഗേഷൻ നടത്തുന്നതിനായുള്ള പദ്ധതി രേഖ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇൻവസ്റ്റിഗേഷൻ നടപടിക്കായി എഴുപത് ലക്ഷം രൂപ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്ന് അനുവദിച്ച് പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) വലപ്പാട് കോതകുളം എന്ന സ്ഥലം മിനി ഹാർബർ നിർമ്മിക്കുന്നതിന് ഏറ്റവും മാതൃകാപരമായ സ്ഥലമാണെന്ന റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടുണ്ടോ;

(ഡി) വാർഷിക ബഡ്ജറ്റിലോ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്ലാൻ ഫണ്ടിലോ ഉൾപ്പെടുത്തി വലപ്പാട് മിനി ഹാർബർ നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## അജാനൂർ ഫിഷിങ് ഹാർബർ

1734 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അജാനൂർ ഫിഷിങ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## ഹാർബർ നിർമ്മാണത്തിലെ അപാകത

1735 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ നിർമ്മാണത്തിലെ അപാകത കാരണം മുതലപ്പൊഴി ഹാർബറിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകുന്നതിനിടയിൽ 2022 സെപ്തംബർ മാസത്തിലടക്കം മുതലപ്പൊഴി മേഖലയിൽ അപകട മരണം സംഭവിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ;

(സി) ഹാർബർ നിർമ്മാണത്തിലെ അപാകത പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നും എന്തൊക്കെ നടപടികളാണ് തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(ഡി) ഹാർബറിൽ രൂപപ്പെട്ടിരിക്കുന്ന മണൽത്തിട്ടകൾ ഡ്രഡ്ജ് ചെയ്ത് നീക്കി മത്സ്യബന്ധന ബോട്ടുകളുടെ സഞ്ചാരം സുഗമമാക്കാനും അപകടങ്ങൾ ഒഴിവാക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വഖഫ് ബോർഡ് ക്ഷേമ പെൻഷൻ കുടിശ്ശിക

1736 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് ക്ഷേമ പെൻഷൻ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര പേർക്ക് എത്ര മാസത്തെ തുകയാണ് നൽകാനുള്ളത്; വ്യക്തമാക്കുമോ;

(ബി) വഖഫ് ബോർഡ് വഴിയുള്ള മറ്റ് ഏതെല്ലാം ധനസഹായങ്ങളാണ് കുടിശ്ശികയുള്ളത്; ഓരോ ഇനത്തിലും എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നൽകാനുണ്ട്; എന്തുകൊണ്ടാണ് യഥാസമയം തുക വിതരണം ചെയ്യാത്തതെന്ന് അറിയിക്കാമോ;

(സി) വഖഫ് ബോർഡിന് മതിയായ ഗ്രാന്റ് വകയിരുത്താത്തതാണ് ബോർഡിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആകെ എത്ര തുകയാണ് ക്ഷേമ പെൻഷനും ധനസഹായ വിതരണത്തിനുമായി ആവശ്യമായി വരുന്നത്; ഇതിൽ സർക്കാർ ഗ്രാന്റ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

## <u>ചെറായി ബീച്ചിലെ വഖഫ് ഭൂമിയുടെ കൈയ്യേറ്റം</u>

1737 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ എ കെ എം അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ചെറായി ബീച്ചിലെ 404.76 ഏക്കർ സ്ഥലം കോഴിക്കോട് ഫറൂക്ക് കോളേജിന് വേണ്ടി വഖഫ് ചെയ്തത്ആരാണ്; വഖഫ് ചെയ്തതിന്റെ ഉദ്ദേശം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് വഖഫ് ഭൂമിയാണെന്ന് ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ ഭൂമിയിൽ എത്ര കയ്യേറ്റക്കാരുണ്ട്; അവർ കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ അളവും ആരാണ് കൈവശപ്പെടുത്തിയിരിക്കുന്നതെന്ന വിവരവും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാർ നിയോഗിച്ച ജസ്റ്റിസ് നിസാർ ചെയർമാനും അഡ്വ. അബൂബക്കർ ചെങ്ങാട് സെക്രട്ടറിയുമായ വഖഫ് എൻക്വയറി കമ്മീഷൻ ഈ ഭൂമി വഖഫ് ഭൂമിയാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ;

(ഇ) 2019-ൽ പ്രസ്തുത ഭൂമി തിരിച്ചു പിടിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2022 മാർച്ചിൽ കൈയ്യേറ്റക്കാർക്ക് നോട്ടീസ് അയച്ചിട്ടുണ്ടോ;

(എഫ്) കൈയ്യേറ്റക്കാർക്ക് നികുതി അടയ്ക്കാനായി അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തീരുമാനം എടുത്തത് വഖഫ് യോഗ തീരുമാനമാണോ; പ്രസ്തുത തീരുമാനം മുഖ്യമന്ത്രിയുടെ തീരുമാനമാണ് എന്ന് പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്റർ</u>

1738 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 24.07.2018 തീയതിയിലെ മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 610/2018 -ാം നമ്പർ ഉത്തരവ് പ്രകാരം 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേക്കുള്ള വഴി, പാർക്കിംഗ് ഏരിയ എന്നിവയുടെ

നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി ഇനിയും പൂർത്തീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) മേൽ പ്രവൃത്തികൾക്കായി അക്വിസിഷൻ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് 13.03.2022 ൽ എം.എൽ.എ. സമർപ്പിച്ച പരാതിയിന്മേൽ 05.07.2022 ന് ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>കണ്ണൂർ അഴീക്കൽ ഫിഷിംഗ് ഹാർബർ</u>

1739 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അഴീക്കൽ ഫിഷിംഗ് ഹാർബർ വികസനത്തിനായുള്ള എസ്റ്റിമേറ്റ് പരിശോധന പൂർത്തിയായോ; എങ്കിൽ ഹാർബർ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന വിവരം അറിയിക്കുമോ;

(ബി) ഹാർബർ നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ?

## <u>ഫിഷിംഗ് ഹാർബറുകളുടെ വികസനം</u>

1740 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷിംഗ് ഹാർബറുകളുടെ വികസനത്തിനായി 2016 മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അറിയിക്കുമോ;

(ബി) തൃശ്ശൂർ ജില്ലയിലെ ഏക ഹാർബറായ ചേറ്റുവയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

## <u>അരൂർ മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

1741 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് വഴി 2021-22, 2022-23 വർഷങ്ങളിൽ അനുവദിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമെന്നും ആയതിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

അംഗീകരിച്ച തീയതി: 30-11-2022
എ എം ബഷീർ ,
സെക്രട്ടറി

<u>**പ്രത്യേക ശ്രദ്ധയ്ക്ക്:**</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക്

മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].